# എന്റെ മലയാളം

## ഭാഷാപരിപോഷണപരിപാടി

## ഗവേഷണ റിപ്പോർട്ട്

സ്റ്റേറ്റ് കൗൺസിൽ ഓഫ് എജ്യൂക്കേഷണൽ റിസർച്ച് & ട്രെയിനിങ്
(എസ്.സി.ഇ.ആർ.ടി), കേരളം

**2018**

# ആമുഖം

ഭാഷാപഠനം ശക്തിപ്പെടുത്തുന്നതിനായി നിരവധി കർമപദ്ധതികൾ എസ്.സി.ഇ.ആർ.ടി. ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു. മാതൃഭാഷയിൽ പ്രാവീണ്യം നേടുന്നതിലൂടെ പഠനം കാര്യക്ഷമമാക്കുകയാണ് വേണ്ടത്.

സെക്കണ്ടറി ക്ലാസുകളിലെ ഒരു വിഭാഗം വിദ്യാർഥികൾ മാതൃഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നതായി പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഇത് അവരുടെ പഠനനിലവാരത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് 'എന്റെ മലയാളം ഭാഷാപരിപോഷണ പരിപാടി' എന്ന പേരിൽ ഗവേഷണപദ്ധതിക്ക് എസ്.സി.ഇ.ആർ.ടി. രൂപംനൽകിയത്. സമാനമായ പദ്ധതികൾ സർവശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ 2016-17 അധ്യയനവർഷം പ്രൈമറി ക്ലാസുകളിൽ നടപ്പിലാക്കിയിരുന്നു. ആ അനുഭവങ്ങൾ കൂടി പരിഗണിച്ചുകൊണ്ടാണ് ഇത്തരമൊരു ഗവേഷണ പദ്ധതിക്ക് എസ്.സി.ഇ.ആർ.ടി. രൂപം നൽകിയത്.

ഗവേഷണപ്രവർത്തനത്തിൽ പങ്കാളികളായ എല്ലാ അധ്യാപകരോടും ഗവേഷകരോടും കൃതജ്ഞതയുണ്ട്. ക്ലാസ് റൂം അനുഭവങ്ങളുടെ വെളിച്ചത്തിലുള്ള കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മലയാള ഭാഷാപഠനം ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും വ്യാപിപ്പിക്കാൻ കഴിയുമെന്നു പ്രത്യാശിക്കുന്നു.

**ഡോ.ജെ. പ്രസാദ്**

എസ്.സി.ഇ.ആർ.ടി.

# പഠനസമിതി അംഗങ്ങൾ

**അക്കാദമിക്**

**കോഡിനേൽക്കത** : **ഡോ. പി.കെ.തിലക്**
(റിസർച്ച് ഓഫീസർ, എസ്. സി. ഇ. ആർ. ടി. കേരളം)
**പാർവതി സുധാകർ**
(ജൂനിയർ റിസർച്ച് ഫെലോ, എസ്. സി. ഇ. ആർ. ടി. കേരളം)

**മാർഗനിർദേശകർ** : **ഡോ. ടി. പി. കലാധരൻ**
(എസ്.എസ്.എ കൺസൽട്ടന്റ്)
**ഡോ. വി. പരമേശ്വരൻ**
(സീനിയർ ലക്ചറർ, ഡയറ്റ് മലപ്പുറം)
**കെ. പി. കൃഷ്ണദാസ്**
(ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലപ്പുഴ)

**അംഗങ്ങൾ:** **സന്തോഷ്കുമാർ കെ. കെ.**
(ലക്ചറർ, ഡയറ്റ് കണ്ണൂർ)
**ഡോ. ബിന്ദു ജോസഫ്**
(അസി. പ്രഫസർ, മലയാളം എജ്യുക്കേഷൻ, സെന്റ് ജോസഫ് കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ, എറണാകുളം)
**ഡോ. ബിന്ദു ടി. എസ്,**
(എച്ച്. എസ്. എസ്. ടി. ജൂനിയർ-ഇംഗ്ലീഷ്,
ഗവ. എച്ച്. എസ്. എസ് വെസ്റ്റ് കൊല്ലം)
**ജാബിർ കെ,**
(എച്ച്.എസ്.എ. മാത്സ്) ജി.എച്ച്.എസ്.എസ്. പള്ളിക്കര, കാസറഗോഡ്)
**സ്മിത അരവിന്ദ്**
(എച്ച്.എസ്.എ. മലയാളം, ഇ.എം.ജി.എച്ച്.എസ്.എസ്.വേളി, ഫോർട്ട്കൊച്ചി)
**ജി. രവി,**
ബി. ആർ.സി. പേരാമ്പ്ര, കോഴിക്കോട്
**ടി. ടി. പൗലോസ്,**
(ഗവ. യു. പി.എസ്. കറുകപ്പിള്ളി)
**ജി.ബാബു**
ബി.ആർ.സി. ട്രെയിനർ, ആലപ്പുഴ
**ബീന കെ.**
(ഗവേഷക, ചിദംബരം, മച്ചേൽ, മലയിൻകീഴ്)

**എഡിറ്റിംഗ്**

**കോർഡിനേറ്റർ** : **സുദർശനൻ എൽ.** (റിസർച്ച് ഓഫീസർ, എസ്. സി. ഇ. ആർ. ടി. കേരളം)

**അംഗങ്ങൾ** : **ഡോ.ജെ.ബി.രാജൻ,** അസ്സി. പ്രൊഫസർ, കില, തൃശൂർ
**സി.സുബ്രമണ്യൻ,** സീനിയർ ലക്ചറർ (റിട്ട.), ഡയറ്റ് മലപ്പുറം
**ബാബു.പി.പി.,** ജി.വി.എച്ച്.എസ്. & റ്റി.എച്ച്.എസ്. തോട്ടട, കണ്ണൂർ
**ശ്രീദേവി.ഡി.,** ജി.കെ.എസ്. ഗവ. വി.എച്ച്.എസ്.എസ്., വെള്ളനാട്
**സുജ.കെ.എസ്.,** ജി.ജി.എച്ച്.എസ്.എസ്. ആറ്റിങ്ങൽ

# ഉള്ളടക്കം


| ക്രമ നമ്പർ | അധ്യായം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | **1 - 10** |
| 2 | ഭാഷാപഠനം : അടിസ്ഥാനസിദ്ധാന്തങ്ങൾ | **11 - 16** |
| 3 | എന്റെ മലയാളം : മൊഡ്യൂൾ വിശകലനം | **17 – 26** |
| 4 | ദത്തങ്ങളുടെ വിശകലനവും അപഗ്രഥനവും | **27 - 70** |
| 5 | നിഗമനങ്ങളും നിർദേശങ്ങളും | **71 - 76** |

**i. ആധാരഗ്രന്ഥങ്ങൾ**

**ii. അനുബന്ധം**

a) ക്ലാസ്നിരീക്ഷണരേഖ

b) അധ്യാപകർക്കുള്ള ചോദ്യാവലി

# പട്ടികകൾ


| പട്ടിക | പേജ് നമ്പർ |
|---|---|
| പട്ടിക 1 : പഠനസാമ്പിൾ | 8 |
| പട്ടിക 3 : ക്ലാസ്റൂം പ്രവർത്തനങ്ങൾ | 26 |
| പട്ടിക 4.1 : ക്ലാസ് നിരീക്ഷണരേഖ | 29 |
| പട്ടിക 4.2 : കണ്ണൂർ വിദ്യാഭ്യാസജില്ലയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളും കുട്ടികളുടെ എണ്ണവും | 32 |
| പട്ടിക 4.3 : കട്ടപ്പന വിദ്യാഭ്യാസജില്ലയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളും കുട്ടികളുടെ എണ്ണവും | 32 |
| പട്ടിക 4.4 : ആലപ്പുഴ വിദ്യാഭ്യാസജില്ലയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളും കുട്ടികളുടെ എണ്ണവും | 33 |
| പട്ടിക 4.5 : പഠനത്തിൽ പങ്കെടുത്ത അധ്യാപകരുടെ എണ്ണം-വിദ്യാഭ്യാസജില്ല അടിസ്ഥാനത്തിൽ | 33 |
| പട്ടിക 4.6 : കുട്ടികളുടെ പഠനനിലവാരത്തിലുണ്ടായ പുരോഗതി | 35 |
| പട്ടിക 4.7 : രചനകളിൽ ഏർപ്പെടുമ്പോൾ പ്രകടമായ മാറ്റം | 39 |
| പട്ടിക 4.7.1 : ഇതര വിഷയങ്ങളുടെ പഠനത്തിൽ പ്രകടിപ്പിച്ച മികവ് | 39 |
| പട്ടിക 4.7.2 : സംഘപ്രവർത്തനങ്ങളിലെ ഇടപെടൽ | 40 |
| പട്ടിക 4.7.3 : ക്ലാസിലെ വാചികാവതരണങ്ങളിൽ പ്രകടിപ്പിച്ച മികവ് | 40 |
| പട്ടിക 4.7.4 : സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലുള്ള താൽപ്പര്യം | 41 |
| പട്ടിക 4.7.5 : പൊതുവായ വായനയിൽ പ്രകടിപ്പിച്ച താൽപ്പര്യം | 42 |

| | |
|---|---|
| പട്ടിക 4.7.6 : സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിൽ പ്രകടമായ മാറ്റം | 42 |
| പട്ടിക 4.8 : പ്രതികരണം ഏറ്റവും മികച്ചതാകുന്ന സന്ദർഭങ്ങൾ | 44 |
| പട്ടിക 4.8.1 : രചനകൾ കൂടുതൽ ആശയസമ്പുഷ്ടവും ഒഴുക്കുള്ളതുമായിത്തീരുന്ന സന്ദർഭങ്ങൾ | 45 |
| പട്ടിക 4.8.1 : കുട്ടികളുടെ ആത്മവിശ്വാസം ഉയർന്നതായി അനുഭവപ്പെട്ട സന്ദർഭങ്ങൾ | 46 |
| പട്ടിക 4.8.3 : സർഗാത്മകപ്രവർത്തനങ്ങളിൽ താൽപ്പര്യം പ്രകടിപ്പിക്കുന്ന സന്ദർഭങ്ങൾ | 47 |
| പട്ടിക 4.8.4 : കുട്ടികളുടെ നേതൃപാടവം പ്രകടമാകുന്ന സന്ദർഭങ്ങൾ | 48 |
| പട്ടിക 4.8.5 : പദ്ധതി ഉണ്ടാക്കിയ സ്വാധീനം | 49 |
| പട്ടിക 4.8.6 : സ്കൂളിലെ മറ്റ് അധ്യാപകരിലു (പ്രധാനാധ്യാപകർ ഉൾപ്പെടെ) ണ്ടാക്കിയ സ്വാധീനം | 50 |
| പട്ടിക 4.8.7 : രക്ഷിതാക്കളിലുണ്ടാക്കിയ സ്വാധീനം | 51 |
| പട്ടിക 4.8.8 : പദ്ധതിയിൽ ഉൾപ്പെടാത്ത മറ്റു കുട്ടികളിലുണ്ടായ സ്വാധീനം | 51 |
| പട്ടിക 4.9 : പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച വിശദാംശങ്ങൾ | 56 |
| പട്ടിക 4.9.1 : വാചിക പ്രകടനത്തിലെ നിലവാരം | 58 |
| പട്ടിക 4.9.2 : ലേഖനത്തിന്റെ നിലവാരം | 59 |
| പട്ടിക 4.9.3 : വായനയുടെ നിലവാരം | 61 |

## അധ്യായം - 1

## ആമുഖം

ആശയവിനിമയോപാധി എന്നതിനപ്പുറം ഭാഷ ഒരു ജനതയുടെ സ്വത്വ ബോധവും സംസ്കാരവും പ്രതിഫലിപ്പിക്കുന്നു. സാമൂഹികജീവിതത്തിൽ ക്രിയാത്മകമായി ഇടപെടാനും ലോകത്തിന്റെ ഗതിവിഗതികൾ തിരിച്ചറിയാനും മനുഷ്യരെ പ്രാപ്തരാക്കുന്നത് ഭാഷയാണ്. വിജ്ഞാന സ്വീകരണത്തിനും വിനിമയത്തിനും ഭാഷ അനിവാര്യമാണ്.

കുട്ടിയുടെ ഭാഷാവികാസം വൈജ്ഞാനികവികാസവുമായും ചിന്താശേഷിയുടെ വളർച്ചയുമായും ബന്ധപ്പെട്ടതാണ്. ഊഹിക്കുക, ഭാവനയിൽ കാണുക, പ്രവചിക്കുക, വിവരിക്കുക, വർണിക്കുക എന്നിങ്ങനെ പഠിതാവിന്റെ ചിന്താശേഷി ചടുലമായും സർഗാത്മകമായും ഉപയോഗപ്പെടുത്തുന്നതിന് അവസരം ലഭിക്കുന്ന പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ കുട്ടികൾക്ക് സാധിക്കണം. ഭാഷാപഠനത്തിലൂടെ കേട്ടു മനസ്സിലാക്കൽ, വായിച്ച് ആശയം ഗ്രഹിക്കൽ,ആസ്വദിക്കൽ, ആശയപ്രകാശനം ഫലപ്രദമാക്കുന്നതിനുള്ള രചനാതന്ത്രങ്ങൾ പരിചയപ്പെടൽ, സർഗാത്മകരചന, പദാവലിവികസനം, ഭാഷാപഠനത്തിൽ വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ തുടങ്ങിയ മേഖലകളിൽ മികവ് ആർജിക്കാനും നിലനിർത്താനുമുള്ള അവസരങ്ങൾ കുട്ടിക്ക് ഉറപ്പുവരുത്തേണ്ടതുണ്ട്.

ഭാഷാപഠനത്തെ സംബന്ധിച്ച് വ്യത്യസ്ത സമീപനങ്ങൾ സ്വീകരിച്ചുവരുന്നുണ്ട്. ചെറിയ ക്ലാസുകളിൽ ഭാഷ പഠിപ്പിക്കുന്നതിന് അക്ഷരാവതരണരീതി, പദാവതരണരീതി, വാക്യാവതരണരീതി, കഥാവതരണരീതി, ആശയാവതരണരീതി തുടങ്ങിയവ പലകാലങ്ങളിലായി വികസിച്ചുവന്നു. ഓരോന്നിന്റെയും പരിമിതികൾ മുറിച്ചുകടക്കുന്നതിന് ഭാഷാപഠനം സംബന്ധിച്ച പുതിയ കണ്ടെത്തലുകളുടെ വെളിച്ചത്തിൽ ബോധനശാസ്ത്രപരമായ അന്വേഷണങ്ങൾ നടക്കുകയുണ്ടായി.

തൊണ്ണൂറുകളുടെ അവസാനം ശിശുകേന്ദ്രീകൃത പാഠ്യപദ്ധതി നിലവിൽ വന്നു. ഭാഷാസമീപനം ജ്ഞാനനിർമിതിവാദ പ്രകാരമുള്ളതായി. ആശയാവതരണരീതി പിന്തുടരുന്ന പാഠപുസ്തകങ്ങൾ വികസിപ്പിച്ചു. ആശയാവതരണരീതിയിൽത്തന്നെ വ്യത്യസ്ത മാതൃകകൾ ലോകത്തുണ്ട്. കേരളം സ്വീകരിച്ച രീതി ആശയം - വാക്യം - പദം - അക്ഷരം - പുതിയ സന്ദർഭത്തിലെ പ്രയോഗം - ആശയം എന്നീ ക്രമത്തിലുള്ളതാണ്. പുതിയ സമീപനപ്രകാരം പഠിപ്പിച്ചിട്ടും ഇരുപതു ശതമാനത്തോളം കുട്ടികൾ നന്നായി എഴുതാനും വായിക്കാനും കഴി

യാത്തവരായിട്ടുണ്ട്. അതേസമയംതന്നെ ഭാഷയിൽ ഉയർന്ന നിലവാരം പ്രകടിപ്പിക്കുന്ന കുട്ടികളുടെ എണ്ണം ഗണ്യമായി വർധിച്ചു. സർഗാത്മകരചനയിൽ ഏർപ്പെടുന്നതിനും ആശയങ്ങൾ വ്യത്യസ്ത രീതികളിൽ ആവിഷ്കരിക്കുന്നതിനും കുട്ടികൾക്ക് സാധിച്ചു. കുട്ടികളുടെ സ്വയംപഠനശേഷി വർധിച്ചതോടെ കേരളത്തിലെ എല്ലാ പത്രങ്ങളും കുട്ടികൾക്കായി പഠനവിഭവങ്ങൾ പങ്കിടുന്ന പ്രത്യേക പേജുകൾതന്നെ ആരംഭിച്ചു. വിദ്യാലയങ്ങളിൽ വായനയുടെ സംസ്കാരം മുമ്പത്തേക്കാൾ വളർന്നുവന്നു.

ഭാഷാപഠനരീതി തുറന്നിടുന്ന സാധ്യതകൾ നിലനിർത്തി പരിമിതികൾ എങ്ങനെ തരണം ചെയ്യാം എന്ന ആലോചനകൾ പല രീതിയിൽ പല തലങ്ങളിൽ നടക്കുകയുണ്ടായി. കേവലം പരിഹാരബോധനം എന്ന നിലയിൽനിന്ന് ശിശുകേന്ദ്രീകൃതസമീപനത്തിന്റെ ശക്തമായ സാധ്യത ബോധ്യപ്പെടുത്തിക്കൊണ്ട്, കുട്ടികൾ വിരസതയില്ലാതെ മണിക്കൂറുകളോളം ഭാഷാപ്രവർത്തനങ്ങളിൽ മുഴുകുന്ന അനുഭവവും ഭിന്നനിലവാരക്കാർക്ക് പരിഗണനയും തത്സമയ പിന്തുണയും നൽകി നിരന്തര വിലയിരുത്തലിനു പുതുമാനം സ്വീകരിക്കുന്ന ഒരു പദ്ധതിയാണ് ഭാഷാപഠനപരിമിതികൾ നേരിടുന്ന കുട്ടികൾക്കായി വികസിപ്പിക്കേണ്ടത്. ഈ ലക്ഷ്യം മുന്നിൽ കണ്ടാണ് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി കേരളത്തിലെ സെക്കന്ററി ക്ലാസുകളിൽ 'എന്റെ മലയാളം' എന്ന പേരിൽ സവിശേഷ ഭാഷാപരിപോഷണപരിപാടി രൂപകൽപ്പന ചെയ്തത്. വിവിധ വിഷയങ്ങളുടെ പഠനം ഫലപ്രദമാകുന്നതിന് ഭാഷാജ്ഞാനവും ഭാഷാനൈപുണികളും അനിവാര്യമാണ്. സെക്കന്ററി ക്ലാസുകളിലെ കുട്ടികൾക്ക് ഭാഷയിൽ ശക്തമായ അടിത്തറയുണ്ടാക്കി മാതൃഭാഷ അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്നു എന്ന് ഉറപ്പുവരുത്തലാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

**പ്രസക്തിയും പ്രാധാന്യവും**

ഭാഷയുടെ ഓജസ്സും സൗന്ദര്യവും തിരിച്ചറിഞ്ഞ് സ്വതന്ത്രമായ ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുന്ന ഭാഷാപഠനാന്തരീക്ഷമാണ് ക്ലാസ്മുറിയിൽ ഉറപ്പുവരുത്തേണ്ടത്. അക്ഷരങ്ങൾ, ചിഹ്നങ്ങൾ, പദങ്ങൾ, പ്രയോഗങ്ങൾ, ശൈലികൾ മുതലായവ ആവശ്യാനുസരണം കൃത്യതയോടെയും സൂക്ഷ്മതയോടെയും ഉപയോഗിക്കാനുള്ള നൈപുണികളും പ്രാഥമികതലത്തിൽ വികസിച്ചുവരേണ്ടതാണ്.

ഭാഷ ആർജിക്കുന്നതിന് ക്ലാസ്മുറിയിൽ സ്വീകരിക്കുന്ന പൊതുസമീപനത്തിന്റെ ഗുണഫലം എല്ലാ കുട്ടികൾക്കും ഒരുപോലെ ഗുണം ചെയ്തു എന്നു വരില്ല. ഓരോ കുട്ടിയുടെയും പഠനപ്രശ്നങ്ങൾ വ്യത്യസ്തമായിരിക്കും. പല കാരണങ്ങൾകൊണ്ട് ഭാഷാപഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുറേ കുട്ടികളുണ്ട്. അടിസ്ഥാന ഭാഷാശേഷികളിലെ കുറവ്, സാമൂഹികവും ഗാർഹികവും

സാമ്പത്തികവുമായ കാരണങ്ങൾ, വ്യക്തിപരമായ ശ്രദ്ധയും പരിഗണനയും ലഭിക്കായ്മ, മറ്റു വിഷയങ്ങളിൽ മികവു പ്രകടിപ്പിക്കാൻ കഴിയാത്തതുമൂലമുള്ള ആത്മവിശ്വാസക്കുറവ് തുടങ്ങിയവ ഇതിനു കാരണമാകാം. എന്നാൽ കഴിവുകളുടെ കാര്യത്തിൽ അവർ ഒട്ടും പിന്നിലല്ല. അതിനാൽ പിന്നോക്കമായിപ്പോയ കുട്ടികളെ മുഖ്യധാരയിൽ എത്തിക്കാൻ ശക്തവും ശാസ്ത്രീയവുമായ പഠനതന്ത്രങ്ങൾ രൂപപ്പെടുത്തേണ്ടത് അനിവാര്യമാണ്. എഴുത്തിലും വായനയിലുമുള്ള പിന്നാക്കാവസ്ഥ പരിഹരിക്കാനുള്ള ഇടപെടലുകൾക്കൊപ്പം ഭാഷാപരമായ മറ്റ് അനുഭവങ്ങളിലൂടെയും ആത്മവിശ്വാസം ഉയർത്തണം. അതിനു സഹായകമായി സൂക്ഷ്മപ്രക്രിയ പാലിക്കുന്നതും പ്രതിദിനപിന്തുണ നൽകുന്നതുമായ പ്രവർത്തനരീതി വളർത്തിയെടുക്കേണ്ടതുണ്ട്.

'കുട്ടികൾ ഏർപ്പെട്ടിരിക്കുന്ന ജ്ഞാനനിർമാണ പ്രക്രിയയിൽ അധ്യാപകർ കൂടുതൽ സജീവമായ പങ്കുവഹിക്കുകയാണെങ്കിൽ അത് കുട്ടികളുടെ അറിവിനെ ശക്തിപ്പെടുത്തുന്നതായിരിക്കും. പഠനത്തിൽ വ്യാപൃതരായിരിക്കുന്ന കുട്ടികൾ സ്വന്തം അറിവ് നിർമിക്കുകയാണ് ചെയ്യുന്നത്. ഇത്തരത്തിലുള്ള എല്ലാ അറിവുകളും ബഹുമാനിക്കപ്പെടണം. അറിവും സംവേദനക്ഷമതയുമുള്ള ഒരു അധ്യാപിക ഇതിനെപ്പറ്റി ബോധവതിയായിരിക്കും. കുട്ടികളുടെ വികാസസാധ്യതകൾ സാക്ഷാൽക്കരിക്കാൻ സഹായിക്കുന്ന വിധം പ്രവർത്തനങ്ങൾ നൽകിയും ചോദ്യങ്ങൾ ചോദിച്ചും അവരെ നയിക്കാൻ ടീച്ചർക്ക് കഴിയും' എന്ന് എൻ.സി.എഫ്. (2005) പറയുന്നു.

ഈ വസ്തുതകൾ പരിഗണിച്ച് പഠനപ്രശ്നം പൂർണമായി പരിഹരിക്കാൻ ലക്ഷ്യമിട്ടുകൊണ്ടാണ് എസ്.സി.ഇ.ആർ.ടി. 'എന്റെ മലയാളം' ഭാഷാപരിപോഷണപദ്ധതി കേരളത്തിലെ സെക്കന്ററി വിദ്യാലയങ്ങളിൽ നടപ്പാക്കാൻ തീരുമാനിച്ചത്. മലയാളത്തിൽ മികവു പുലർത്താൻ കഴിയാത്തവർക്ക് അത് ആർജിക്കാനും കൂടുതൽ തിളങ്ങാനും മലയാളത്തിന്റെ കരുത്തു ബോധ്യപ്പെടാനും ഇതു വഴി സാധിക്കും. ഭാഷയിൽ ലയിച്ചും ആസ്വദിച്ചും ആത്മവിശ്വാസത്തോടെ മുന്നേറുന്ന കുട്ടികളും സമർപ്പിതചിത്തരായ അധ്യാപകരും പ്രചോദനാത്മകവും പ്രോത്സാഹനജനകവുമായ അന്തരീക്ഷവുമുള്ള ഭാഷാക്ലാസുകളാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്.

**എന്റെ മലയാളം - ഭാഷാപരിപോഷണപരിപാടി**

പ്രവർത്തനാധിഷ്ഠിതവും പ്രക്രിയാബന്ധിതവും പഠനം ഉറപ്പിക്കുന്നതുമായ പാഠ്യപദ്ധതിവിനിമയ സമീപനമാണ് 'എന്റെ മലയാളം' പരിശീലനപരിപാടിയുടെ കാതൽ. അവ പഠിതാവിന്റെ പ്രകൃതത്തിന് യോജിച്ചതും പഠനത്തോടൊപ്പം നിരന്തരവിലയിരുത്തലും ഒത്തുചേർന്നു പോകുന്നതുമാണ്. ജ്ഞാന

നിർമിതിവാദത്തിലധിഷ്ഠിതമായ പഠനരീതിയാണ് പാഠ്യപദ്ധതിയുടെ ആധാരം. പഠിതാവിന്റെ ആർജിതമായ അറിവിനെയും ആശയപരിസരത്തെയും പരിഗണിച്ചുകൊണ്ട് ഫലപ്രദമായ പഠനപ്രവർത്തനങ്ങൾ ഒരുക്കുന്നതിലൂടെ സ്വാഭാവികമായി അറിവ് നിർമിച്ചെടുക്കാൻ സാധിക്കും എന്നതാണ് ഈ കാഴ്ചപ്പാടിന്റെ പ്രത്യേകത. വ്യത്യസ്ത ജീവിതസാഹചര്യങ്ങളിൽനിന്നു വരുന്ന പഠിതാക്കളുടെ അറിവ്, കഴിവ്, താൽപ്പര്യം എന്നിവ വ്യത്യസ്തമായിരിക്കും. ഈ വൈവിധ്യം ഉൾക്കൊണ്ട് വ്യക്തിവ്യത്യാസത്തെയും ബഹുമുഖബുദ്ധിയെയും പരിഗണിച്ചുകൊണ്ട് പഠനാനുഭവങ്ങൾ ഒരുക്കുക എന്ന പാഠ്യപദ്ധ്യതി കാഴ്ചപ്പാടിലാണ് 'എന്റെ മലയാളം' പ്രവർത്തനപദ്ധതി ഒരുക്കിയിരിക്കുന്നത്.

പഠിതാവിന്റെ താൽപ്പര്യവും വികാസവും പരിഗണിച്ചുകൊണ്ട് വൈവിധ്യമാർന്ന പഠനപ്രവർത്തനങ്ങളിൽ പങ്കാളികളാക്കാൻ കഴിയുംവിധം ക്ലാസ്മുറി ക്രമീകരിക്കുകയും പഠനപ്രവർത്തനങ്ങൾ വിദ്യാർഥികേന്ദ്രീകൃതമാവുകയും ചെയ്യുക എന്നതും പാഠ്യപദ്ധതി വിഭാവനം ചെയ്യുന്ന പഠനാന്തരീക്ഷമാണ്. ഇക്കാര്യത്തിലും 'എന്റെ മലയാളം' സവിശേഷശ്രദ്ധ പുലർത്തിയിട്ടുണ്ട്.

പഠനവിഭവങ്ങളുടെ കാര്യത്തിൽ പാഠ്യപദ്ധതി മുന്നോട്ടുവയ്ക്കുന്ന ലൈബ്രറി, ഡിസ്പ്ലേ ബോർഡുകൾ, കമ്പ്യൂട്ടർലാബ്, മൾട്ടിമീഡിയ ഉപകരണങ്ങൾ എന്നിവയുടെ സാധ്യത ഫലപ്രദമായി പ്രയോജനപ്പെടുത്താൻ ഈ പ്രവർത്തനപദ്ധതിക്ക് കഴിഞ്ഞിട്ടുണ്ട്. ക്ലാസ്മുറിയിൽ എല്ലാ കുട്ടികളെയും ഉൾക്കൊള്ളുന്ന, ആരെയും പുറന്തള്ളാത്ത ഒരു പഠനാന്തരീക്ഷം സ്വീകരിക്കേണ്ടതുണ്ട്. എല്ലാ കുട്ടികൾക്കും പരിഗണനയും സഹായവും ശ്രദ്ധയും നൽകി നീതിപൂർവമായ ഗുണമേന്മാവിദ്യാഭ്യാസം (Equitable Quality Education) ഉറപ്പുവരുത്തുക എന്നത് കുട്ടിയുടെ വിദ്യാഭ്യാസ അവകാശനിയമത്തിൽ (RTE Act) ഉൾപ്പെട്ടതുമാണ്. ഈ വസ്തുതകൾ പരിഗണിച്ച് അടിസ്ഥാന ഭാഷാപഠന പ്രശ്നങ്ങൾ പൂർണമായി പരിഹരിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് എസ്.സി.ഇ.ആർ.ടി. 'എന്റെ മലയാളം ഭാഷാപരിപോഷണ പരിപാടി' എന്ന പേരിൽ ഒരു ഗവേഷണ മാതൃക വികസിപ്പിക്കാൻ തീരുമാനിച്ചു. ആലപ്പുഴ വിദ്യാഭ്യാസജില്ലയിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ നടത്തിയ പ്രവർത്തനങ്ങളിൽനിന്നാണ് ഇതു വികസിപ്പിച്ചത്.

കേരളത്തിലെ മൂന്നു വിദ്യാഭ്യാസജില്ലകളിൽ ഈ ഗവേഷണമാതൃക ട്രൈഔട്ട് ചെയ്യുകയുണ്ടായി. തുടർന്ന്, ഭാഷാപരമായി പിന്നാക്കാവസ്ഥ നേരിട്ട കുട്ടികളിൽ പ്രകടമായ മാറ്റങ്ങൾ, അവരിലുണ്ടായ പഠനപുരോഗതി തുടങ്ങിയവ വിശകലനം ചെയ്ത് പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തി.

**പഠനോദ്ദേശ്യങ്ങൾ**

- ഭാഷാപഠനത്തിൽ പിന്നാക്കമായകുട്ടികളുടെ പഠനപ്രശ്നങ്ങൾ തിരിച്ചറിയുക.
- ഭാഷാപിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള ഒരു പ്രവർത്തനപദ്ധതി തയാറാക്കുക.
- തയ്യാറാക്കിയ പ്രവർത്തനപദ്ധതിയുടെ പ്രായോഗികത ഉറപ്പു വരുത്തുക.
- നടപ്പിലാക്കിയ പ്രവർത്തനപദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തി പദ്ധതിയുടെ വ്യാപനത്തിന് ആവശ്യമായ ശുപാർശകൾ വികസിപ്പിക്കുക.

**രീതിശാസ്ത്രം**

'എന്റെ മലയാളം' പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു ഗവേഷണ മാതൃക വികസിപ്പിക്കുകയും അത് മൂന്നു വിദ്യാഭ്യാസ ജില്ലകളിൽ ട്രൈഔട്ട് നടത്തുകയും തുടർന്ന് തിരഞ്ഞെടുത്ത സ്കൂളുകളിൽ ഈ പദ്ധതിയുടെ ഫലപ്രാപ്തി പഠനം നടത്തുകയും ചെയ്തു.

**പ്രക്രിയ**

മൂന്നു ഘട്ടങ്ങളിലായാണ് ഈ പദ്ധതി നടപ്പാക്കിയത്- ഗവേഷണമാതൃക വികസിപ്പിക്കൽ, ട്രൈഔട്ട്, ഫലപ്രാപ്തിപഠനം.

1. ഗവേഷണമാതൃക വികസിപ്പിക്കൽ - എന്റെ മലയാളം മൊഡ്യൂൾ

ഹൈസ്കൂൾതലത്തിൽ ഭാഷാപഠനത്തിൽ പിന്നാക്കാവസ്ഥ അനുഭവിക്കുന്ന കുട്ടികൾക്ക് യോജ്യവും പ്രായോഗികവുമായ പഠനതന്ത്രങ്ങളാണ് 'എന്റെ മലയാളം' എന്ന ഗവേഷണമാതൃകയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അധ്യാപകർക്കുള്ള കൈപ്പുസ്തകമായിട്ടാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഭാഷണം, വായന, എഴുത്ത് എന്നിവയുടെ വിവിധ തലങ്ങളിൽ കുട്ടികൾ മികവു തെളിയിക്കുക, പാഠങ്ങൾ വിശകലനം ചെയ്യാനും പൊതുവായ ചർച്ചകളിൽ സ്വന്തം നിലപാടുകൾ വ്യക്തമാക്കാനും സർഗാത്മക മികവുകൾ മെച്ചപ്പെടുത്താനും കഴിയുക എന്നിങ്ങനെ സെക്കന്ററി തലത്തിലെ വിദ്യാർഥികളെ ഭാഷയുടെ കരുത്തുറ്റ ഉടമകളാക്കുക എന്ന ലക്ഷ്യത്തോടുകൂടിയുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മൊഡ്യൂൾ അനുബന്ധം IVൽ ചേർക്കുകയും വിശകലനം അധ്യായം മൂന്നിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

2. ട്രൈഔട്ട്

ആലപ്പുഴ വിദ്യാഭ്യാസജില്ലയിലെ എട്ടു വിദ്യാലയങ്ങളിലാണ് ഒന്നാം ഘട്ട ട്രൈഔട്ട് ക്ലാസുകൾ നടത്തിയത്. കേരളത്തിന്റെ വിവിധ ജില്ലകളിൽനിന്നുള്ള റിസോഴ്സ് അധ്യാപകർ നേതൃത്വം നൽകി. ഒരു വിദ്യാലയത്തിൽ രണ്ട് റിസോഴ്സ് അധ്യാപകരാണ് ക്ലാസെടുത്തത്. പ്രവർത്തനാസൂത്രണത്തിൽ സൂചി പ്പിച്ചതുപോലെ പ്രവർത്തനങ്ങൾ കൃത്യമായും ചിട്ടയായും അധ്യാപകർക്ക് ബോധ്യപ്പെട്ടു. രണ്ടാംദിവസത്തെ ക്ലാസ് പി.ടി.എ.യും അഞ്ചാം ദിനത്തിലെ വിദ്യാലയ കൂടിയിരുപ്പും ഫലപ്രദമായി നടത്തി.

ഈ ട്രൈഔട്ടിന്റെ ഫലങ്ങൾ വിശദമായി വിലയിരുത്തുകയും ശക്തി ദൗർബല്യങ്ങൾ തിരിച്ചറിയുകയും ചെയ്തതിന്റെ വെളിച്ചത്തിലാണ് കണ്ണൂർ, ആലപ്പുഴ, കട്ടപ്പന വിദ്യാഭ്യാസജില്ലകളിൽ പദ്ധതി നടപ്പാക്കിയ ഒന്നാം ഘട്ട പ്രവർത്തനത്തിൽ പങ്കെടുത്ത റിസോഴ്സ് അധ്യാപകരെ മൂന്നു മേഖലാഗ്രൂപ്പുക ളാക്കി വിദ്യാഭ്യാസജില്ലാതലത്തിൽ നേതൃത്വം നൽകാൻ നിയോഗിച്ചു. അതത് വിദ്യാഭ്യാസജില്ലകളിലെ മുഴുവൻ ഹൈസ്കൂളുകളെയും പദ്ധതിയിൽ ഉൾപ്പെടു ത്തി. പൊതുവായ ഒരു പ്രവർത്തനക്രമം ആവിഷ്കരിച്ച് അതിന്റെ അടിസ്ഥാന ത്തിലാണ് മൂന്നു വിദ്യാഭ്യാസജില്ലകളിലും പരിപാടികൾ ക്രമീകരിച്ചത്.

തിരഞ്ഞെടുത്ത ഒരു വിദ്യാലയത്തിൽ റിസോഴ്സ് അധ്യാപകരുടെ നേതൃ ത്വത്തിൽ തുടർച്ചയായ രണ്ടു ദിവസം ട്രൈഔട്ട് ക്ലാസുകൾ നടത്തി. പ്രീ ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത 20 കുട്ടികളാണ് പങ്കെടുത്തത്. വിദ്യാഭ്യാസജില്ലയിലെ ഓരോ ഹൈസ്കൂളിൽനിന്നും രണ്ട് അധ്യാപകർ വീതം നിരീക്ഷകരായി പങ്കെടുത്തു. ഓരോ ദിവസവും നാലുമുതൽ അഞ്ചുമണിവരെ അതത് ദിവസത്തെ പാഠങ്ങൾ, പഠനതന്ത്രങ്ങൾ, മികവുകൾ, പിഴവുകൾ എന്നിവ ചർച്ച ചെയ്യുകയും വ്യക്തത വരുത്തുകയും ചെയ്തു. രണ്ടാം ദിവസം 3 മണി മുതൽ 4 വരെ (2 മുതൽ 3 വരെ രക്ഷിതാക്കളുടെ ക്ലാസ് നിരീക്ഷണം) രക്ഷിതാക്കളുമായി ആശയവിനിമയം നടത്തി കുട്ടികളെ സംബന്ധിച്ച്, അവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ് ചർച്ചയിൽ വന്നത്. എങ്ങനെയെല്ലാമാണ് വീട്ടിൽ പഠനാന്തരീക്ഷം ഒരുക്കേണ്ടതെന്നും അതിന് രക്ഷിതാക്കൾ എന്തെല്ലാം കാര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതുണ്ടെന്നും വിശദമായി ചർച്ചചെയ്തു. 'അമ്മയോട് സ്നേഹപൂർവം' എന്ന ചർച്ചാരേഖ ഇതിന് സഹായകമായി.

മൂന്നാംദിവസം മുതൽ പങ്കാളികളായ അധ്യാപകർ അവരവരുടെ വിദ്യാല യങ്ങളിൽ 'എന്റെ മലയാളം' പ്രവർത്തന മൊഡ്യൂളിലെ പ്രവർത്തനങ്ങൾ ആദ്യം മുതൽ ചെയ്തു. ട്രൈഔട്ട് ക്ലാസിൽ അനുവർത്തിച്ച രീതിശാസ്ത്രം തന്നെയാണ് പിന്തുടർന്നത്. ഇടക്കാല വിലയിരുത്തൽ പ്രവർത്തനം അഞ്ചാം

ദിവസം നടത്തി. കഴിഞ്ഞ രണ്ടു ദിവസങ്ങളിലുണ്ടായ പ്രയാസങ്ങൾ അധ്യാപകർപൊതുവായി ചർച്ചചെയ്യുകയും സംശയനിവാരണം വരുത്തുകയും ചെയ്തു.

വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ ഡയറ്റ് ഫാക്കൽറ്റി അംഗങ്ങൾ അടങ്ങിയ ടീം വിദ്യാലയങ്ങൾ സന്ദർശിച്ച് പുരോഗതി വിലയിരുത്തി. ഈ സന്ദർശനങ്ങൾ മുഴുവൻ വിദ്യാലയത്തിന്റെയും പിന്തുണ ഉറപ്പുവരുത്താൻ ഏറെ സഹായകമായിട്ടുണ്ട്. അതത് മേഖലകൾ കേന്ദ്രീകരിച്ച് രൂപീകരിച്ച വാട്സ്ആപ്പ് ഗ്രൂപ്പുകൾ പ്രവർത്തനങ്ങൾ പരസ്പരം കൈമാറുന്നതിനും സംശയദൂരീകരണത്തിനും സാമഗ്രികളുടെ കൈമാറ്റത്തിനും വളരെയേറെ സഹായകമായി.

ട്രൈഔട്ടിനുശേഷം കുട്ടികളിൽ ഉണ്ടായ മാറ്റം അറിയാനും പദ്ധതിയെ സംബന്ധിച്ച അധ്യാപകരുടെ പ്രതികരണം അറിയാനും റിസോഴ്സ് അധ്യാപകർ സ്കൂളുകളിൽ എത്തുകയും അധ്യാപകരിൽനിന്നു വിവരശേഖരണം നടത്തുകയും കുട്ടികളിലുണ്ടായ മാറ്റം നേരിട്ട് വിലയിരുത്തുകയും ചെയ്തു.

3. ഫലപ്രാപ്തിപഠനം

'എന്റെ മലയാളം' ഭാഷാപരിപോഷണ പദ്ധതിയുടെ ട്രൈഔട്ട് നടത്തിയ ഘട്ടത്തിൽ അനുഭവപ്പെട്ട പ്രശ്നങ്ങളും പോരായ്മകളും പരിഹരിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തിയ പ്രവർത്തന മൊഡ്യൂൾ തിരഞ്ഞെടുത്ത വിദ്യാഭ്യാസജില്ലകളിലെ വിദ്യാലയങ്ങളിൽ നടപ്പിലാക്കി. ഈ പദ്ധതിയുടെ ഫലപ്രാപ്തി പഠിക്കുന്നതിനായി പ്രസ്തുത വിദ്യാഭ്യാസജില്ലകളിലെ തിരഞ്ഞെടുത്ത വിദ്യാലയങ്ങളിൽനിന്നുള്ള അധ്യാപകർ, ക്ലാസുകൾക്ക് നേതൃത്വം നൽകിയ റിസോഴ്സ് അധ്യാപകർ എന്നിവരുടെ അഭിപ്രായങ്ങളും നിരീക്ഷണങ്ങളും ചോദ്യാവലിയിലൂടെ ശേഖരിച്ചു. കുട്ടികളുടെ പഠനപുരോഗതി വിലയിരുത്താൻ അവരുടെ പ്രകടനങ്ങൾ നിരീക്ഷിക്കുകയും നോട്ട്ബുക്കുകൾ, പഠനോൽപ്പന്നങ്ങൾ എന്നിവ ശേഖരിച്ചു വിലയിരുത്തുകയും ചെയ്തു.

**പഠനസാമ്പിൾ**

കണ്ണൂർ, കട്ടപ്പന, ആലപ്പുഴ വിദ്യാഭ്യാസജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. പദ്ധതിയിൽ പങ്കെടുത്ത സ്കൂളുകൾ, വിദ്യാർഥികൾ, അധ്യാപകർ എന്നിവരുടെ എണ്ണം വിദ്യാഭ്യാസജില്ലാ അടിസ്ഥാനത്തിൽ പട്ടിക 1 ൽ ചേർക്കുന്നു.

പട്ടിക 1

**പഠനസാമ്പിൾ**

| ക്രമ നമ്പർ | വിദ്യാഭ്യാസജില്ല | പ്രവർത്തനത്തിലെ പങ്കാളിത്തം | | |
|---|---|---|---|---|
| | | സ്കൂളുകൾ | വിദ്യാർഥികൾ | അധ്യാപകർ |
| 1. | കണ്ണൂർ | 36 | 720 | 72 |
| 2. | കട്ടപ്പന | 40 | 800 | 80 |
| 3. | ആലപ്പുഴ | 46 | 920 | 92 |
| ആകെ | | 122 | 2440 | 244 |

**പഠനസംഘം**

പഠനം നടത്തിയ വിദ്യാഭ്യാസജില്ലയുടെ ചുമതലയുള്ള ഒരു ഡയറ്റ് ഫാക്കൽറ്റി ജില്ലാ കോഡിനേറ്ററായി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. മൊഡ്യൂൾ തയാറാക്കിയ സംഘത്തിലെ അംഗങ്ങൾ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, റിസോഴ്സ് അധ്യാപകർ എന്നിവർ അടങ്ങുന്ന ടീം ഫീൽഡിൽനിന്നു വിവരങ്ങൾ ശേഖരിച്ചു.

**പഠനോപാധികൾ**

'എന്റെ മലയാളം' പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്തുന്നതിനായി ഉപയോഗിച്ച പഠനോപാധികളും വിശദാംശങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

- പ്രീ-ടെസ്റ്റ്
- എന്റെ മലയാളം മൊഡ്യൂൾ
- പോസ്റ്റ് ടെസ്റ്റ്
- ക്ലാസ് നിരീക്ഷണരേഖ
- അധ്യാപകർക്കുള്ള ചോദ്യാവലി
- റിസോഴ്സ് അധ്യാപകർക്കുള്ള ചോദ്യാവലി
- കുട്ടികളുടെ പഠനോല്പന്നങ്ങൾ

- പ്രീ-ടെസ്റ്റ്

ഭാഷാപരമായി പിന്നാക്കംനിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഭാഷാപരി പോഷണ പ്രവർത്തനങ്ങൾ നൽകുന്നതിനായി പ്രീ–ടെസ്റ്റ് നൽകി. ഭാഷാ പരമായി കുട്ടികളുടെ നിലവാരം എത്രത്തോളം ഉണ്ട് എന്നറിയുകയായിരുന്നു ലക്ഷ്യം. പാഠങ്ങൾ വിശകലനം ചെയ്യാൻ അവസരം നൽകിയും ചിത്രീകരണ ങ്ങളുടെ അടിസ്ഥാനത്തിൽ കുറിപ്പുകൾ തയാറാക്കിയും രചനകളുടെയും അവ തരണങ്ങളുടെയും അടിസ്ഥാനത്തിലും ഭാഷാപരമായി കുട്ടികളുടെ നിലവാരം വിലയിരുത്തി.

- എന്റെ മലയാളം മൊഡ്യൂൾ

ഭാഷ പഠനത്തിലെ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടാണ് 'എന്റെ മലയാളം' മൊഡ്യൂൾ തയാ റാക്കിയിട്ടുള്ളത്. സെക്കന്ററി വിദ്യാർഥികളുടെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് പ്രവർത്തനപദ്ധതി മുന്നോട്ടുവയ്ക്കുന്ന പഠനരീതി, പ്രവർത്തനം നടക്കുന്ന ക്ലാസ്മുറിയിൽ രൂപപ്പെടുന്ന പഠനാന്തരീക്ഷം, ഉപയോഗിച്ചിരിക്കുന്ന പാഠങ്ങൾ, പ്രവർത്തനം നൽകുന്നതിനായി ചെയ്യുന്ന ആസൂത്രണം, പ്രവർത്തനങ്ങളുടെ വിലയിരുത്തൽരീതി, വിജയത്തിനായി രക്ഷിതാക്കൾക്ക് പ്രവർത്തനപദ്ധതിയിൽ നൽകിയ പങ്ക്, അവരുടെ പിന്തുണ എന്നീ മേഖലകൾ പരിഗണിച്ചാണ് മൊഡ്യൂൾ തയാറാക്കിയിട്ടുള്ളത്.

- പോസ്റ്റ്- ടെസ്റ്റ്

അഞ്ചുദിവസത്തെ തുടർച്ചയായ പരിശീലനത്തിനുശേഷം ഭാഷാപ രമായി കുട്ടിക്കുണ്ടായ മാറ്റം വിലയിരുത്തുന്നതിനായി പോസ്റ്റ് ടെസ്റ്റ് നടത്തി.

- ക്ലാസ്നിരീക്ഷണ രേഖ

ക്ലാസ്റൂം പ്രവർത്തനങ്ങൾ, കുട്ടികളുടെ പങ്കാളിത്തം, ക്ലാസ് വിജയിപ്പിക്കുന്ന തിൽ റിസോഴ്സ് അധ്യാപകരുടെ പങ്ക്, സംഘാടനം, സ്കൂൾ അധികൃതരുടെ സഹകരണം, പദ്ധതിയുടെ ഫലപ്രാപ്തി എന്നീ സൂചകങ്ങളെ അടിസ്ഥാന മാക്കിയുള്ള ക്ലാസ് നിരീക്ഷണമാണ് നടത്തിയത്.

- അധ്യാപകർക്കുള്ള ചോദ്യാവലി

'എന്റെ മലയാളം' ഭാഷാപോഷണപരിപാടിയുടെ നിർവഹണത്തെ തുടർന്ന്, പ്രവർത്തനത്തിൽ പങ്കെടുത്ത അധ്യാപകർക്ക് പദ്ധതിയുടെ ഫലപ്രാപ്തിയെക്കുറിച്ച് തങ്ങളുടെ പ്രതികരണങ്ങളും അഭിപ്രായങ്ങളും നിർദേശങ്ങളും അറിയിക്കാൻ ചോദ്യാവലി നൽകുകയുണ്ടായി .

ചോദ്യാവലിയിൽ തങ്ങളുടെ അടിസ്ഥാനവിവരങ്ങൾ, പരിശീലനത്തെ സംബന്ധിച്ച പൊതുവിവരങ്ങൾ എന്നിവയ്ക്കൊപ്പം വിവിധ മേഖലകളിൽ കുട്ടികൾ കൈവരിച്ച മികവിനെ സംബന്ധിച്ച് അധ്യാപകർക്കുള്ള അഭിപ്രായ ങ്ങൾ, നിർദേശങ്ങൾ, വിലയിരുത്തലുകൾ എന്നിവ വസ്തുനിഷ്ഠമായും സ്വത ന്ത്രമായും രേഖപ്പെടുത്തുന്നതിനു വേണ്ട ഇനങ്ങളും ഉൾപ്പെടുത്തിയിരുന്നു. പൊതുവിവരങ്ങൾ, പഠനനിലവാരത്തിലുണ്ടായ പുരോഗതി, കുട്ടികളിലുണ്ടായ മാറ്റങ്ങൾ, പദ്ധതിയുടെ ഫലപ്രാപ്തി എന്നിവയ്ക്കൊപ്പം പഠനപുരോഗതിയു മായി ബന്ധപ്പെട്ട അനുഭവം, അധ്യാപകന്റെ വ്യക്തിപരമായ അനുഭവങ്ങൾ, നിരീക്ഷണങ്ങൾ എന്നിവയും അറിയിക്കാൻ അവസരം നൽകുന്ന ഇനങ്ങളാണു ചോദ്യാവലിയിൽ ഉൾപ്പെടുത്തിയത്.

- റിസോഴ്സ് അധ്യാപകർക്കുള്ള ചോദ്യാവലി

എന്റെ മലയാളം ഭാഷാപരിപോഷണ പദ്ധതിയുടെ ഫലപ്രാപ്തി പഠിക്കുന്നതിനായി റിസോഴ്സ് അധ്യാപകർക്ക് ചോദ്യാവലി നൽകി വിവരശേഖരണം നടത്തി. ചോദ്യാവലിയിൽ പൊതുവിവരങ്ങൾക്കു പുറമെ രണ്ടു ഭാഗങ്ങൾ കൂടി ഉൾപ്പെടുത്തി. ആദ്യഭാഗത്ത് പദ്ധതിയുടെ തുടക്കത്തിൽ ഉണ്ടാ യിരുന്ന കുട്ടികളുടെ എണ്ണം, ക്ലാസ് സന്ദർശിച്ചപ്പോഴത്തെ കുട്ടികളുടെ എണ്ണം, പ്രവർത്തനങ്ങളോടു ഫലപ്രദമായി പ്രതികരിച്ച കുട്ടികളുടെ എണ്ണം, കൂടുതൽ ശ്രദ്ധ ആവശ്യമാണെന്ന് കണ്ടെത്തിയ കുട്ടികളുടെ എണ്ണം, പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ അധ്യാപകരുടെ എണ്ണം എന്നീ പ്രസക്തവിവരങ്ങൾ ഉൾക്കൊള്ളിച്ചു. രണ്ടാം വിഭാഗത്തിൽ വാചികപ്രകടന നിലവാരം, ലേഖന ത്തിന്റെ നിലവാരം, വായനയുടെ നിലവാരം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി. മൂന്നാം ഭാഗം റിസോഴ്സ് അധ്യാപകരുടെ സ്വതന്ത്രമായ അഭിപ്രായപ്രകടന ത്തിന് അവസരം കൊടുത്തുകൊണ്ട് കുട്ടികളുടെ പഠനപുരോഗതി സംബ ന്ധിച്ച നിരീക്ഷണങ്ങൾ, അധ്യാപകരിൽ പ്രകടമായ മാറ്റം സംബന്ധിച്ച നിരീ ക്ഷണങ്ങൾ, അധ്യാപകരെ സജീവമാക്കുന്നതിന് പിന്തുണ ആവശ്യമായ മേഖല കൾ സംബന്ധിച്ച നിരീക്ഷണങ്ങൾ, കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുന്നതിൽ ഇനി നടത്തേണ്ട ഇടപെടലുകൾ, പദ്ധതി ശക്തിപ്പെടുത്തുന്നതിനുള്ള പൊതു നിർദേശങ്ങൾ എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി.

- കുട്ടികളുടെ പഠനോൽപ്പന്നങ്ങളുടെ വിശകലനം

'എന്റെ മലയാളം' പദ്ധതിയുമായി ബന്ധപ്പെടുത്തി നൽകിയ പ്രവർത്തനങ്ങ ളുടെ ഭാഗമായി കുട്ടികൾ രൂപപ്പെടുത്തിയ പഠനോൽപ്പന്നങ്ങൾ ശേഖരിക്കുകയും വിശകലനം ചെയ്യുകയും ചെയ്തു.

അധ്യായം– 2

## ഭാഷാപഠനം -അടിസ്ഥാനസിദ്ധാന്തങ്ങൾ

സാമൂഹികജീവിതത്തിന്റെ കെട്ടുറപ്പിനും പരസ്പരബന്ധങ്ങൾക്കുമെല്ലാം നിദാനമായി വർത്തിക്കുന്ന ഏറ്റവും പ്രധാന പ്രക്രിയയാണ് ആശയവിനിമയം. ഇവയിൽ ഏറ്റവും പ്രധാനമായത് ഭാഷയാണ്. ഭാഷയുടെ വിനിമയം, സ്വീകരണം എന്നിവ സംബന്ധിച്ചെല്ലാം നിരവധി സിദ്ധാന്തങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. നിത്യജീവിതത്തിൽ ഭാഷാപഠനത്തിന്റെ പ്രാധാന്യം ചെറുതല്ല. ഭാഷാപഠനലക്ഷ്യങ്ങളെ സാമൂഹികതലം, സാംസ്കാരികതലം, സർഗാത്മകതലം, വൈജ്ഞാനികതലം എന്നിങ്ങനെ നാലായി ക്രോഡീകരിക്കാവുന്നതാണ്. ഈ നാല് തലങ്ങളിലെയും ഉദ്ദേശ്യങ്ങൾ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഭാഷാസമഗ്രതാദർശനം രൂപപ്പെട്ടത്.

കുട്ടികളെ കേന്ദ്രമാക്കിയുള്ള പഠനരീതികൾ ഉടലെടുക്കാൻ കാരണമായത് മനശ്ശാസ്ത്രസിദ്ധാന്തങ്ങളുടെ ഇടപെടലുകളാണ്. ഭാഷാപഠനത്തെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് ജീൻ പിയാഷേ, ജെറോം എസ്. ബ്രൂണർ, ലവ് വിഗോട്സ്കി, നോം ചോംസ്കി എന്നിവരുടെ സിദ്ധാന്തങ്ങളാണ്.

### ജ്ഞാനവികസിതസിദ്ധാന്തം (ജീൻ പിയാഷേ, 1936)

വൈജ്ഞാനികവും, മാനസികവുമായ അസന്തുലിതാവസ്ഥയാണ് പഠനത്തിലേക്ക് നയിക്കുന്നത് എന്ന പിയാഷേയുടെ ചിന്തകളാണ് ജ്ഞാതൃഘടനയുടെ അടിസ്ഥാനാശയങ്ങളിലേക്ക് നയിച്ചത്. വൈജ്ഞാനികവികസനത്തിൽ അനുഭവങ്ങളുടെ പ്രാധാന്യം പിയാഷേ എടുത്തുപറയുന്നുണ്ട്. പുതിയ അനുഭവങ്ങൾ സ്വീകരിക്കുമ്പോൾ ആ അനുഭവങ്ങളെ പഴയ അനുഭവങ്ങളുമായി താരതമ്യം ചെയ്ത് സ്വാംശീകരിക്കാൻ കുട്ടി ശ്രമിക്കുന്നു. സ്വാംശീകരണവും സംസ്ഥാപനവും വഴി സമായോജനം പ്രാപിക്കാൻ കുട്ടി ശ്രമിക്കുന്നു. ഇതുവഴി പഠനം സാധ്യമാവുകയും കുട്ടി സന്തുലിതാവസ്ഥ പ്രാപിക്കുകയും ചെയ്യുന്നു.

പാഠ്യപദ്ധതിയുടെ രൂപീകരണത്തിലും പാഠ്യവസ്തുക്കളുടെ ക്രമപ്പെടുത്തലിലുമാണ് പിയാഷേയുടെ സിദ്ധാന്തത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട പ്രയോഗരൂപമുള്ളത്. ഭാഷാപഠനവുമായി ബന്ധപ്പെടുമ്പോൾ, കുട്ടിയുടെ വികാസം

പ്രാപിക്കുന്ന ചിന്തകൾക്കാണ് അധ്യാപകൻ ഊന്നൽ നൽകേണ്ടത്. ഭാഷാബോധനത്തിൽ അധ്യാപകൻ കാര്യങ്ങൾ പറഞ്ഞുകൊടുക്കുന്നതിനുപകരം കുട്ടി തന്നെ അറിവ് കണ്ടെത്തണമെന്ന ആശയമാണ് പിയാഷേക്കുള്ളത്. ഓരോ വികസനഘട്ടത്തിലെയും മാനസിക പ്രത്യേകതകൾക്കനുസരിച്ചുള്ള ഒരു പാഠ്യപദ്ധതിയാണ് ഭാഷാപഠനത്തിൽ ഈ സിദ്ധാന്തം ആവശ്യപ്പെടുന്നത്. ഓരോ ഘട്ടത്തിലും കുട്ടികളുടെ വൈജ്ഞാനികഘടന വേണ്ടവിധം വികാസം നേടുന്നുണ്ട് എന്ന് അധ്യാപപിക ഉറപ്പുവരുത്തണം. പാകപ്പെടാത്ത മനസ്സിലേക്ക് ഉയർന്ന ഒരു ആശയം വിനിമയം ചെയ്യാൻ ശ്രമിക്കുമ്പോൾ ധാരാളം ഊർജവും സമയവും ചെലവഴിക്കേണ്ടിവരും. ഓരോ വ്യക്തിയും സ്വന്തമായ അറിവ് നിർമിക്കാനാണ് വഴിയൊരുക്കേണ്ടത്. അതിന് മാനസികമായി അവരെ തയാറാക്കണം. അനുഭവങ്ങളിലൂടെ പുതിയ അറിവ് സൃഷ്ടിച്ചെടുക്കാൻ ക്ലാസ്മുറിയിൽ വേദിയൊരുക്കണം. പ്രതിഭയും അനുഭവവും സമ്മേളിക്കുന്ന സമർത്ഥമായ ഇടപെടലുകൾ ക്ലാസ്മുറികളിലുണ്ടാവണം.

ജീൻ പിയാഷെയുടെ സിദ്ധാന്തങ്ങൾ ജെറോം എസ്. ബ്രൂണറെ ശക്തമായി സ്വാധീനിച്ചിട്ടുണ്ട്. ജൈവികമായ സംഘാടനത്തോടെയാണ് കുട്ടികൾ ജനിക്കുന്നതെന്നും ഇതാണ് ചുറ്റുപാടുകളെ മനസ്സിലാക്കാൻ അവരെ സഹായിക്കുന്നതെന്നും ഇവർ രണ്ടുപേരും വാദിക്കുന്നു. പഠനം പ്രവൃത്ത്യുന്മുഖമായ ഒരു കണ്ടെത്തൽ പ്രക്രിയയാണ്. സ്വയം അറിവ് കണ്ടെത്തുന്നതിനായി കുട്ടികൾക്ക് പ്രശ്നസാഹചര്യങ്ങൾ സൃഷ്ടിച്ചുകൊടുക്കുകയാണ് അധ്യാപകർ ചെയ്യേണ്ടത്. ലോകത്തുള്ള വസ്തുതകളും ആശയങ്ങളും ഓരോന്നായി സ്വായത്തമാക്കാൻ സാധ്യമല്ല. അതുകൊണ്ട് വിവരങ്ങൾ വർഗീകരിച്ച് മനസ്സിലാക്കാനുള്ള ശ്രമമാണ് ഓരോരുത്തരിലും നടക്കുന്നത്. ഇങ്ങനെ തരംതിരിക്കാൻ കഴിയുന്ന ഒരു കോഡിങ്സിസ്റ്റം എല്ലാവരിലുമുണ്ട്. കുട്ടികളുടെ മുമ്പാകെ പ്രശ്നങ്ങൾ അവതരിപ്പിക്കുകയും അതിന്റെ പരിഹരണത്തിനുള്ള അന്വേഷണങ്ങൾ കുട്ടി നടത്തുകയും വേണം. ഇതാണ് കണ്ടെത്തൽ പഠനത്തിന്റെ അടിസ്ഥാനം.

കാര്യക്ഷമമായ പഠനം നടക്കണമെങ്കിൽ താഴെപ്പറയുന്ന കാര്യങ്ങൾ പാലിക്കണമെന്ന് ബ്രൂണർ പറയുന്നു.

(1) പാഠ്യാഭിമുഖ്യം സൃഷ്ടിക്കൽ, പാഠ്യവസ്തുക്കളെയും പഠനപ്രവർത്തനങ്ങളെയും സ്പൈറൽരീതിയിൽ ക്രമീകരിക്കൽ, ഫലപ്രദമായ ക്രമത്തിൽ അവതരിപ്പിക്കൽ, ഉചിതമായ സമ്മാനങ്ങൾ നൽകൽ എന്നീ മാർഗങ്ങളിലൂടെ മുന്നറിവും പഠിതാവിന്റെ കഴിവും ഒത്തൊരുമിച്ച് പാഠ്യവസ്തുക്കൾ നിർമിച്ചെടുക്കാൻ കുട്ടി പ്രാപ്തനാകുന്നു.

**രചനാന്തരണ പ്രജനകവ്യാകരണം (നോം ചോംസ്കി, 1950)**

മനുഷ്യശിശു ഭാഷ പഠിക്കുന്ന സാഹചര്യത്തെ ചേഷ്ടാവാദത്തിന്റെ പരിധിയിൽപ്പെടുത്താനുള്ള വ്യവഹാരമനശ്ശാസ്ത്രജ്ഞരുടെ വാദഗതികളെ എതിർത്തുകൊണ്ടാണ് ചോംസ്കി രംഗത്തുവന്നത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഭാഷയുടെ പ്രാഗ്രൂപം മനുഷ്യമസ്തിഷ്കത്തിലുണ്ട്. അതുപയോഗിച്ച് ഭാഷ നിർമിച്ചെടുക്കാനും അറിവ് ആർജിക്കാനുമാണ് കുട്ടിയെ പ്രാപ്തനാക്കേണ്ടത്.

അനുകരണത്തിലൂടെയും പരിശീലനത്തിലൂടെയുമാണ് ഭാഷ സ്വായത്തമാക്കുന്നതെങ്കിൽ അനന്തമായി വാക്യങ്ങൾ സൃഷ്ടിച്ചെടുക്കാൻ സാധിക്കുകയില്ല. ഭാഷകനും ശ്രോതാവിനും അനന്തമായ എണ്ണം വാക്യങ്ങൾ സൃഷ്ടിക്കാനും മനസ്സിലാക്കാനും സാധിക്കും. മനുഷ്യമസ്തിഷ്കത്തിലുള്ള ഭാഷാഘടകം തന്നെയാണ് ഇതിന് സഹായിക്കുന്നതെന്ന് വ്യക്തമാകുന്നു. നാലഞ്ചു വയസ്സാകുമ്പോൾത്തന്നെ മാതൃഭാഷയിലെ വ്യാകരണനിയമങ്ങൾ തെറ്റില്ലാതെ പ്രയോഗിക്കാൻ കുട്ടി പ്രാപ്തനാകുന്നു. ഇത് ഭാഷാപ്രാഗ്രൂപത്തിന്റെ പ്രസക്തി വ്യക്തമാക്കുന്നു. കുട്ടി പരിചയപ്പെടുന്ന ഭാഷ പരിമിതവും അപൂർണവുമാണെങ്കിലും അവന് പുഷ്ടവും വ്യവസ്ഥാപൂർണവുമായി ഭാഷ വികസിപ്പിച്ചെടുക്കാൻ കഴിയുന്നുണ്ട്. ഭാഷകൾക്കുള്ള സാർവലൗകികസ്വഭാവത്തിന് ഇന്ന് പ്രസക്തിയുണ്ട്. ബാഹ്യമായ ചില ലക്ഷണങ്ങളിൽ മാത്രമാണ് ഭാഷകൾ തമ്മിൽ അന്തരമുള്ളത്. മനസ്സിൽ ഭാഷാഘടകമെന്ന് വേർതിരിച്ചെടുക്കാവുന്ന ഒരു ഘടകമുണ്ടെന്നും അതിനു വ്യക്തമായ ഘടനയും വ്യവസ്ഥയും ഗുണങ്ങളുമുണ്ടെന്നും ചോംസ്കി അസന്ദിഗ്ധമായി പ്രസ്താവിക്കുന്നു. ഭാഷാപഠനസംവിധാനം, ഭാഷാസമാർജനോപാധി എന്നെല്ലാം ആദ്യകാലത്ത് വിശേഷിപ്പിക്കപ്പെട്ടിരുന്ന ഈ ഘടകം 1980 കളിൽ സർവഭാഷാവ്യാകരണം എന്നറിയപ്പെട്ടുതുടങ്ങി. സർവഭാഷാ വ്യാകരണത്തെക്കുറിച്ചുള്ള സിദ്ധാന്തമാണ് രചനാന്തരണ പ്രജനകവ്യാകരണം.

**സാമൂഹികജ്ഞാന നിർമ്മിതിവാദം (ലവ് വിഗോട്സ്കി, 1896)**

ലവ് വിഗോട്സ്കിയുടെ ആശയങ്ങളുടെ അടിത്തറയിൽ രൂപംകൊണ്ട ചിന്താധാരയാണ് സാമൂഹികജ്ഞാനനിർമിതിവാദം. കുട്ടി അറിവിന്റെ നിർമാതാവാണെന്ന അടിസ്ഥാനധാരണ അംഗീകരിക്കുമ്പോൾത്തന്നെ പഠനം ജീവശാസ്ത്രപരമായ ഒരു പ്രക്രിയമാത്രമല്ലെന്ന സിദ്ധാന്തമാണിത്. മനുഷ്യൻ എന്നും ഒരു സാമൂഹികജീവിയാണ്. അവന്റെ അറിവും വികാസവും നടക്കുന്നത് സാമൂഹികമായ ഇടപെടലുകളിലൂടെ മാത്രമാണ്. ഇടപെടുന്ന സംഭവങ്ങൾ, വ്യാപരിക്കുന്ന

മേഖലകൾ, സാഹചര്യങ്ങൾ, വ്യക്തികൾ എന്നിങ്ങനെ അവ വളരെ വിപുലമായിക്കിടക്കുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട സാമൂഹികജ്ഞാനനിർമിതിവാദം ഭാഷാസമാർജനവുമായി ബന്ധപ്പെട്ട ഒരു സിദ്ധാന്തമാണ്. കുട്ടി സമൂഹവുമായി ജനനം മുതൽ സംവദിച്ചു തുടങ്ങുന്നു. മുതിർന്നവരെ മുൻനിർത്തിക്കൊണ്ടാണ് വിവിധങ്ങളായ പ്രവർത്തനങ്ങളിൽ കുട്ടി ഏർപ്പെടുന്നത്. കുട്ടിയുടെ ഒട്ടുമിക്ക പ്രവർത്തനങ്ങളുടെയും അന്തർധാരയായി സാമൂഹികബന്ധങ്ങൾ മാറുന്നുണ്ട്. മാനവവംശത്തിന്റെ നിലനിൽപ്പും വികാസവും സാമൂഹികതയിൽ ഊന്നിയാണ് സംഭവിക്കുന്നത്. കുട്ടിയുടെ പൂർണതയുടെ അന്തർധാര സമൂഹത്തിലധിഷ്ഠിതമാണ്.

ഓരോ കുട്ടിയും വികാസഘട്ടത്തിൽ സമൂഹത്തിൽനിന്ന് സ്വായത്തമാക്കുന്ന പ്രധാനഘടകം ഭാഷതന്നെയാണ്. ഈ ഭാഷാസമാർജനം സഹപാഠികളിൽനിന്നും സഹചാരികളിൽനിന്നുമൊക്കെയാണ് സാധ്യമാവുന്നത്.

ജ്ഞാനനിർമിതിയുടെ പല ഘട്ടങ്ങളെക്കുറിച്ചും വിദ്യാഭ്യാസവിചക്ഷണർ സിദ്ധാന്തങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. ഇതിൽ സാമൂഹികജ്ഞാനനിർമിതി സിദ്ധാന്തത്തെ അവതരിപ്പിച്ച വിഗോട്സ്കി ഭാഷാസമാർജനത്തിൽ കുട്ടികളുടെ പങ്കാളിത്തത്തെ അടിസ്ഥാനമാക്കിയുള്ള ചിന്തകൾ അവതരിപ്പിച്ചിട്ടുണ്ട്. കുട്ടികൾ ഓരോരുത്തരും നിലവിലുള്ള കഴിവുപയോഗിച്ച് സ്വപ്രയത്നത്താൽ എത്തിച്ചേരാവുന്ന ഒരു നിലയും മറ്റുള്ളവരുടെ സഹായത്താൽ എത്തിച്ചേരാവുന്ന ഒരു ഉയർന്ന നിലയുമുണ്ട്. ഈ രണ്ടു നിലകൾക്കും ഇടയിലുള്ള മണ്ഡലത്തെ സമീപസ്ഥ വികസനമണ്ഡലം (Zone of Proximal Development) എന്നാണ് വിഗോട്സ്കി വിളിക്കുന്നത്.

**എന്റെ മലയാളം: ഭാഷാബോധനരീതിയിലെ കേരളീയ മാതൃക**

ജ്ഞാതൃമനശ്ശാസ്ത്രങ്ങളുടെയും ചോംസ്കിയൻ മാതൃകയിലുള്ള ഭാഷാശാസ്ത്രത്തിന്റെയും സ്വാധീനം ഏറ്റവും കൂടുതൽ പ്രതിഫലിപ്പിക്കപ്പെട്ടത് ഭാഷാബോധന രീതിശാസ്ത്രങ്ങളിലാണ്. ബ്രൂണർ, വിഗോട്സ്കി എന്നിവരുടെ സാമൂഹികജ്ഞാനനിർമ്മിതിവാദം ചോംസ്കിയുടെ സർവഭാഷാ വ്യാകരണസിദ്ധാന്തങ്ങൾ എന്നിവയിൽനിന്ന് ഉരുത്തിരിഞ്ഞ ദർശനമാണ് ഭാഷാസമഗ്രതാ ദർശനം. ലളിതമായ ഭാഷാനൈപുണികൾ നേടുന്നതിനുള്ള കഴിവ് മിക്ക കുട്ടി

കളും നേടുന്നുണ്ട്. എഴുതാനും വായിക്കാനുമുള്ള കഴിവുമാത്രമല്ല, ഉയർന്ന സാക്ഷരതയും ഭാഷാസമാർജനവുമാണ് നാം ലക്ഷ്യംവയ്ക്കേണ്ടത്.

തൊണ്ണൂറുകളുടെ അവസാനം ശിശുകേന്ദ്രീകൃത പാഠ്യപദ്ധതി നിലവിൽവന്നു. ഭാഷാസമീപനം ജ്ഞാനനിർമിതിവാദ പ്രകാരമുള്ളതായി. ആശയാവതരണരീതി പിന്തുടരുന്ന പാഠപുസ്തകങ്ങൾ വികസിപ്പിച്ചു. ആശയാവതരണരീതിയിൽ തന്നെ വ്യത്യസ്ത മാതൃകകൾ ലോകത്തുണ്ട്. കേരളം സ്വീകരിച്ച രീതി, ആശയം-വാക്യം-പദം–അക്ഷരം- പുതിയ സന്ദർഭത്തിലെ പ്രയോഗം - ആശയം എന്നീ ക്രമത്തിലുള്ളതായിരുന്നു. ഈ ഭാഷാപഠനം സംബന്ധിച്ച് വിവാദങ്ങൾ ഉണ്ടാവുകയും സങ്കലിതമായ രീതിയിലേക്ക് ക്രമേണ ക്ലാസുകൾ മാറുകയും ചെയ്തു.

സമീപനപ്രകാരം പഠിപ്പിച്ചിട്ടും ഇരുപതു ശതമാനത്തോളം കുട്ടികൾ നന്നായി എഴുതാനും വായിക്കാനും കഴിയാത്തവരായുണ്ട്. (അവലംബം: സാക്ഷരം സർവേ). അതേസമയംതന്നെ ഭാഷയിൽ ഉയർന്ന നിലവാരം പ്രകടിപ്പിക്കുന്ന കുട്ടികളുടെ എണ്ണം ഗണ്യമായി വർധിച്ചു. സർഗാത്മകരചനയിൽ ഏർപ്പെടുന്നതിനും ആശയങ്ങൾ വ്യത്യസ്തരീതികളിൽ ആവിഷ്കരിക്കുന്നതിനും ഏറെ കുട്ടികൾക്ക് സാധിച്ചു. കുട്ടികളുടെ സ്വയം പഠനശേഷി വർധിച്ചതോടെ കേരളത്തിലെ എല്ലാ പത്രങ്ങളും കുട്ടികൾക്കായി പഠനവിഭവങ്ങൾ പങ്കിടുന്ന പ്രത്യേക പേജുകൾതന്നെ ആരംഭിച്ചു. വിദ്യാലയങ്ങളിൽ വായനയുടെ സംസ്കാരം വളർന്നുവന്നു. (എന്റെ മലയാളം, കൈപ്പുസ്തകം: അധ്യായം– 1, പേജ് – 7)

മുൻകൂട്ടി തീരുമാനിക്കപ്പെടുന്ന പാഠരൂപങ്ങൾക്കു പകരം പാഠങ്ങൾ കുട്ടി സ്വയം രൂപീകരിക്കുന്ന തലത്തിലേക്ക് പഠനപദ്ധതി മാറുന്നു. പാഠരൂപീകരണത്തിനാവശ്യമായ സജ്ജീകരണങ്ങൾ, കുട്ടിയുടെ ചിന്തയെ ഉണർത്തുന്ന ചോദ്യങ്ങൾ, കുട്ടിക്ക് ലേഖന പ്രക്രിയയ്ക്കാവശ്യമായ അവസരങ്ങൾ, സ്വയം വിലയിരുത്തലിനും തിരുത്തലിനുമുള്ള സാഹചര്യങ്ങൾ എന്നിവ സൃഷ്ടിക്കുകയാണ് ഭാഷാസമാർജനത്തിന്റെ പുതിയ പദ്ധതിയുടെ ഉദ്ദേശ്യം.

ശിശുകേന്ദ്രീകൃതസമീപനത്തിന്റെ ശക്തമായ സാധ്യത ബോധ്യപ്പെടുത്തൽ, വിദ്യാലയാധിഷ്ഠിത അധ്യാപകപരിശീലനം, വിരസതയില്ലാതെ മണിക്കൂറുകളോളം ഭാഷാപഠനത്തിൽ മുഴുകുന്ന നവ്യാനുഭവം, ഭിന്നനിലവാര പരിഗണനയിൽ തൽസമയ പിന്തുണ, നിരന്തരവിലയിരുത്തലിനു പുതുമാനം

നൽകുന്ന സമീപനം തുടങ്ങിയ നിരവധി സവിശേഷതകൾ 'എന്റെ മലയാളം' പരിപാടിയിലുണ്ട്. അധ്യാപക പരിശീലനത്തിൽത്തന്നെ വ്യത്യസ്തമായ മാതൃകയാണ് 'എന്റെ മലയാളം' മുന്നോട്ടുവയ്ക്കുന്നത്. അടിസ്ഥാന ഭാഷാശേഷി എല്ലാവർക്കും ഉറപ്പാക്കാൻ കഴിയുന്ന നൂതനമായ ബോധനരീതിയാണ് ഇത്. നേരത്തേ സൂചിപ്പിച്ച സൈദ്ധാന്തിക അടിത്തറയിൽ നിന്നുകൊണ്ട് രൂപപ്പെടുത്തിയ ഭാഷാബോധന രംഗത്തെ കേരളീയമാതൃകയാണ് 'എന്റെ മലയാളം'.

അധ്യായം – 3

## എന്റെ മലയാളം – മൊഡ്യൂൾ വിശകലനം

സെക്കണ്ടറി ക്ലാസുകളിലെ വിദ്യാർഥികളിൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് ആവശ്യമായ പിന്തുണയും കൈത്താങ്ങും നൽകി, ഭാഷയിലെ അടിസ്ഥാനശേഷികൾ ഉറപ്പിക്കുന്നതിനായി രൂപപ്പെടുത്തിയതാണ് 'എന്റെ മല യാളം' ഭാഷാപരിപോഷണ പദ്ധതി. ഈ പദ്ധതി നടത്തിപ്പിനായി ഭാഷാപര മായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നൽകാനുള്ള പ്രവർത്തന മൊഡ്യൂ ളാണ് ഉൾക്കൊള്ളുന്നത്.

'എന്റെ മലയാളം' പദ്ധതിയുടെ ആദ്യ അഞ്ചുദിനത്തിൽ നൽകേണ്ട പ്രവർത്തനങ്ങൾ ആവശ്യമായ പ്രക്രിയാനിർദ്ദേശങ്ങളോടെ നൽകിയിട്ടുണ്ട്. മൊഡ്യൂൾ വിശകലനം അനുബന്ധം (d) ആയി നൽകിയിട്ടുണ്ട്.

ഒന്നാം ദിന മൊഡ്യൂളിൽ ഏഴ് പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നു. പ്രവർത്തനരൂപരേഖ പട്ടികപ്പെടുത്തിയാണ് നൽകിയിട്ടുള്ളത്. അധ്യാപകർക്ക് പ്രവർത്തനങ്ങൾ, അവയിലൂടെ പരിചയപ്പെടുത്തുന്ന വ്യവഹാരരൂപങ്ങൾ, തന്ത്ര ങ്ങൾ എന്നിവ ഈ പട്ടികയിൽ നിന്നു മനസ്സിലാക്കാൻ കഴിയും.

ആദ്യപ്രവർത്തനം പരിചയപ്പെടലിനാണ് ഉപയോഗപ്പെടുത്തിയിട്ടുള്ളത്. ടീം സ്പിരിറ്റിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന വീഡിയോ ഉപയോഗപ്പെടുത്തി പ്രവർത്തനം ചിട്ടപ്പെടുത്തിയിരിക്കുന്നു. മുന്നിട്ടിറങ്ങിയാൽ ഏതു തടസ്സവും മറി കടക്കാനാവും എന്ന സന്ദേശം ഇതിലൂടെ കുട്ടികൾക്ക് നൽകുന്നു. പഠനത്തിന് പ്രചോദനം നൽകാനുള്ള തന്ത്രമായിട്ടാണ് ഇത് അവതരിപ്പിക്കുന്നത്.

പ്രവർത്തനം രണ്ട് : ഞാൻ സൂര്യൻ എന്ന പ്രവർത്തനം വിദ്യാർഥികൾക്ക് സ്വയം പരിചയപ്പെടുത്തുന്നതിനുള്ള അവസരം പ്രദാനം ചെയ്യുന്നു. പ്രവർത്തന ത്തിൽ അധ്യാപകരും പങ്കാളികളാകുന്നു എന്നത് കുട്ടികൾക്ക് പ്രചോദനമായി തീരുന്നു. പദസൂര്യൻ വികസിച്ച് വിദ്യാർഥിക്ക് ആത്മവിശ്വാസം നൽകുന്ന ഒരു ചെറു ഗാനത്തോടെയാണ് പ്രവർത്തനം പുരോഗമിക്കുന്നത്. ചിത്രത്തിൽ വിദ്യാർഥികൾക്ക് ഇഷ്ടമുള്ള ഒരു കാര്യം കൂടി വരച്ചു ചേർക്കാൻ അവസരമൊ രുക്കുന്നുണ്ട്.

മൂന്നാമത്തെ പ്രവർത്തനം പ്രീ-ടെസ്റ്റിനായി രൂപപ്പെടുത്തിയതാണ്. അധ്യാപകരുടെ നിർദേശാനുസരണം കുട്ടികൾ വീടും പുഴയും വരച്ച് നിറം കൊടുക്കുന്നു. തുടർന്ന് ചിത്രത്തിനു വിവരണം നൽകാൻ ആവശ്യപ്പെടുന്നുണ്ട്. അധ്യാപിക വിവരണം ആരംഭിക്കുകയും തുടർന്നുള്ള വാക്യങ്ങൾ കുട്ടികൾ കൂട്ടിച്ചേർത്തെഴുതാൻ നിർദേശിക്കുകയും ആണ് ചെയ്യുന്നത്. നിശ്ചിത സമയത്തിനുള്ളിൽ പേപ്പർ തിരകെ വാങ്ങി കൃത്യമായ മാനദണ്ഡം അനുസരിച്ച് വേർതിരിക്കാൻ അധ്യാപകർക്ക് നിർദേശം നൽകിയിട്ടുണ്ട്. തുടർന്ന് കുട്ടികൾക്ക് ഓരോരുത്തർക്കും പുതിയ ബുക്കു നൽകി അതിൽ അവരുടെ പേര്, ക്ലാസ്, സ്കൂൾ, സ്ഥലം എന്നിവ മലയാളത്തിൽ എഴുതാൻ അവസരം നൽകണം എന്നും ആവശ്യമായ ഘട്ടത്തിൽ അധ്യാപികയുടെ ഇടപെടൽ വേണം എന്നും നിർദേശിച്ചിരിക്കുന്നു.

പ്രവർത്തനം നാലിൽ നൽകിയിട്ടുള്ള കളി, ക്ലാസ് രൂപീകരണം ഉദ്ദേശിച്ചുള്ളതാണ്. കുട്ടികൾക്ക് എന്റെ മലയാളം പ്രവർത്തന മൊഡ്യൂളിൽ ഉള്ള സ്ഥാനം എന്തെന്ന് ഈ ഭാഗത്ത് വ്യക്തമാക്കുന്നുണ്ട്. ആകാശം-കര-കടൽ എന്ന് പറയുമ്പോൾ സ്വീകരിക്കേണ്ട ചലന പ്രക്രിയ വിശദമാക്കി കളി ആരംഭിക്കുകയും തുടർന്ന് പദങ്ങളുടെ ക്രമവും പറയുന്ന വേഗവും വ്യത്യാസപ്പെടുത്തി പുരോഗമിക്കുകയും ചെയ്യുന്നു. അധ്യാപകർ കളി മോണിറ്റർ ചെയ്യേണ്ട വിധവും പിന്തുണ നൽകേണ്ടരീതിയും ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്.

പ്രവർത്തനം അഞ്ചിൽ മരവും കുട്ടിയും എന്ന പേരിൽ സംഭവവിവരണം എന്ന വ്യവഹാരം രൂപപ്പെടുത്താനാണ് ശ്രമിക്കുന്നത്. വീഡിയോ പ്രദർശനത്തിനുശേഷം പ്രവർത്തനക്രമം, പ്രക്രിയ എന്നിവ വിശദമായി ഇവിടെ പ്രതിപാദിച്ചിട്ടുണ്ട്. ഉന്നയിക്കേണ്ട ചോദ്യങ്ങൾ, കുട്ടികളുടെ പ്രതികരണത്തിലൂടെ രൂപപ്പെടുന്ന പാഠം, അധ്യാപികയുടെ റോൾ എന്നിവ വ്യക്തമായി നിർവചിക്കപ്പെട്ടിരിക്കുന്നു. പ്രവർത്തനം പൂർത്തിയാക്കേണ്ട ക്രമവും വിശദമാക്കിയിട്ടുണ്ട്. തുടർന്ന് രൂപപ്പെടുത്തിയ പാഠം വായിക്കേണ്ട ഘട്ടങ്ങൾ വിശദീകരിക്കുന്നു. വായനയുടെ വിവിധ സാധ്യതകൾ അധ്യായം രണ്ടിൽ സൂചിപ്പിച്ചിട്ടുള്ളത് ക്രിയാത്മകമായി ഉപയോഗപ്പെടുത്താൻ ഇവിടെ നിർദേശിച്ചിട്ടുണ്ട്.

വായനാഘട്ടം തുടർന്ന് അഭിനയഘട്ടമായും പ്രവർത്തന വിശകലനഘട്ടമായും പുരോഗമിക്കുന്നുണ്ട്. കഥയുടെ സന്ദേശം ലഘുഗാനമായി രൂപപ്പെടുത്തി

സംഘമായി ആലപിക്കാനുള്ള അവസരം നൽകിയിട്ടുണ്ട്. ഇത് വ്യക്തിഗതമായി ഭാഷണം, പ്രകടനം എന്നിവയിൽ വൈമുഖ്യമുള്ള വിദ്യാർഥികൾക്ക് പ്രചോദന മായി തീരുന്നുണ്ട്.

പ്രവർത്തനം ആറ് വഞ്ചിപ്പാട്ട് എന്ന തലക്കെട്ടിൽ അവതരിപ്പിച്ചിരിക്കുന്നു. പ്രവർത്തനഘട്ടങ്ങൾ എങ്ങനെയായിരിക്കണമെന്നും അതിന്റെ പ്രക്രിയ എന്താ യിരിക്കണമെന്നും ഇവിടെ വിശദമാക്കിയിട്ടുണ്ട്. ഈ പ്രർത്തനത്തിൽ രൂപീകരി ക്കേണ്ടപാഠവും അധ്യാപികയുടെ റോളും ഊന്നൽ നൽകേണ്ട അക്ഷരങ്ങളും വ്യക്തമായി നിർവചിച്ചിട്ടുണ്ട്. തുടർന്ന് അഭിനയത്തിനും അധ്യാപികയ്ക്ക് ദൃക്സാക്ഷി വിവരണത്തിനുള്ള സാധ്യത ഉപയോഗപ്പെടുത്തുന്നതിനും നിർദ്ദേ ശം നൽകിയിരിക്കുന്നു.

പ്രവർത്തനം ഏഴ് ബാലമാസികകൾ, പത്രങ്ങൾ എന്നിവയിലെ ചിത്രങ്ങൾ ഒട്ടിച്ച പേപ്പർ നൽകി സംഭാഷണം/ലഘുവിവരണം/വർണന എന്നിവ തയാ റാക്കിവരുന്നതിനുള്ള ഗൃഹപാഠമാണ്. കുട്ടികൾ ചെയ്യേണ്ട കാര്യങ്ങൾ വ്യക്ത മായി നൽകുന്നതിന് അധ്യാപികയ്ക്ക് ആവശ്യമായ സൂചനകൾ നൽകിയിട്ടുള്ള ആദ്യ ദിനത്തിലെ പ്രവർത്തനം വിദ്യാർഥികൾക്ക് തങ്ങളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനു സഹായകമാണ്. മാത്രമല്ല ഭാഷണം, വായന, ലേഖനം എന്നിവയ്ക്കും, സംഘപ്രവർത്തനത്തിനുമുള്ള സാധ്യതകൾ പ്രയോജനപ്പെടു ത്തുകയും ചെയ്യുന്നുണ്ട്. കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സഹാ യകമാം വിധം പ്രവർത്തനങ്ങളുടെ പ്രക്രിയകൾ ക്രമപ്പെടുത്തിയിട്ടുണ്ട്.

രണ്ടാം ദിവസത്തെ പ്രവർത്തനങ്ങൾ സംക്ഷിപ്തമായി പട്ടികപ്പെടുത്തി നൽകിയിട്ടുണ്ട്. പ്രവർത്തനങ്ങൾ, അതിലൂടെ പരിചയിക്കുന്ന വ്യവഹാരരൂപം, ഉപയോഗിക്കുന്ന തന്ത്രങ്ങൾ എന്നിവ വ്യക്തമാക്കുന്നതാണ് ഈ പട്ടിക. ആദ്യദി നത്തിൽ ഗൃഹപാഠമായി നൽകിയ രചനാകാർഡ് ഓരോ കുട്ടിക്കും വായിക്കാൻ അവസരം നൽകുന്നു. തുടർന്ന് പാഠങ്ങളുടെ പുനർവായനയും രചനാകാർഡുക ളുടെ പ്രദർശനവും നടത്തുകവഴി വിദ്യാർഥികളുടെ രചനകൾക്ക് അംഗീകാരവും അഭിനന്ദനവും ലഭിക്കുന്നു.

പ്രവർത്തനം രണ്ട്, വീഡിയോ പാഠം ഉപയോഗപ്പെടുത്തുന്നു. പരസ്പരബ ന്ധിതമായ ചോദ്യങ്ങളിലൂടെ പാഠം വികസിക്കുകയും സംഘപ്രവർത്തന ങ്ങൾക്ക് കുട്ടികൾക്ക് ധാരാളം അവസരം ലഭിക്കുകയും ചെയ്യുന്നുണ്ട്. കുട്ടിക

ളുടെ ചിത്രങ്ങൾ പതിപ്പായി രൂപപ്പെടുത്തുന്നത് അവർക്കുള്ള അംഗീകാരമാണ്. മാത്രമല്ല ഇവിടെയും ഊന്നൽ നൽകേണ്ട അക്ഷരങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. തുടർന്ന് ക്ലാസ് പി.ടി.എ. ചേരുന്നതിനുള്ള നിർദേശം കൈപ്പുസ്തകത്തിൽ നൽകിയിട്ടുണ്ട്. രക്ഷാകർത്തൃയോഗത്തിൽ ചെയ്യേണ്ട കാര്യങ്ങൾ വ്യക്തമായി ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ അധ്യാപകർക്കും രക്ഷിതാക്കൾക്കും ഇത് വളരെ പ്രയോജനപ്രദമാകുന്നു.

പ്രവർത്തനം മൂന്ന് ഓഡിയോ പാഠം ഉപയോഗിച്ച് സംഘപ്രവർത്തനത്തിന് കൂടുതൽ ഊന്നൽ നൽകുന്നതാണ്. പ്രവർത്തനത്തിൽ ഉപയോഗപ്പെടുത്തുന്ന പാഠത്തിലൂടെ ഊന്നൽ നൽകേണ്ട അക്ഷരങ്ങൾ ചിഹ്നങ്ങൾ എന്നിവയും കൈപ്പുസ്തകത്തിൽ നിർദേശിച്ചിട്ടുണ്ട്.

പ്രവർത്തനം നാല് 'ശ' 'ഷ' എന്നീ അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്ത് എന്നിവ ലക്ഷ്യമിടുന്നതാണ്. കുട്ടികൾ ഓരോരുത്തരും നേടുന്ന പുരോഗതിക്കനുസരിച്ച് അവർക്ക് അഭിനന്ദനവും, അംഗീകാരവും, സ്വയം തിരുത്താനുള്ള അവസരവും നൽകുന്നതിന് പ്രവർത്തനം പ്രത്യേക ഊന്നൽ നൽകുന്നു. പ്രക്രിയാഘട്ടത്തിൽ അധ്യാപികയ്ക്കും കുട്ടികൾക്കും തുല്യപങ്കാളിത്തം കിട്ടുന്ന വിധമാണ് പ്രവർത്തനം പുരോഗമിക്കുന്നത്. തുടർന്ന് പാഠരൂപീകരണത്തിലും ഇരുക്കൂട്ടർക്കും തുല്യപങ്കാളിത്തം നൽകിയിട്ടുണ്ട്. പ്രവർത്തനത്തിൽ രൂപപ്പെടുന്ന പാഠം പാട്ടായി അവതരിപ്പിക്കുന്നത് കുട്ടികളുടെ ട്രീം സ്പിരിറ്റിനെ ഉണർത്തുന്നത് പര്യാപ്തമാണ്. പ്രവർത്തനം നാല്, മൂന്നാമത്തെ പ്രവർത്തനത്തിന്റെ തുടർച്ചയാണ്. 'മഷിപ്പൂച്ച' 'പശപ്പൂച്ച'യായി മാറുന്ന കഥയിൽ അക്ഷരങ്ങൾ ആവർത്തന വിരസതയില്ലാതെ നൽകുന്നുണ്ട്. ഇവിടെ പ്രത്യേകമായി പരാമർശിക്കേണ്ട സംഗതി പ്രവർത്തനത്തിൽ കുട്ടികളുടെ ഭാഗത്തു നിന്ന് പ്രതീക്ഷിക്കുന്ന ഇതര പ്രശ്നങ്ങളെ കൈപ്പുസ്തകം മുൻക്കൂട്ടി കാണുകയും ആയവ പരിഹരിക്കാനുള്ള പ്രക്രിയകളും പ്രവർത്തനങ്ങളും എപ്രകാരം നിർവഹിക്കണം എന്ന് നിർദേശിക്കുകയും ചെയ്യുന്നു. രണ്ടാം ദിവസത്തെ തുടർപ്രവർത്തനം ക്ലാസിൽ കുട്ടികൾ സ്വയം രൂപീകരിക്കുന്ന വർക്ക് ഷീറ്റിൽ അവർ തയ്യാറാക്കേണ്ട രചനയാണ്.

അഞ്ച് പ്രവർത്തനങ്ങളാണ് മൂന്നാം ദിനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത് കഥ, വിവരണം, കവിത എന്നീ വ്യവഹാരരൂപങ്ങൾ പാഠങ്ങളായി വരുന്ന

പ്രവർത്തനത്തിൽ തുടർപ്രവർത്തനം വിശകലനം പ്രവചിക്കൽ, കഥാശ്രവണം, പാട്ട്, പ്രകൃതി നടത്തം, നിരീക്ഷണം, ചിത്രീകരണം, അഭിനയം, സംഭാഷണം രചന എന്നീ തന്ത്രങ്ങൾ ഉപയോഗപ്പെടുത്തിയിരിക്കുന്നു. ഇവിടെ കുട്ടികൾ തലേദിവസം ചെയ്ത ഗൃഹപാഠപ്രവർത്തനം ഉപയോഗപ്പെടുത്തുക വഴി പുനര നുഭവസാധ്യതകൾക്കുള്ള അവസരം ലഭിക്കുന്നുണ്ട്. പ്രവർത്തനങ്ങൾ സഹ വർത്തിതമായി മുന്നേറുകയും പ്രാദേശിക പാഠങ്ങൾ രൂപീകരിക്കുകയും ചെയ്യു ന്നു. പ്രവർത്തനങ്ങൾ എല്ലാം തന്നെ കുട്ടികൾക്ക് ഭാഷണം, പ്രകടനം, വായന, ലേഖനം എന്നിവയ്ക്ക് ധാരാളം സ്വതന്ത്രാവസരങ്ങൾ നൽകുന്ന വിധത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. 'മുറ്റത്തൊരു മരമുണ്ടേ' എന്ന പ്രവർത്തനം ഒരേ സമയം ഭാഷാപ്രവർത്തനവും പ്രകൃതി പാഠവുമായിത്തീരുന്നുണ്ട്. അനൗപചാരികമായി സംസാരിക്കാൻ ഈ പ്രവർത്തനം കുട്ടികൾക്ക് ധാരാളം അവസരങ്ങൾ നൽകു ന്നുണ്ട്.

'കുസൃതിമുയൽ' എന്ന പ്രവർത്തനം ഊന്നൽ നൽകുന്ന അക്ഷരങ്ങൾ കൈപ്പുസ്തകത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ലഘുചോദ്യങ്ങളിലൂടെ ഭാഷണത്തി നുള്ള അവസരം കുട്ടികൾക്ക് ലഭിക്കുന്നു. പാഠരൂപീകരണത്തിനുള്ള പ്രവർത്തനം വായനയ്ക്കും ലേഖനത്തിനും വേദിയൊരുക്കുന്നു. സംഘപ്ര വർത്തന സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തുന്നു.

നാലാം ദിനപ്രവർത്തനമൊഡ്യൂൾ ഏഴ് ഘട്ടങ്ങളായി വിഭജിച്ചിട്ടുണ്ട്. ഈ ദിനത്തിൽ കഥ, ചിത്രീകരണം, നാടകം എന്നീ വ്യവഹാരരൂപങ്ങൾ കുട്ടികൾ പരിചയിക്കുന്നുണ്ട്. അഭിനയം, സ്വതന്ത്രഭാഷണം, സ്വതന്ത്രരചന എന്നിവയൊ ടൊപ്പം വായനയ്ക്കും ധാരാളം അവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. നാലാം ദിനത്തിലെ ക്ലാസ് പിടിഎ 'സ്നേഹപൂർവ്വം അമ്മയോട്' എന്ന പ്രവർത്തനത്തി ലൂടെ രക്ഷിതാക്കളുമായുള്ള ചർച്ചയ്ക്കും ആശയവിനിമയത്തിനും അവസരം ഒരുക്കുന്നതാണ്.

ഓരോ പ്രവർത്തനവും കുട്ടികൾക്ക് സ്വതന്ത്രമായി എഴുതുവാനും, തിരു ത്തിയെഴുതുവാനും ധാരാളം അവസരങ്ങൾ ലഭ്യമാക്കുന്നുണ്ട്. നിരവധി ഹ്രസ്വ ചിത്രങ്ങൾ ഈ പ്രവർത്തനങ്ങളുടെ ഭാഗമായി കാണുന്നതിന് കുട്ടികൾക്ക് അവ സരം ലഭിക്കുന്നു. ലേഖനത്തിൽ വാക്കുകൾ തമ്മിലുള്ള അകലം, അക്ഷരങ്ങൾ തമ്മിലുള്ള ചേർച്ച എന്നിവ ശ്രദ്ധിക്കാനും അതിലുള്ള പോരായ്മകൾ പരിഹരി

ക്കാനും കുട്ടികൾക്ക് അവസരം കിട്ടുന്ന തരത്തിലാണ് പ്രവർത്തനം ക്രമപ്പെടു ത്തിയിരിക്കുന്നത്.

പ്രവർത്തനം മൂന്ന് കുട്ടികൾക്ക് സർഗാത്മക സഞ്ചാരത്തിന് അവസരമൊരു ക്കുന്നതാണ്. പാഠരൂപീകരണത്തോടൊപ്പം കഥാരൂപീകരണവും നടക്കുന്ന വിധ മാണ് പ്രവർത്തനം ചിട്ടപ്പെടുത്തിയിട്ടുള്ളത്. ഒപ്പം ചിത്രരചനയ്ക്കുള്ള അവസ രവും നൽകുന്നു. അവസാനം ഓരോ കുട്ടിക്കും സ്വന്തം കഥ പുസ്തകമായി രൂപപ്പെടുത്താൻ പ്രവർത്തനത്തിൽ സാധ്യത ഒരുക്കിയിരിക്കുന്നു. പാഠങ്ങൾ അഭിനയത്തിലൂടെ ആവിഷ്കരിക്കാൻ അവസരം നൽകുക വഴി കഥാപാത്രങ്ങളു മായി താദാത്മ്യം പ്രാപിച്ച് സംഭവങ്ങളെ സ്വാംശീകരിച്ച് ഭാഷാപഠനം ആസ്വാദ്യ മാക്കുന്നു. ചിത്രീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനം കുട്ടികളുടെ ഭാവന വളർത്തുന്നതിന് അവസരങ്ങൾ നൽകുന്നു. മാത്രമല്ല ഭാഷാപഠനം രസകരമാ ക്കുവാനും ഇതുവഴി കഴിയുന്നു.

നാലാം ദിനത്തിലെ പ്രവർത്തനങ്ങളിൽ ഒന്ന് നാടകമാണ് ഒരേ സമയം അഭിനയസാധ്യതയും സംഭാഷണസാധ്യതയും നൽകുന്ന ഈ പ്രവർത്തനം സംഘപ്രവർത്തനത്തിലൂടെ ഭാഷാപഠനത്തെ ഏറെ സഹായിക്കുന്ന ഒന്നാണ്. അഞ്ചാം ദിനത്തിൽ നാല് പ്രവർത്തനങ്ങളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. കവി ത, കുറിപ്പ്, യാത്രാവിവരണം എന്നീ വ്യവഹാരരൂപങ്ങളിലൂടെ കടന്നുപോകുന്ന തിന് കഥപറയൽ, കവിതാരചന, ചിത്രീകരണം, ശലഭനിരീക്ഷണം, ആൽബം തയാറാക്കൽ ഭിന്നതല പ്രവർത്തനം, പാഠരൂപീകരണം, പാട്ടിന്റെ ചിത്രീകരണം, നാടകീകരണം എന്നീ തന്ത്രങ്ങളാണ് പ്രയോജനപ്പെടുത്തുന്നത്.

കവിതയെഴുത്ത് എന്ന പ്രവർത്തനം ആസൂത്രണം ചെയ്യേണ്ടത് എങ്ങനെ യെന്ന് അധ്യാപകർക്ക് കൃത്യവും വ്യക്തവുമായ നിർദേശം കൈപ്പുസ്തകത്തിൽ നൽകിയിട്ടുണ്ട്.

പൂമ്പാറ്റച്ചിറകിൽ എന്ന പ്രവർത്തനം ഊന്നൽ നൽകുന്ന അക്ഷരങ്ങളും കൂട്ടക്ഷരങ്ങളും കൈപ്പുസ്തകത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രവർത്തനം ശലഭ പാർക്കിന്റെ നിർമാണത്തിലേക്കും ആൽബം നിർമാണത്തിലേക്കും വളർത്തുന്ന തിന് അധ്യാപികയ്ക്ക് ആവശ്യമായ നിർദേശങ്ങൾ നൽകിയിരിക്കുന്നു. പ്രവർത്തനാസൂത്രണത്തെ വളരെയധികം സഹായിക്കുന്ന ഒന്നാണിത്.

അഞ്ചാം ദിവസത്തെ മൂന്നാമത്തെ പ്രവർത്തനം ഭിന്നതലത്തിലുള്ള ഒന്നാണ്. കുട്ടികൾ ഭാഷാപഠനത്തിൽ നേടിയ പുരോഗതിയനുസരിച്ച് അവരെ മൂന്നു സംഘങ്ങളാക്കി തിരിച്ച് പ്രവർത്തനം പുരോഗമിക്കുന്ന രീതിയിലാണ് ക്രമപ്പെടുത്തിയിട്ടുള്ളത്. ആദ്യസംഘം വളരെ പിന്തുണ ആവശ്യമുള്ളവരാണ്. അവർക്ക് ചിഹ്നങ്ങൾ, കൂട്ടക്ഷരങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന പദങ്ങളും വാക്യങ്ങളും എഴുതാൻ അവസരം നൽകുന്ന പ്രവർത്തനമാണ് നൽകേണ്ടത് എന്ന് പ്രക്രിയയിൽ വിശദമാക്കുന്നുണ്ട്. സ്വതന്ത്രരചനയിൽ ഏർപ്പെടുമ്പോൾ ഓരോ സംഘത്തിൽപ്പെട്ട കുട്ടികൾക്കും കൈത്താങ്ങ് നൽകാൻ ആവശ്യമായ ക്രമീകരണം ചെയ്യുന്നു. തുടർന്ന് പ്രവർത്തനം പുരോഗമിക്കുന്നത് ചിത്രകാർഡുകളിലൂടെയാണ് ഓരോ ഘട്ടത്തിലും സ്വതന്ത്രഭാഷണം, വായന എഴുത്ത് എന്നിവയ്ക്ക് ധാരാളം അവസരം കുട്ടികൾക്ക് കിട്ടുന്നുണ്ട്. പ്രവർത്തനഘട്ടങ്ങളിൽ എവിടെയെല്ലാമാണ് അധ്യാപിക കൈത്താങ്ങ് നൽകേണ്ടത് എന്നും കൈപ്പുസ്തകത്തിൽ വ്യക്തമായി സൂചിപ്പിച്ചിരിക്കുന്നു.

ഓരോ സംഘവും വ്യക്തമായ മാനദണ്ഡങ്ങൾക്ക് അനുസരിച്ച് രൂപപ്പെടുത്തിയതിനാൽ പ്രവർത്തനം ഭിന്നതലത്തിലേക്ക് വളർത്തിയെടുക്കാൻ അധ്യാപകർക്ക് വളരെ എളുപ്പമായിത്തീരുന്ന വിധമാണ് ഓരോ സംഘത്തിനുമുള്ള പ്രവർത്തനങ്ങൾ വിന്യസിച്ചിട്ടുള്ളത്. പ്രവർത്തനാന്ത്യത്തിൽ രൂപപ്പെടുന്ന യാത്രാവിവരണങ്ങൾ വ്യത്യസ്ത ഇന്ദ്രിയാനുഭവങ്ങളെ ഉൾപ്പെടുത്തുവാനുള്ള അവസരമാണ് കുട്ടികൾക്ക് നൽകുന്നത്. തുടർന്ന് വർക്ക്ഷീറ്റ് പൂർത്തിയാക്കാൻ അവസരം ലഭിക്കുന്നുണ്ട്. പ്രവർത്തനത്തിന്റെ വ്യത്യസ്തഘട്ടങ്ങളിലെല്ലാം കുട്ടികളുടെ ഭാഷാപരമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഊന്നൽ നൽകേണ്ടത് എങ്ങനെയെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മൊഡ്യൂളിന്റെ രണ്ടാം ഭാഗത്തിൽ മുഖ്യധാരയിലേക്കെത്താൻ ഇനിയും കൈത്താങ്ങ് വേണ്ട കുട്ടികൾക്ക് തുടർന്നുള്ള ഒന്നോ രണ്ടോ ആഴ്ചയിൽ ഒന്നര മണിക്കൂർ വീതം വിദ്യാലയത്തിൽ നൽകേണ്ട പഠനാനുഭവങ്ങൾ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. 27 പ്രവർത്തനങ്ങൾ വ്യക്തവും ലളിതവുമായ പ്രക്രിയകളും നിർദേശങ്ങളും ഉൾപ്പെടുത്തി ഈ ഭാഗത്തു നൽകിയിട്ടുണ്ട്. പ്രവർത്തനങ്ങളെ പാഠപുസ്തകത്തിലെ ചിത്രങ്ങളുമായോ പാഠസന്ദർഭങ്ങളുമായോ ബന്ധപ്പെടുത്തുന്നതിനും സൂചനകൾ നൽകിയിട്ടുണ്ട്. ലഘുപാഠങ്ങൾ രൂപപ്പെടുത്തുവാനും

എഡിറ്റിംഗിനും എഴുത്തിനും ധാരാളം അവസരങ്ങൾ ഈ പ്രവർത്തന ങ്ങൾകൊണ്ട് കുട്ടികൾക്ക് ലഭിക്കുന്നു. ക്ലാസ്റൂം പ്രവർത്തനങ്ങളിൽ ഭിന്നനില വാരക്കാരായ കുട്ടികളെ പരിഗണിക്കേണ്ടതിൽ അധ്യാപകർ സ്വീകരിക്കേണ്ട രീതി എന്തായിരിക്കണമെന്ന നിർദേശം മൊഡ്യൂളിൽ നൽകിയിട്ടുണ്ട്.

അനുബന്ധമായി ഉപപാഠങ്ങൾ വായനാപാഠങ്ങൾ കാവ്യാസ്വാദനത്തി നുള്ള രചനകൾ, ഉച്ചാരണ പരിശീലനത്തിനും, ലേഖനപ്രക്രിയയ്ക്കും ആവശ്യ മായ സാമഗ്രികൾ തുടങ്ങിയവ നൽകിയിരിക്കുന്നു.

വായനപ്പുലരിയിലേക്ക് കുട്ടികളെ നയിക്കാൻ ആവശ്യമായ സാമഗ്രികളും അതു പ്രയോജനപ്പെടുത്തേണ്ടതിന്റെ രീതികളും മൊഡ്യൂളിൽ വിവരിക്കുന്നുണ്ട്. സ്കൂൾ ലൈബ്രറിയിലെ പുസ്തകങ്ങൾ അമ്മമാർ തയാറാക്കുന്ന വായനക്കുറി പ്പുകൾ എന്നിവ ഉപയോഗപ്പെടുത്തേണ്ടത് ഏതുവിധത്തിലാവണമെന്നും ഇവിടെ വിശദീകരിക്കുന്നുണ്ട്.

രണ്ട് മണിക്കൂർ നേരത്തേക്കു നടത്തേണ്ട ക്ലാസ് പിടിഎ യുടെ ലക്ഷ്യ ങ്ങൾ, അവിടെ നടപ്പാക്കേണ്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ, കുട്ടികളുടെ പ്രവർത്തനങ്ങൾ രക്ഷാകർത്തൃയോഗത്തിൽ നടപ്പാക്കേണ്ടത് എങ്ങനെയാ ണെന്നും അതിന്റെ ലക്ഷ്യമെന്തെന്നും അനുബന്ധത്തിൽ വിശദീകരിക്കുന്നുണ്ട്. തങ്ങളുടെ കുട്ടികളെ വീട്ടിൽ എങ്ങനെയാണ് പഠനത്തിൽ സഹായിക്കേണ്ടത് എന്ന് രക്ഷിതാക്കൾക്ക് വ്യക്തമായ ധാരണ കിട്ടാൻ ഈ യോഗങ്ങൾ കൊണ്ട് കഴിയും വിധമാണ് മൊഡ്യൂളിൽ ക്ലാസ് പി.ടി.എ. എന്ന ഭാഗം രേഖപ്പെടുത്തിയി രിക്കുന്നത്. സ്നേഹപൂർവ്വം അമ്മയോട് എന്ന രേഖ അനുബന്ധത്തിൽ ഉൾപ്പെടു ത്തിയിട്ടുള്ളത് ആവശ്യമായ നിർദേശങ്ങളോടെയാണ്.

അനുബന്ധത്തിൽ വർക്ക് ഷീറ്റ് ചേർത്തിട്ടുണ്ട്. ഓരോ ഘട്ടത്തിലും കുട്ടിക ളുടെ പഠനപുരോഗതി അളക്കാൻ ഇവ സഹായകമാകും വിധമാണ് ഉൾപ്പെടു ത്തിയിട്ടുള്ളത്. പകർപ്പെടുത്ത് ആവശ്യാനുസരണം കുട്ടികൾക്ക് നൽകാൻ കഴി യുന്ന വിധത്തിൽ ചിത്രങ്ങൾ സഹിതമാണ് വർക്ക്ഷീറ്റുകൾ ക്രമീകരിച്ചിട്ടുള്ളത്.

എന്റെ മലയാളം പ്രക്രിയയുടെ ഫലപ്രാപ്തി നിർണ്ണയത്തിനുള്ള മൊഡ്യൂൾ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കരുതേണ്ട സാമഗ്രികൾ മൊഡ്യൂളിൽ പരാമർശിച്ചിരിക്കുന്നു. രണ്ട് പ്രവർത്തനങ്ങളാണ് മൊഡ്യൂളിൽ

നൽകിയിട്ടുള്ളത്. ലേഖനത്തിനു നൽകിയിരിക്കുന്ന ആദ്യപ്രവർത്തനം അധ്യാപികയുടെ വിവരണത്തിൽ നിന്ന് കുട്ടികൾ സ്വയം വരയ്ക്കുന്ന ചിത്രത്തെ അടിസ്ഥാനമാക്കിയാണ് പുരോഗമിക്കുന്നത്. ഈ പ്രവർത്തനത്തിന് അധ്യാപകരുടെ സഹായം കുട്ടികൾക്ക് നൽകേണ്ടതില്ല എന്ന് വ്യക്തമായി നിർദേശിച്ചിട്ടുണ്ട്. എഴുതിയത് ശേഖരിച്ച് പ്രദർശിപ്പിക്കാനും പ്രദർശനം കാണാൻ പ്രഥമാധ്യാപകരെയും ഇതര അധ്യാപകരെയും ക്ഷണിക്കാനും ആവശ്യപ്പെട്ടിരിക്കുന്നു. പ്രവർത്തനം വിശകലനം ചെയ്ത് തയാറാക്കുന്ന റിപ്പോർട്ട് സ്കൂൾ/പഞ്ചായത്ത് തല പ്രഖ്യാപനങ്ങളിൽ പ്രദർശിപ്പിക്കാനും നിർദേശിച്ചിരിക്കുന്നു.

പ്രവർത്തനം രണ്ട് വായനമത്സരമാണ്. ഓരോ കുട്ടിക്കും ചെറിയ പുസ്തകം നൽകി അത് വായിക്കുന്നത് വിലയിരുത്താനാണ് നിർദേശം നൽകിയിട്ടുള്ളത്. കുട്ടികളുടെ വായന പകർത്താനും അതുപയോഗിച്ച് തുടർ പ്രവർത്തനം നൽകാനും നിർദേശിച്ചിട്ടുണ്ട്.

പഠനപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന കുട്ടികളോട് വിശദമായ ഡയറി തയാറാക്കി സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. ഡയറിയുടെ മാതൃക മൊഡ്യൂളിന്റെ ഭാഗമായി നൽകിയിരിക്കുന്നു. ക്ലാസിൽ പ്രയോജനപ്പെടുത്താവുന്ന രചനകൾ എന്ന നിലയിൽ കുട്ടികളുടെ സൃഷ്ടികൾ മൊഡ്യൂളിൽ ലഭ്യമാക്കിയിരിക്കുന്നു. അധ്യാപികയുടെ പ്രവർത്തനാസൂത്രണത്തിൽ ഭാഷണം, വായന, എഴുത്ത് എന്നിവയ്ക്കുള്ള വൈവിധ്യമാർന്ന സാധ്യതകൾ ഒരുക്കാൻ നിർദേശിച്ചിട്ടുണ്ട്.

കുട്ടികൾക്ക് സ്വയം മെച്ചപ്പെടാനുള്ള അവസരങ്ങളാണ് പ്രവർത്തനത്തിന്റെ ഭാഗമായി നൽകിയിട്ടുള്ളത്. തെറ്റിയതു തിരുത്തുക എന്ന പരമ്പരാഗതരീതിയിൽ നിന്ന് മാറി ഒത്തുനോക്കി വ്യത്യാസം കണ്ടെത്തി പുതുക്കിയെഴുതുക എന്ന തന്ത്രം കുട്ടിയെ സ്വയം മെച്ചപ്പെടലിലേക്കു നയിക്കുന്നു. അക്ഷരം തിരുത്തിയെഴുത്തല്ല പകരം വാക്യം മുഴുവൻ പുതുക്കിയെഴുത്താണ് ഇവിടെ നടക്കുന്നത്.

അഞ്ചു ദിവസത്തെ പ്രവർത്തനങ്ങളിലൂടെ കുട്ടികൾ കടന്നുപോകുന്ന വ്യവഹാരരൂപങ്ങളും സ്വീകരിക്കുന്ന തന്ത്രങ്ങളും താഴെപ്പറയും വിധം ചിട്ടപ്പെടുത്താവുന്നതാണ്.

**പട്ടിക 3**

**ക്ലാസ് റൂം പ്രവർത്തനങ്ങൾ**

| ദിവസം | പ്രവർത്തനങ്ങളുടെ എണ്ണം | പരിചയിക്കുന്ന | സ്വീകരിക്കുന്ന തന്ത്രങ്ങൾ വ്യവഹാരരൂപങ്ങൾ |
|---|---|---|---|
| 1 | 7 | വിവരണം<br>കുറിപ്പ് | പ്രചോദനം നൽകൽ<br>ഗ്രാഫിക് ഓർഗനൈസർ<br>ചിത്രീകരണം<br>കളി<br>പാഠരൂപീകരണം<br>അഭിനയം, പാട്ട്<br>തുടർപ്രവർത്തനം |
| 2 | 6 | കഥ<br>കവിത<br>കുറിപ്പ് | വായന-വിശകലനം<br>അഭിനയം - പ്രവചിക്കൽ<br>ആലാപനം<br>ചിത്രീകരണം, കഥാപൂരണം<br>ശ്രവണം<br>കഥാവതരണം<br>വർക്ക്ഷീറ്റ് രൂപീകരണം<br>രചന |
| 3 | 5 | കഥാ വിവരണം<br>കവിത | തുടർപ്രവർത്തന വിശകലനം<br>പ്രവചിക്കൽ കഥാശ്രവണം,<br>നടത്തം, നിരീക്ഷണം, ചിത്രീകരണം,<br>സംഭാഷണം, അഭിനയം, രചന |
| 4 | 7 | കഥാ<br>ചിത്രീകരണം,<br>നാടകം | വായന - ലഘുകഥകൾ, കഴിഞ്ഞ പാഠങ്ങൾ, അഭിനയം, ഊഹിക്കൽ, വൈകാരിക മുഹൂർത്തങ്ങൾ സൃഷ്ടിക്കൽ, സ്വതന്ത്രരചന. ചിത്രകഥാരൂപീകരണം, ഭാഷണാവസരം സൃഷ്ടിക്കൽ, |
| 5 | 4 | കവിത<br>കുറിപ്പ്<br>യാത്രാവിവരണം | കഥപറയൽ, കവിതാരചന, ചിത്രീകരണം, ശലഭനിരീക്ഷണം, ആൽബം തയ്യാറാക്കൽ, പാട്ടിന്റെ ചിത്രീകരണം, പാഠക്രമീകരണം, ചിത്രരചന, നാടകീകരണം, ഭിന്നതല പ്രവർത്തനം |

# അധ്യായം – 4

# ദത്തങ്ങളുടെ വിശകലനവും അപഗ്രഥനവും

കേരളത്തിലെ സെക്കന്ററി വിദ്യാലയങ്ങളിൽ പഠിക്കുന്ന, ഭാഷാപരമായി പിന്നോക്കാവസ്ഥ നേരിടുന്ന വിദ്യാർഥികൾക്ക് പരിമിതികൾ പരിഹരിക്കാൻ ലക്ഷ്യം വച്ചുകൊണ്ട് എസ്.സി.ഇ.ആർ.ടി. നേതൃത്വം നൽകി, നടപ്പിലാക്കിയ പദ്ധതിയാണ് 'എന്റെ മലയാളം' ഭാഷാപരിപോഷണപരിപാടി. ഈ പദ്ധതിയുടെ ഫലപ്രാപ്തിവിശകലനം ചെയ്യുകയാണ് പഠനത്തിന്റെ ലക്ഷ്യം. അതിനായി മൂന്നു വിദ്യാഭ്യാസജില്ലകളിൽ (കണ്ണൂർ, കട്ടപ്പന, ആലപ്പുഴ) നിന്ന് പദ്ധതിയിൽ ഭാഗമായ റിസോഴ്സ് അധ്യാപകർ, അധ്യാപകർ എന്നിവരിൽനിന്നു ചോദ്യാവലികൾ, ക്ലാസ്നിരീക്ഷണരേഖ തുടങ്ങിയ പഠനസാമഗ്രികൾ ഉപയോഗിച്ച് ലഭിച്ച പരിപാടി സംബന്ധിച്ച ദത്തങ്ങൾ ശേഖരിച്ചു. ഈ ദത്തങ്ങൾ അപഗ്രഥിച്ച് നിരീക്ഷണങ്ങളും നിഗമനങ്ങളും പഠനോദ്ദേശ്യങ്ങളെ ആസ്പദമാക്കി ഇതിനോടൊപ്പം ചേർത്തിരിക്കുന്നു.

## I. ഭാഷാപഠനത്തിൽ പിന്നോക്കമായ കുട്ടികളുടെ പഠനപ്രശ്നങ്ങൾ

ഭാഷാപഠനത്തിൽ പിന്നോക്കമായ കുട്ടികളെ കണ്ടെത്തുന്നതിനായി പ്രീ-ടെസ്റ്റ് നടത്തുകയുണ്ടായി. പ്രീ-ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ ഭാഷാപഠനത്തിൽ പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞു. പ്രധാനമായും കണ്ടെത്തിയ പ്രശ്നങ്ങൾ ചുവടെ സൂചിപ്പിക്കുന്നു.

- എഴുതുമ്പോൾ ചില അക്ഷരങ്ങൾ വിട്ടുപോകുന്നു.
- ഉച്ചാരണഭാഷയുടെ സ്വാധീനം എഴുത്തിൽ പ്രതിഫലിക്കുന്നു (ഡ, ട്ട).
- സ്വരചിഹ്നങ്ങൾ മാറിപ്പോകുന്നു. (കോഴി, കേഴി)
- രൂപസാദൃശ്യമുള്ള അക്ഷരങ്ങൾ പരസ്പരം മാറിപ്പോകുന്നു.
- ഉച്ചാരണപരമായ സമാനതയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ (ത, ധ, ദ, ഥ).
- ഉച്ചാരണസ്വാധീനം കൊണ്ട് തെറ്റായി ഉച്ചരിക്കൽ.
- ആവശ്യമായിടങ്ങളിൽ ഇരട്ടിപ്പ് ചേർക്കുന്നില്ല. (പപടം/പപ്പടം)
- കൂട്ടക്ഷരങ്ങൾ ശരിയായി ഉച്ചരിക്കാൻ കഴിയുന്നില്ല. (വാഴപഴം)
- ആവശ്യമായ സന്ദർഭങ്ങളിൽ പദങ്ങൾ ചേർത്തെഴുതുന്നില്ല (മണംമാണ്-മണമാണ്).

- ചില അക്ഷരങ്ങൾ വിട്ടുപോകുന്നു.
- ചിഹ്നങ്ങൾ വിട്ടുപോകുന്നു (പാത്ര; പാത്രം).
- വളരെ കുറച്ചുമാത്രം ഉപയോഗിക്കുന്ന അക്ഷരങ്ങൾ തെറ്റിപ്പോകുന്നു (ഝ,ഢ).
- ശ്രദ്ധയില്ലായ്മ മൂലം സംഭവിക്കുന്ന പിഴവുകൾ.
- ആശയങ്ങൾ എഴുതി പ്രകടിപ്പിക്കുന്നതിൽ ബുദ്ധിമുട്ടു നേരിടുന്നു.
- വാക്യങ്ങൾ പലതും പൂർണമാകുന്നില്ല.
- പദങ്ങൾ തമ്മിലുള്ള അകലം പാലിക്കുന്നില്ല.
- ചില അക്ഷരങ്ങൾ എഴുതുമ്പോൾ തിരിഞ്ഞു പോകുന്നു. (ല,ഥ)

## II. ഭാഷാപിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള ഒരു പ്രവർത്തനപദ്ധതി തയാറാക്കുക

ഭാഷാപഠനത്തിൽ കുട്ടികൾ നേരിടുന്ന വിവിധ പഠനപ്രശ്നങ്ങൾ കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, എഴുത്തിലും വായനയിലും ഭാഷണത്തിലുമുള്ള പിന്നോക്കാവസ്ഥ പരിഹരിക്കാനും ഭാഷാപഠനത്തിന്റെ നിലവാരം ഉയർത്താനും ലക്ഷ്യമിട്ടുകൊണ്ട് ഒരു പ്രവർത്തന മൊഡ്യൂൾ വികസിപ്പിച്ചു. മൊഡ്യൂൾ വിശകലനം അധ്യായം മൂന്നിലും പ്രവർത്തന മൊഡ്യൂൾ അനുബന്ധം (d) യിലും ചേർത്തിരിക്കുന്നു.

## III. തയാറാക്കിയ പ്രവർത്തന മൊഡ്യൂളിന്റെ പ്രായോഗികത

### *ക്ലാസ് നിരീക്ഷണരേഖ വിശകലനം*

'എന്റെ മലയാളം ഭാഷാപരിപോഷണപദ്ധതി'യുടെ ഭാഗമായി കുട്ടികൾക്കു നൽകിയ ക്ലാസുകൾ നിരീക്ഷിച്ച് പ്രതികരണങ്ങളും അഭിപ്രായങ്ങളും രേഖപ്പെടുത്തുന്നതിനു നിശ്ചിത ഫോറം നൽകിയിരുന്നു. കട്ടപ്പന വിദ്യാഭ്യാസ ജില്ലയിലാണ് ഈ വിലയിരുത്തൽ ഉപാധി പ്രയോജനപ്പെടുത്തിയത്. പരിശീലനത്തിൽ പങ്കെടുത്ത 36 അധ്യാപകരിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ പരിശീലനം സംബന്ധിച്ച പൊതുവായ ചില ധാരണകൾ രൂപപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ഇനങ്ങൾ വിശകലനം ചെയ്ത് ചുവടെ ചേർത്തിരിക്കുന്നു.

## പട്ടിക 4.1

## ക്ലാസ് നിരീക്ഷണ രേഖ

| നം | ചോദ്യങ്ങൾ | പ്രതികരണം | | | | | |
|---|---|---|---|---|---|---|---|
| 1 | എത്ര ദിവസം ക്ലാസ് നിരീക്ഷിച്ചു | 1 | | 2 | | 3 | |
| | | - | - | 36 | 100% | - | - |
| 2 | നിരീക്ഷിച്ച ക്ലാസിനെക്കുറിച്ചുള്ള അഭിപ്രായം | അതെ | | ഇല്ല | | | |
| | • പ്രവർത്തനരീതി ബോധ്യമായി | 36 | 100% | - | - | | |
| | • തുടർന്ന് നടത്താൻ സന്നദ്ധതയു ണ്ടായി | 36 | 100% | - | - | | |
| 3 | എത്ര ദിവസം നേരിട്ട് ക്ലാസ് സംഘടി പ്പിച്ചു | 1 | | 2 | | 3 | |
| | | 8 | 22% | 28 | 78% | - | - |
| 4 | നേരിട്ട് നടത്തിയപ്പോൾ അനുഭവപ്പെട്ടത് | അതെ | | ഇല്ല | | | |
| | • പ്രവർത്തന തത്ത്വം ബോധ്യമായി | 36 | 100% | - | - | | |
| | • തുടർന്ന് നടത്താൻ സന്നദ്ധതയുണ്ടായി | 36 | 100% | - | - | | |
| 5 | ക്ലാസിനോടുള്ള കുട്ടികളുടെ പ്രതിക രണം | മെച്ചപ്പെട്ടത് | | ശരാശരി | | മോശം | |
| | • നിരീക്ഷിച്ച ക്ലാസിലെ | 31 | 92% | 5 | | | |
| | • സ്വയം നടപ്പിലാക്കിയ സ്കൂളിലെ | 30 | 83% | 6 | 17% | - | - |
| 6 | റിസോഴ്സ് പേഴ്സൺമാരെക്കുറിച്ചുള്ള അഭിപ്രായം | മെച്ചപ്പെട്ടത് | | ശരാശരി | | മെച്ചപ്പെടേ ണ്ടതുണ്ട് | |
| | • പാഠങ്ങൾ അവതരിപ്പിക്കുന്നതിൽ | 31 | 86% | - | - | 5 | 14% |
| | • കുട്ടികളെ സഹായിക്കുന്നതിൽ | 31 | 86% | 5 | 14% | - | - |
| | • പ്രചോദനം നൽകുന്നതിൽ | 36 | 100% | - | - | - | - |
| | • പ്രവർത്തനവും തത്ത്വവും വിശദീകരിച്ചതിൽ | 36 | 100% | - | - | - | - |
| 7 | സംഘാടനത്തെക്കുറിച്ചുള്ള അഭിപ്രായം | മെച്ചപ്പെട്ടത് | | ശരാശരി | | മെച്ചപ്പെടേ ണ്ടതുണ്ട് | |
| | • ക്രമീകരണങ്ങൾ ചെയ്യുന്നതിൽ | 27 | 75% | 6 | 26% | 3 | 8% |
| | • അറിയിപ്പു നൽകുന്നതിൽ | 28 | 78% | 8 | 22% | - | - |
| | • സാമഗ്രികൾ ലഭ്യമാക്കുന്നതിൽ | 15 | 41,67% | 6 | 16.67% | 5 | 13.88 % |
| | • പ്രവർത്തനവും തത്ത്വവും വിശദീക രിച്ചതിൽ | 30 | 83% | 5 | 13.80% | 1 | 0.02 % |
| 8 | സ്കൂൾ അധികൃതരുടെ സഹകരണം | മെച്ചപ്പെട്ടത് | | ശരാശരി | | മെച്ചപ്പെടേ ണ്ടതുണ്ട് | |
| | | 34 | 94.44% | 2 | 0.05% | - | - |

### *നിരീക്ഷിച്ച ക്ലാസിനെക്കുറിച്ചുള്ള അഭിപ്രായം*

പരിശീലനത്തിൽ പങ്കെടുത്ത അധ്യാപകർ തുടർച്ചയായി 2 ദിവസം ക്ലാസ് നിരീക്ഷിച്ചു. എല്ലാവരും മൊഡ്യൂളിൽ ചിട്ടപ്പെടുത്തിയ പ്രകാരമാണ് ക്ലാസ് നടത്തിയതെന്ന് വിലയിരുത്തി. കൂടാതെ പ്രവർത്തനപദ്ധതി തുടർന്നും മുന്നോട്ടു കൊണ്ടുപോകാൻ അധ്യാപകർക്ക് താൽപ്പര്യമുള്ളതായി അവർ അഭിപ്രായപ്പെട്ടു. 'എന്റെ മലയാളം' പദ്ധതിയുടെ പ്രവർത്തനരീതി അവർക്ക് ബോധ്യപ്പെട്ടതായി വിലയിരുത്തി.

### *കുട്ടികളുടെ ക്ലാസിനോടുള്ള പ്രതികരണം*

തങ്ങൾ നിരീക്ഷിച്ച ക്ലാസുകളിൽ കുട്ടികളുടെ ക്ലാസിനോടുള്ള പ്രതികരണം മെച്ചപ്പെട്ടതായിരുന്നു എന്ന് 92% പേർ വിലയിരുത്തി. സ്വയം പദ്ധതി നടപ്പിലാക്കിയ സ്കൂളുകളിൽ സംഘടിപ്പിച്ച ക്ലാസുകളിൽ മെച്ചപ്പെട്ടതാ യിരുന്നു എന്ന് 83% പേർ വിലയിരുത്തിയപ്പോൾ 17% പേർ അത് ശരാശരി നിലവാരം മാത്രമേ പുലർത്തിയുള്ളൂ എന്ന അഭിപ്രായം പ്രകടിപ്പിച്ചു.

### *റിസോഴ്സ് അധ്യാപകരുടെ സ്വാധീനം*

പാഠങ്ങൾ അവതരിപ്പിക്കുന്നതിൽ റിസോഴ്സ് അധ്യാപകരുടെ സേവനം മികച്ചതായിരുന്നു എന്ന് 86% അധ്യാപകർ വിലയിരുത്തിയപ്പോൾ 14% പേർ അഭിപ്രായപ്പെട്ടത്. ഈ മേഖലയിൽ റിസോഴ്സ് അധ്യാപകർ ഇനിയും മെച്ചപ്പേടേണ്ടതുണ്ട് എന്നാണ്. കുട്ടികളെ സഹായിക്കുന്നതിൽ റിസോഴ്സ് അധ്യാപകരുടെ ഇടപെടൽ മെച്ചപ്പെട്ടതായിരുന്നു എന്നാണ് 86% പേർ അഭിപ്രായപ്പെട്ടത് 14% പേർ അഭിപ്രായപ്പെട്ടത് റിസോഴ്സ് അധ്യാപകർ ഈ മേഖലയിൽ ശരാശരി നിലവാരത്തിലായിരുന്നു എന്നാണ്. കുട്ടികൾക്ക് പ്രചോദനവും പ്രോത്സാഹനവും നൽകുന്നതിൽ റിസോഴ്സ് അധ്യാപകർ മെച്ചപ്പെട്ട നിലവാരം പുലർത്തി എന്ന് 100% പേരും വിലയിരുത്തി. അധ്യാപകർക്ക് പ്രവർത്തനവും തത്ത്വവും വിശദീകരിച്ചു തരുന്നതിൽ എസ്. സി. ഇ. ആർ. ടി. നിയോഗിച്ച റിസോഴ്സ് അധ്യാപകരുടെ സേവനം വളരെ ഫലപ്രദമായിരുന്നു എന്ന് എല്ലാ അധ്യാപകരും(100%) അഭിപ്രായപ്പെട്ടു.

### *എന്റെ മലയാളം പദ്ധതിയുടെ സംഘാടനം സംബന്ധിച്ച നിരീക്ഷണങ്ങൾ*

'എന്റെ മലയാളം ഭാഷാപരിപോഷണപരിപാടി'യുടെ സംഘാടനം സംബന്ധിച്ച നിരീക്ഷണങ്ങൾ അധ്യാപകർ രേഖപ്പെടുത്തി. ക്രമീകരണങ്ങൾ മെച്ചപ്പെട്ടതായിരുന്നു എന്നാണ് 75% പേർ അഭിപ്രായപ്പെട്ടത്. ക്രമീകരണങ്ങൾ ശരാശരി നിലവാരം പുലർത്തിയതായി 16% പേർ അഭിപ്രായപ്പെട്ടു. ക്രമീകരണങ്ങൾ നടത്തുന്നതിൽ ഇനിയും മെച്ചപ്പെടേണ്ടതുണ്ടെന്ന് 8% പേർ

അഭിപ്രായപ്പെട്ടു. സംഘാടനത്തിന്റെ ഭാഗമായി അറിയിപ്പു നൽകുന്നതിൽ മെച്ചപ്പെട്ട നിലവാരമായിരുന്നു എന്ന് 78% പേർ അഭിപ്രായപ്പെട്ടപ്പോൾ 22% പേർക്ക് ഈ കാര്യത്തിൽ സംഘാടനം ശരാശരി നിലവാരം പുലർത്തി യതേയുള്ളൂ എന്നാണ് അഭിപ്രായം. സാമഗ്രികൾ ലഭ്യമാക്കുന്ന കാര്യത്തിൽ മെച്ചപ്പെട്ട നിലവാരം പുലർത്തി എന്ന് 69.44% പേർ വിലയിരുത്തിയപ്പോൾ 16.67% പേർ അഭിപ്രായപ്പെട്ടത് ഈ കാര്യത്തിൽ സംഘാടനം ശരാശരി നിലവാരം പുലർത്തി എന്നാണ്. 13.88% പേരുടെ നിരീക്ഷണത്തിൽ ഈ കാര്യത്തിൽ സംഘാടനം ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

പ്രവർത്തനവും തത്ത്വവും വിശദീകരിച്ചതിൽ സംഘാടകർ മെച്ചപ്പെട്ട നിലവാരം പുലർത്തി എന്ന് 83% പേർ അഭിപ്രായപ്പെട്ടു. എന്നാൽ 13.83% പേർക്ക് ഈ കാര്യത്തിൽ സംഘാടകർ ശരാശരി നിലവാരത്തിലേക്ക് എത്തിയതേയുള്ളൂ എന്ന അഭിപ്രായമാണുള്ളത്.

'എന്റെ മലയാളം' പദ്ധതിയോട് സ്കൂൾ അധികൃതരുടെ സഹകരണം മെച്ചപ്പെട്ടതായിരുന്നു എന്നാണ് എല്ലാവരും അഭിപ്രായപ്പെട്ടത്.

## IV. പദ്ധതിയുടെ ഫലപ്രാപ്തിയും പദ്ധതി വ്യാപിപിക്കുന്നത് സംബന്ധി ച്ചുള്ള ശുപാർശകൾ

'എന്റെ മലയാളം' ഭാഷാപരിപോഷണ പരിപാടിയുടെ നിർവഹണത്തെ തുടർന്ന്, പ്രവർത്തനത്തിൽ പങ്കെടുത്ത അധ്യാപകർക്ക് പദ്ധതിയുടെ ഫലപ്രാപ്തിയെക്കുറിച്ച് തങ്ങളുടെ പ്രതികരണങ്ങളും അഭിപ്രായങ്ങളും നിർദേശങ്ങളും രേഖപ്പെടുത്താൻ ഒരു ചോദ്യാവലി നൽകുകയുണ്ടായി. കണ്ണൂർ, ഇടുക്കി, ആലപ്പുഴ വിദ്യാഭ്യാസജില്ലകളിൽ നിന്ന് പരിശീലനം നേടി പദ്ധതി വിദ്യാലയങ്ങളിൽ നടപ്പാക്കിയ സ്കൂളുകൾ, വിദ്യാർഥികൾ, അധ്യാപകർ എന്നിവരിൽ നിന്നാണ് വിവരശേഖരണം നടത്തിയത്. പദ്ധതിയെ സംബന്ധിച്ച പ്രതികരണം അറിയുന്നതിന് തിരഞ്ഞെടുത്ത സ്കൂളുകൾ, അധ്യാപകർ, വിദ്യാർഥികൾ എന്നിവരെ സംബന്ധിച്ച വിവരങ്ങൾ വിദ്യാഭ്യാസ ജില്ലാടിസ്ഥാ നത്തിൽ ചുവടെ ചേർക്കുന്നു.

പട്ടിക 4.2

**ഫലപ്രാപ്തിപഠനത്തിലെ പങ്കാളിത്തം**

**കണ്ണൂർ വിദ്യാഭ്യാസജില്ലയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളും കുട്ടികളുടെ എണ്ണവും**

| ക്രമ നമ്പർ | തിരഞ്ഞെടുത്ത സ്കൂളുകൾ | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | എച്ച്.എസ്.എസ്. അഞ്ചരക്കണ്ടി | 22 |
| 2 | എച്ച്.എസ്.എസ്. ചെമ്പിലോട് | 16 |
| 3 | ജി.എച്ച്.എസ്.എസ്. ചാല | 23 |
| 4 | കണ്ണാടിപ്പറമ്പ് ജി.എച്ച്.എസ്.എസ് | 16 |
| 5 | എളയാവൂർ സി.എച്ച്.എം.എച്ച്.എസ്.എസ് | 25 |
| ആകെ | | 102 |

പട്ടിക 4.3

**കട്ടപ്പന വിദ്യാഭ്യാസജില്ലയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളും കുട്ടികളുടെ എണ്ണവും**

| ക്രമ നമ്പർ | തെരഞ്ഞെടുത്ത സ്കൂളുകൾ | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | ജി. ടി. എച്ച്. എസ്. എസ്. മുരിക്കാട്ട്കുടി | 12 |
| 2 | എൻ. എസ്. പി. എച്ച്. എസ്. പുറ്റടി | 20 |
| 3 | ജി. ടി. എച്ച്. എസ്. ചക്കുപള്ളം | 14 |
| 4 | ജി. എച്ച്. എസ്. എസ്. അമരാവതി | 20 |
| 5 | ജി. ഇ. എം. എച്ച്. എസ്. ശാന്തിഗ്രാം | 18 |
| 6 | സെന്റ് തോമസ് എച്ച്. എസ്. എസ്. ഇരട്ടയാർ | 20 |
| 7 | ജി. ടി. എച്ച്. എസ്. എസ്. കട്ടപ്പന | 15 |
| 8 | സെന്റ് ജെറോം എച്ച്. എസ്. എസ്. വെള്ളയാംകുടി | 20 |
| 9 | സെന്റ് ആന്റണീസ് എച്ച്. എസ് എസ്. വണ്ടൻമേട് | 20 |
| 10 | എം. എം. എച്ച്. എസ്. നരിയംപാറ | 20 |
| ആകെ | | 179 |

**പട്ടിക 4.4**

**ആലപ്പുഴ വിദ്യാഭ്യാസജില്ലയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട വിദ്യാലയങ്ങളും കുട്ടികളുടെ എണ്ണവും**

| ക്രമ നമ്പർ | തെരഞ്ഞെടുത്ത സ്കൂളുകൾ | കുട്ടികളുടെ എണ്ണം |
|---|---|---|
| 1 | കെ. വി. സംസ്കൃതം എച്ച്. എസ്.എസ്. മുതുകുളം | 20 |
| 2 | മുഹമ്മദൻസ് ബോയ്സ് ഹയർസെക്കന്ററി സ്കൂൾ ആലപ്പുഴ | 23 |
| 3 | സെന്റ് മൈക്കിൾസ് എച്ച്. എസ്. എസ്. ആലപ്പുഴ | 35 |
| 4 | എസ്. എൻ. എം. എച്ച്. എസ്. എസ്. പുറക്കാട് | 20 |
| 5 | മോഡൽ എച്ച്. എസ്. അമ്പലപ്പുഴ | 20 |
| 6 | ബോയ്സ് എച്ച്. എസ്. എസ്. ഹരിപ്പാട് | 20 |
| 7 | ഗവൺമെന്റ് എച്ച്. എസ്. എസ്. വീയപുരം | 21 |
| 8 | സി. കെ. എച്ച്. എസ്. ചേപ്പാട് | 24 |
| ആകെ | | 183 |

പദ്ധതിയുടെ നടത്തിപ്പിനായി അതതു വിദ്യാലയങ്ങളിലെ അധ്യാപകരെ തന്നെയാണ് ആവശ്യമായ പരിശീലനം നൽകി ചുമതലപ്പെടുത്തിയത്. കണ്ണൂർ, കട്ടപ്പന, ആലപുഴ വിദ്യാഭ്യാസജില്ലകളിലെ 42 അധ്യാപകരിൽ നിന്നു വിവരശേഖരണം നടത്തി. പഠനത്തിൽ പങ്കെടുത്ത അധ്യാപകരുടെ എണ്ണം വിദ്യാഭ്യാസജില്ലാ അടിസ്ഥാനത്തിൽ പട്ടിക 4.4ൽ ചേർത്തിരിക്കുന്നു.

**പട്ടിക 4.5**

**പഠനത്തിൽ പങ്കെടുത്ത അധ്യാപകരുടെ എണ്ണം വിദ്യാഭ്യാസജില്ലാ അടിസ്ഥാനത്തിൽ**

| ക്രമ നമ്പർ | വിദ്യാഭ്യാസജില്ല | അധ്യാപകരുടെ എണ്ണം |
|---|---|---|
| 1 | കണ്ണൂർ | 9 |
| 2 | കട്ടപ്പന | 18 |
| 3 | ആലപ്പുഴ | 15 |
| ആകെ | | 42 |

## ❖ അധ്യാപകർക്കുള്ള ചോദ്യാവലി വിശകലനം

ഫലപ്രാപ്തി പഠനത്തിനായി തിരഞ്ഞെടുത്ത അധ്യാപകർക്കു നൽകിയ ചോദ്യാവലിയിൽ നാലു ഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

i. കുട്ടികളുടെ പഠനനിലവാരത്തിലുണ്ടായ പുരോഗതി സംബന്ധിച്ച്
ii. കുട്ടികളിൽ ഉണ്ടായ മാറ്റങ്ങൾ സംബന്ധിച്ച നിരീക്ഷണങ്ങൾ
iii. പദ്ധതിയുടെ ഫലപ്രാപ്തിയുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ
iv. കുട്ടികളുടെ പഠനപുരോഗതിയുമായി ബന്ധപ്പെട്ട അനുഭവവും വ്യക്തി പരമായുള്ള നിരീക്ഷണങ്ങളും

ഈ ചോദ്യാവലിയിലൂടെ ലഭിച്ച ദത്തങ്ങളുടെ വിശകലനം ചുവടെ ചേർക്കുന്നു.

### i. കുട്ടികളുടെ പഠനനിലവാരത്തിലുണ്ടായ പുരോഗതി

സെക്കന്ററി തലത്തിലെ വിദ്യാർഥികളുടെ ഭാഷാശേഷി വികസിപ്പിക്കുന്ന തിന് നടപ്പിലാക്കിയ 'എന്റെ മലയാളം' പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർഥികളുടെ പഠനനിലവാരത്തിലുണ്ടായ പുരോഗതി സംബന്ധിച്ച ആറു ഘടകങ്ങളുടെ ഫലപ്രാപ്തിയാണ് വിലയിരുത്തിയത്. ഒഴുക്കോടെ വായിക്കാൻ കഴിവുള്ള കുട്ടികളുടെ എണ്ണം, തെറ്റുകൂടാതെ എഴുതാൻ കഴിവുള്ള കുട്ടികളുടെ എണ്ണം, വായനസാമഗ്രികൾ താൽപര്യപ്പൂർവം തിരഞ്ഞെടുത്തു വായിക്കുന്നവർ, കൂടുതൽ പിന്തുണ ആവശ്യമായ കുട്ടികൾ, ആത്മവിശ്വാസ ത്തോടെ പഠനപ്രവർത്തനങ്ങളിൽ ഇടപെടുകയും ആശയവിനിമയം നടത്തുക യും ചെയ്യുന്ന കുട്ടികളുടെ എണ്ണം, സർഗാത്മക പ്രവർത്തനങ്ങളിൽ താൽപ്പര്യം പ്രകടിപ്പിക്കുന്ന കുട്ടികളുടെ എണ്ണം എന്നിവയാണ് വിശകലനവിധേയമാ ക്കിയത്. ഓരോന്നും സംബന്ധിച്ച വിലയിരുത്തലുകളും കണ്ടെത്തലുകളും ചുവടെ ചേർക്കുന്നു.

#### 1. കുട്ടികളുടെ പഠനനിലവാരത്തിലുണ്ടായ പുരോഗതി

'എന്റെ മലയാളം' പദ്ധതിയുടെ ഭാഗമായ കുട്ടികളുടെ പഠനപുരോഗ തിയിൽ കണ്ട മാറ്റം സംബന്ധിച്ച് അധ്യാപകരുടെ നിരീക്ഷണങ്ങൾ അപഗ്രഥിച്ച് പട്ടിക 4.5ൽ ചേർത്തിരിക്കുന്നു.

**പട്ടിക 4.6**

**കുട്ടികളുടെ പഠനനിലവാരത്തിലുണ്ടായ പുരോഗതി**

| ക്രമ നമ്പർ | പഠനനിലവാരവുമായി ബന്ധപ്പെട്ട ഘടകങ്ങൾ | മികവു പുലർത്തിയവർ (%) | കൂടുതൽ പിന്തുണ ആവശ്യമുള്ളവർ (%) | ആകെ |
|---|---|---|---|---|
| 1 | ഒഴുക്കോടെയുള്ള വായന | 61 | 39 | 100 |
| 2 | തെറ്റുകൂടാതെ എഴുതൽ | 62 | 38 | 100 |
| 3 | വായനസാമഗ്രികൾ താൽപ്പര്യപൂർവം തിരഞ്ഞെടുത്തു വായിക്കുന്നവർ | 50 | 50 | 100 |
| 4 | പഠനപ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടൽ | 68 | 32 | 100 |
| 5 | ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തൽ | 68 | 32 | 100 |
| 6 | സർഗാത്മകപ്രവർത്തനങ്ങളിൽ താൽപര്യം പ്രകടിപ്പിക്കുന്നവർ | 44 | 56 | 100 |

'എന്റെ മലയാളം' ഭാഷാപരിപോഷണ പരിപാടി നടപ്പിലാക്കിയ വിദ്യാലയങ്ങളിലെ കുട്ടികളുടെ പഠനനിലവാരത്തിന്റെ പുരോഗതി വിലയിരുത്തിയ ഘട്ടത്തിൽ ഒഴുക്കോടെ വായിക്കാൻ കഴിവു നേടിയ കുട്ടികൾ 61% ആണ്. 39% പേർക്ക് ഈ മേഖലയിൽ കൂടുതൽ പിന്തുണ ആവശ്യമുണ്ടെന്നാണ് പഠനം വ്യക്തമാക്കുന്നത്. 'എന്റെ മലയാളം' പരിപാടി നടത്തിപ്പിനു ശേഷം തെറ്റുകൂടാതെ എഴുതാൻ കഴിയുന്നവരുടെ എണ്ണം 62% ആയി. കൂടുതൽ പിന്തുണ വേണ്ടവർ 38% ആണ്. പ്രവർത്തനപരിപാടി നൽകിയ വിദ്യാർഥികളിൽ 50% പേർ വായനസാമഗ്രികൾ താൽപ്പര്യപൂർവം തിരഞ്ഞെടുത്തു വായിക്കാൻ തുടങ്ങിയതായി അധ്യാപകർ അഭിപ്രായപ്പെട്ടു. ബാക്കിയുള്ളവർക്ക് കൂടുതൽ പിന്തുണ നൽകേണ്ടതുണ്ടെന്നു വിലയിരുത്തപ്പെട്ടു. പ്രസ്തുത വിദ്യാർഥികളിൽ 68% പേർ പഠന പ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടുകയും ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുകയും ചെയ്തതായി വിലയിരുത്തുന്നു. സർഗാത്മക പ്രവർത്തനങ്ങളിൽ ഈ കുട്ടികളിൽ 44% പേർ മികവു പുലർത്തിയതായി കാണാം. 56% പേർക്ക് കൂടുതൽ പിന്തുണ നൽകി മെച്ചപ്പെടുത്തേണ്ടതുണ്ട് എന്ന് അഭിപ്രായപ്പെടുന്നു.

*കുട്ടികളിലെ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ നടപ്പിലാക്കിയ 'എന്റെ മലയാളം' ഭാഷാപരിപോഷണപരിപാടി കുട്ടികളുടെ വായന, ലേഖനം എന്നിവ മെച്ചപ്പെടുത്തുന്നതിൽ വളരെ പ്രയോജനപ്പെട്ടു എന്നു തെളിയുന്നു. ആത്മവിശ്വാസത്തോടെ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ആശയവിനിമയം നടത്താനും അവർക്കു കഴിയുന്നു. സർഗാത്മകപ്രവർത്തനങ്ങളിൽ മികവുപുലർത്തുന്നു. വായനസാമഗ്രികൾ താൽപ്പര്യത്തോടെ വായിക്കുകയും ചെയ്യുന്നു. തുടർപ്രവർത്തനങ്ങളും കൂടുതൽ ശ്രദ്ധയും പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നൽകാനായാൽ അവർക്കും മികവുപുലർത്താൻ കഴിയും എന്ന് പഠനം വ്യക്തമാക്കുന്നുണ്ട്.*

**2. കുട്ടികളുടെ എഴുത്തിൽ പരിഹരിക്കാൻ കഴിഞ്ഞ പ്രധാനപ്പെട്ട പ്രശ്നങ്ങൾ**

എന്റെ മലയാളം ഭാഷാപരിപോഷണപരിപാടി നടപ്പിലാക്കിയ വിദ്യാലയങ്ങളിലെ കുട്ടികളുടെ എഴുത്തിൽ നിലനിന്നിരുന്ന പല പ്രശ്നങ്ങളും പരിഹരിക്കപ്പെട്ടതായി പഠനം വ്യക്തമാക്കുന്നു. എഴുത്തിൽ പരിഹരിക്കാൻ കഴിഞ്ഞ പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്:

- കേൾക്കുന്ന കാര്യങ്ങൾ സ്വയം എഴുതാൻ കഴിയുന്നു.
- ചിത്രങ്ങൾക്ക് ഉചിമായ വർണന/ വിവരണം തയാറാക്കാൻ കഴിവു നേടി.
- അക്ഷരങ്ങൾ, സ്വരചിഹ്നങ്ങൾ, ചില്ലുകൾ, കൂട്ടക്ഷരങ്ങൾ എന്നിവ ഉപയോഗിക്കുമ്പോൾ വന്നിരുന്ന പിഴവുകൾ പരിഹരിക്കാൻ കഴിഞ്ഞു.
- വാക്യങ്ങൾ, പദങ്ങൾ എന്നിവ എഴുതുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകൾ (ഇടയകലം, ചിഹ്നം)പാലിച്ച് എഴുതാൻ കഴിയുന്നു.
- കേട്ട് എഴുതുമ്പോൾ കുട്ടികൾ വരുത്തിയിരുന്ന തെറ്റുകൾ വളരെ കുറഞ്ഞു.
- എഴുതുമ്പോൾ (ലിപി) വരുത്തിയിരുന്ന പിഴവുകൾ പരിഹരിച്ചു.
- ഉച്ചാരണസാമ്യമുള്ള അക്ഷരങ്ങൾ കൃത്യമായി തിരിച്ചറിഞ്ഞ് ഉപയോഗി ക്കാൻ കഴിയുന്നു.

*പഠനപരിപോഷണ പരിപാടിയുടെ ഭാഗമായി നൽകിയ പ്രവർത്തനങ്ങൾ ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ഏറെ പ്രയോജനപ്പെട്ടു എന്നു പഠനം വ്യക്തമാക്കുന്നു.*

**3. കുട്ടികളുടെ എഴുത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ**

ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനു നൽകിയ എന്റെ മലയാളം പഠനപരിപോഷണപരിപാടി കുട്ടികളുടെ എഴുത്തിൽ വരുത്തുന്ന

പിഴവുകൾ പരിഹരിക്കുന്നതിനു സഹായകമായി. എങ്കിലും ഇപ്പോഴും ചില കുട്ടികളിൽപ്രശ്നങ്ങൾ നിലനിൽക്കുന്നതായി അധ്യാപകർ അഭിപ്രായപ്പെട്ടു. ചില കുട്ടികളിൽ ഇപ്പൊഴും കാണുന്ന പ്രശ്നങ്ങൾ താഴെ പറയുന്നവയാണ്:

- തുടർച്ചയായി എഴുതുമ്പോൾ തെറ്റു വരുന്നു.
- ആശയപൂർണതയോടെ എഴുതാൻ കഴിയുന്നില്ല.
- ചില അക്ഷരങ്ങളുടെ ഉച്ചാരണം ഉറയ്ക്കാത്തതിനാൽ അവ എഴുതുമ്പോൾ തെറ്റു വരുന്നു (ത/ദ/ധ, ക/ഖ/ഗ, ശ/ ഷ).
- എഴുതുന്നതിൽ വേഗം കുറവ്.
- അക്ഷരത്തെറ്റ് തുടരുന്നു.
- കൂട്ടക്ഷരങ്ങൾ, സ്വരചിഹ്നങ്ങൾ, ചില്ലുകൾ എന്നിവ എഴുതുമ്പോൾ ഇനിയും തെറ്റുന്നു.
- അക്ഷരവടിവ് പാലിക്കാൻ കഴിയുന്നില്ല.

***'എന്റെ മലയാളം' പഠനപരിപോഷണപരിപാടിയുടെ തുടർപ്രവർത്തനം തടസ്സമില്ലാതെ തുടരേണ്ടതാണെന്ന് പഠനം വ്യക്തമാക്കുന്നു. ഓരോ ഘട്ടത്തിലും കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തി വേണ്ട മെച്ചപ്പെടുത്തലുകൾ നൽകേണ്ടതാണ് എന്ന് ഓർമപ്പെടുത്തുന്നു.***

**4. വായനയുമായി ബന്ധപ്പെട്ട പരിഹരിക്കാൻ കഴിഞ്ഞ പ്രധാന പ്രശ്നങ്ങൾ**

എന്റെ മലയാളം പഠനപരിപോഷണപരിപാടി നടപ്പിലാക്കിയ വിദ്യാലയങ്ങളിൽ വായനയുമായി ബന്ധപ്പെട്ട് കുട്ടികൾക്കുണ്ടായിരുന്ന നിരവധി പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞതായി അധ്യാപകർ വിലയിരുത്തുന്നു. അവ താഴെ പറയുന്നു:

- ഭാഷാപരമായ പിന്നോക്കാവസ്ഥ ഉണ്ടായിരുന്ന കുട്ടികളിൽ ഭൂരിപക്ഷം പേർക്കും പരസഹായമില്ലാതെ വായിക്കാൻ കഴിയുന്നു.
- ആശയവ്യക്തതയോടെ വായിക്കാൻ കഴിയുന്നു.
- ഉച്ചാരണശുദ്ധിയോടെ വായിക്കുന്നു.
- അക്ഷരസ്ഫുടതയോടെ വായിക്കുന്നു.
- ആത്മവിശ്വാസത്തോടെ വായിക്കുവാൻ കഴിയുന്നു.
- വായിക്കാൻ താൽപ്പര്യം കാട്ടുന്നു.

***വായനയിൽ പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് 'എന്റെ മലയാളം' പരിപാടി ഏറെ പ്രയോജനം ചെയ്തു എന്നു പഠനം വ്യക്തമാക്കുന്നു.***

**വായനയുമായി ബന്ധപ്പെട്ട് ഇപ്പോഴുള്ള പ്രശ്നങ്ങൾ**

'എന്റെ മലയാളം' പരിപാടി പിന്നോക്കം നിൽക്കുന്ന കുട്ടികളുടെ വായനയിൽ പുരോഗതിയുണ്ടാക്കാൻ വളരെ പ്രയോജനപ്പെട്ടു. എങ്കിലും ചില പോരായ്മകൾ നിലനിൽക്കുന്നതായി വിലയിരുത്തപ്പെടുന്നു.

- ചില കുട്ടികൾ ആവർത്തിച്ചു വായിപ്പിച്ചതു മാത്രമേ വായിക്കുന്നുള്ളൂ. പുതിയ ഒന്ന് വായിക്കാൻ ശ്രമിക്കുന്നില്ല.
- വായനയുടെ തുടർച്ച ഇല്ലാതാകുന്നു.
- ഉച്ചാരണസ്ഫുടതയും ആശയവ്യക്തതയും കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- വായനയിൽ പാലിക്കേണ്ട വേഗവും ശബ്ദനിയന്ത്രണവും കൈവരിച്ചിട്ടില്ല.
- അശ്രദ്ധമായ വായന

***വായനയുടെ പുരോഗതിക്കായി ചില തുടർപ്രവർത്തനങ്ങൾ നൽകേണ്ടതുണ്ടെന്ന് അധ്യാപകരുടെ ചോദ്യാവലി വിശകലനം ചെയ്തതിൽ നിന്നു വ്യക്തമാകുന്നു.***

## ii. കുട്ടികളിൽ പ്രകടമായ മാറ്റങ്ങൾ

'എന്റെ മലയാളം' പരിപാടി നടപ്പിലാക്കിയ കണ്ണൂർ, ഇടുക്കി, ആലപ്പുഴ ജില്ലകളിലെ ഭാഷാപരമായ പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികളിൽ പ്രകടമായ മാറ്റത്തെ സംബന്ധിച്ച് അധ്യാപകർ ചോദ്യാവലിയിൽ പ്രതികരിച്ചിരുന്നു. കുട്ടികളുടെ രചന, ഇതരവിഷയങ്ങളുടെ പഠനത്തിലുള്ള മികവ്, സംഘപ്രവർത്തനത്തിൽലുള്ള ഇടപെടൽ, വാചിക അവതരണത്തിലെ മികവ്, പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കൽ, പൊതുവായ വായനയിലുള്ള താൽപ്പര്യം, സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള താൽപ്പര്യം എന്നീ മേഖലകളിൽ ഉണ്ടായ മാറ്റങ്ങളാണ് നിരീക്ഷണ വിധേയമാക്കിയത്. ഇവയിലോരോന്നിലും കുട്ടികൾക്കുണ്ടായ മാറ്റങ്ങൾ സംബന്ധിച്ച് അധ്യാപകരുടെ നിരീക്ഷണങ്ങൾ അപഗ്രഥിച്ച് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

### 1. രചനകളിൽ ഏർപ്പെടുമ്പോൾ പ്രകടമായ മാറ്റം

'എന്റെ മലയാളം' പദ്ധതിയിൽ ഉൾപ്പെട്ട കുട്ടികൾ തങ്ങളുടെ രചനാപ്രവർത്തനങ്ങളിൽ പ്രകടിപ്പിച്ച മാറ്റങ്ങൾ സംബന്ധിച്ച് അധ്യാപകരുടെ നിരീക്ഷണങ്ങൾ പട്ടിക 4.6ൽ ചേർത്തിരിക്കുന്നു.

**പട്ടിക 4.7**

**രചനകളിൽ ഏർപ്പെടുമ്പോൾ പ്രകടമായ മാറ്റം**

| മേഖലകൾ | നിരീക്ഷണങ്ങൾ (%) | | | | | ആകെ |
|---|---|---|---|---|---|---|
| | വളരെ നന്നായി | നന്നായി | സാമാന്യമായി | കുറച്ചൊക്കെ | മെച്ചപ്പെടേണ്ടതുണ്ട് | |
| ചനയിൽ ഏർപ്പെടുമ്പോൾ തെറ്റുകൾ തിരുത്താൻ ശ്രമിക്കുന്നു. | 23 | 23 | 28 | 15 | 11 | 100 |

'എന്റെ മലയാളം' പ്രവർത്തനങ്ങളിൽ പരിശീലനം ലഭിച്ച കുട്ടികൾ രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന അവസരത്തിൽ 23% വീതം പേരും മികവു പ്രകടിപ്പിച്ചു. 28% പേർ സാമാന്യം മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചു. 15% പേർ ഈ മേഖലയിൽ മുൻപുള്ളതിനേക്കാൾ കുറച്ചു കൂടുതൽ മികവിലേക്കുയർന്നു. എന്നാൽ 11% പേർ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

**2. ഇതര വിഷയങ്ങളുടെ പഠനത്തിൽ പ്രകടിപ്പിച്ച മികവ്**

കുട്ടികൾ ഇതര വിഷയങ്ങളുടെ പഠനത്തിൽ പ്രകടിപ്പിച്ച മാറ്റങ്ങൾ സംബന്ധിച്ച് അധ്യാപകരുടെ നിരീക്ഷണങ്ങൾ പട്ടിക 4.7.1 ൽ ചേർത്തിരിക്കുന്നു.

**പട്ടിക 4.7.1**

**ഇതര വിഷയങ്ങളുടെ പഠനത്തിൽ പ്രകടിപ്പിച്ച മികവ്**

| മേഖലകൾ | നിരീക്ഷണങ്ങൾ (%) | | | | | ആകെ |
|---|---|---|---|---|---|---|
| | വളരെ നന്നായി | നന്നായി | സാമാന്യമായി | കുറച്ചൊക്കെ | മെച്ചപ്പെടേണ്ടതുണ്ട് | |
| ഇതരവിഷയങ്ങളുടെ പഠനത്തിൽ മികവ് പ്രകടിപ്പിക്കാൻ കഴിയുന്നു. | 11 | 21 | 26 | 32 | 9.4 | 100 |

'എന്റെ മലയാളം' പ്രവർത്തനങ്ങളിൽ പരിശീലനം ലഭിച്ച കുട്ടികൾ ഇതര വിഷയങ്ങളുടെ പഠനത്തിൽ പ്രകടിപ്പിച്ച മികവ് ഇപ്രകാരമാണ്. ഇതരവിഷയങ്ങൾ പഠിക്കുന്നതിൽ 11% പേർ മികവു പ്രകടിപ്പിച്ചു. 21% പേരിൽ നല്ല മാറ്റം കണ്ടു. 26% പേർ സാമാന്യം മെച്ചപ്പെട്ട പ്രകടനം കാഴ്ചവച്ചു. 32% പേർ ഈ മേഖലയിൽ മുൻപുള്ളതിനേക്കാൾ കുറച്ചുകൂടി മെച്ചപ്പെട്ടു . എന്നാൽ 9.4% പേർ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

### 3. സംഘപ്രവർത്തനങ്ങളിലെ ഇടപെടൽ

കുട്ടികൾ സംഘപ്രവർത്തനങ്ങളിൽ ഇടപെടുന്നതിൽ കണ്ട മാറ്റമാണ് പട്ടിക 4.7.2 ൽ ചേർത്തിരിക്കുന്നത്.

**പട്ടിക 4.7.2**

**സംഘപ്രവർത്തനങ്ങളിലെ ഇടപെടൽ**

| മേഖലകൾ | നിരീക്ഷണങ്ങൾ (%) | | | | | ആകെ |
|---|---|---|---|---|---|---|
| | വളരെ നന്നായി | നന്നായി | സാമാന്യമായി | കുറച്ചൊക്കെ | മെച്ചപ്പെടേണ്ടതുണ്ട് | |
| സംഘപ്രവർത്തനങ്ങളിൽ ഫലപ്രദമായി ഇടപെടുന്നു. | 21 | 32 | 19 | 15 | 13 | 100 |

'എന്റെ മലയാളം' പ്രവർത്തനങ്ങളിൽ പരിശീലനം ലഭിച്ച കുട്ടികൾ സംഘപ്രവർത്തനങ്ങളിൽ ഇടപെടുന്നതിൽ ചില മാറ്റങ്ങൾ കണ്ടതായി അധ്യാപകർ നിരീക്ഷിക്കുന്നു. സംഘപ്രവർത്തനങ്ങളിൽ 21% പേർ മികച്ച രീതിയിൽ ഇടപെടുന്നു. 32% പേർ നന്നായി ഇടപെട്ടു കണ്ടു. 19% പേർ സാമാന്യമായി സംഘപ്രവർത്തനങ്ങളിൽ ഇടപെട്ടു തുടങ്ങിയതായി അധ്യാപകർ അഭിപ്രായപ്പെട്ടു. 15% പേർ ഈ മേഖലയിൽ മുൻപുള്ളതിനേക്കാൾ കുറച്ചുകൂടി മെച്ചപ്പെട്ടു . എന്നാൽ 13% പേർ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

### 4. ക്ലാസിലെ വാചികാവതരണങ്ങളിൽ പ്രകടിപ്പിച്ച മികവ്

കുട്ടികൾ ക്ലാസിലെ വാചികാവതരണങ്ങളിൽ മികവു പുലർത്തുന്നതിൽ പ്രകടമായ മാറ്റം സംബന്ധിച്ച് അധ്യാപകരുടെ നിരീക്ഷണങ്ങളാണ് പട്ടിക 4.7.3 ൽ നൽകിയിരിക്കുന്നത്.

**പട്ടിക 4.7.3**

**ക്ലാസിലെ വാചികാവതരണങ്ങളിൽ പ്രകടിപ്പിച്ച മികവ്**

| മേഖലകൾ | നിരീക്ഷണങ്ങൾ (%) | | | | | ആകെ |
|---|---|---|---|---|---|---|
| | വളരെ നന്നായി | നന്നായി | സാമാന്യമായി | കുറച്ചൊക്കെ | മെച്ചപ്പെടേണ്ടതുണ്ട് | |
| ക്ലാസിലെ വാചികാവതരണങ്ങളിൽ മികവ് പുലർത്തുന്നു | 15 | 21 | 30 | 19 | 15 | 100 |

കുട്ടികളുടെ ക്ലാസിലെ വാചികാവതരണങ്ങളിൽ മികവു കണ്ടതായി അധ്യാപകർ നിരീക്ഷിക്കുന്നു. വാചികാവതരണങ്ങളിൽ 15% പേർ നല്ല മികവ് പുലർത്തുന്നു 21% പേർ നന്നായി വാചികാവതരണം നടത്തി. 30% പേർ സാമാന്യമായി വാചികാവതരണങ്ങൾ നടത്തിത്തുടങ്ങിയതായി അധ്യാപകർ അഭിപ്രായപ്പെട്ടു. 19% പേർ ഈ മേഖലയിൽ മുൻപുള്ളതിനേക്കാൾ കുറച്ചു കൂടി മെച്ചപ്പെട്ടു . എന്നാൽ 15% പേർ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

**5. സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലുള്ള താൽപ്പര്യം**

കുട്ടികൾ ക്ലാസിലെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിൽ പ്രകടിപ്പിച്ച താൽപ്പര്യം സംബന്ധിച്ച് അധ്യാപകരുടെ നിരീക്ഷണങ്ങളാണ് പട്ടിക 4.7.4 ൽ നൽകിയിരിക്കുന്നത്.

**പട്ടിക 4.7.4**

**സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലുള്ള താൽപ്പര്യം**

| മേഖലകൾ | നിരീക്ഷണങ്ങൾ (%) | | | | | ആകെ |
|---|---|---|---|---|---|---|
| | വളരെ നന്നായി | നന്നായി | സാമാന്യമായി | കുറച്ചൊക്കെ | മെച്ചപ്പെടേണ്ടതുണ്ട് | |
| ഏറ്റെടുത്ത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ താൽപ്പര്യം പ്രകടിപ്പിക്കുന്നു. | 17 | 26 | 26.6 | 21 | 9.4 | 100 |

കുട്ടികൾ ഏറ്റെടുത്ത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ താൽപ്പര്യം പ്രകടിപ്പിക്കുന്നു എന്ന് അധ്യാപകർ നിരീക്ഷിക്കുന്നു. 17% പേർ വളരെ അധികം താൽപര്യത്തോടെ തങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നതായി അധ്യാപകർ നിരീക്ഷിച്ചു. 26% പേരിൽ നല്ല താൽപ്പര്യം നിരീക്ഷിക്കാനായതായി അധ്യാപകർ അഭിപ്രായപ്പെട്ടു. 26.6% പേർ ഏറ്റെടുത്ത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സാമാന്യമായി താല്പര്യം പ്രകടിപ്പിക്കുന്നു 21% പേർ ഈ മേഖലയിൽ മുൻപുള്ളതിനേക്കാൾ കുറച്ചു കൂടി മെച്ചപ്പെട്ടു . എന്നാൽ 9.4% പേർ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

**6. പൊതുവായ വായനയിൽ പ്രകടിപ്പിച്ച താൽപര്യം**

കുട്ടികൾ പൊതുവായ വായനയിൽ പ്രകടിപ്പിച്ച താൽപര്യം സംബന്ധിച്ച് അധ്യാപകരുടെ നിരീക്ഷണങ്ങളാണ് പട്ടിക 4.6.5 ൽ നൽകിയിരിക്കുന്നത്.

**പട്ടിക 4.7.5**

**പൊതുവായ വായനയിൽ പ്രകടിപ്പിച്ച താൽപ്പര്യം**

| മേഖലകൾ | നിരീക്ഷണങ്ങൾ (%) | | | | | ആകെ |
|---|---|---|---|---|---|---|
| | വളരെ നന്നായി | നന്നായി | സാമാന്യമായി | കുറച്ചൊക്കെ | മെച്ചപ്പെടേണ്ടതുണ്ട് | |
| പൊതുവായ വായനയിൽ താൽപ്പര്യം പ്രകടിപ്പിക്കുന്നു. | 7.5 | 25 | 30 | 19 | 18.5 | 100 |

'എന്റെ മലയാളം' പ്രവർത്തനങ്ങളിൽ പരിശീലനം ലഭിച്ച കുട്ടികൾ പൊതുവായ വായനയിൽ പ്രകടിപ്പിച്ച താൽപ്പര്യത്തിൽ മാറ്റങ്ങൾ കണ്ടതായി അധ്യാപകർ നിരീക്ഷിക്കുന്നു. പൊതുവായ വായനയിൽ 7.5% പേർ വളരെ നല്ല താൽപ്പര്യം പ്രകടിപ്പിച്ചു എന്ന് അധ്യാപകർ നിരീക്ഷിക്കുന്നു. 25% പേർ പൊതുവായ വായനയിൽ നന്നായി താൽപ്പര്യം പ്രകടിപ്പിച്ചു. 30% പേർ സാമാന്യമായി താൽപ്പര്യം പ്രകടിപ്പിച്ചു 19% പേർ ഈ മേഖലയിൽ മുൻപുള്ളതിനേക്കാൾ കുറച്ചു കൂടി മെച്ചപ്പെട്ടു. എന്നാൽ 18.5% പേർ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

**7. സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിൽ പ്രകടമായ മാറ്റം**

കുട്ടികൾ സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിൽ പ്രകടമായ മാറ്റം സംബന്ധിച്ച് അധ്യാപകരുടെ നിരീക്ഷണങ്ങളാണ് പട്ടിക 4.7.6 ൽ നൽകിയിരിക്കുന്നത്.

**പട്ടിക 4.7.6**

**സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിൽ പ്രകടമായ മാറ്റം**

| മേഖലകൾ | നിരീക്ഷണങ്ങൾ (%) | | | | | ആകെ |
|---|---|---|---|---|---|---|
| | വളരെ നന്നായി | നന്നായി | സാമാന്യമായി | കുറച്ചൊക്കെ | മെച്ചപ്പെടേണ്ടതുണ്ട് | |
| സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ താൽപ്പര്യം പ്രകടിപ്പിക്കുന്നു. | 21 | 38 | 21 | 7.5 | 13 | 100 |

'എന്റെ മലയാളം' പ്രവർത്തനങ്ങളിൽ പരിശീലനം ലഭിച്ച കുട്ടികൾ സ്കൂൾപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിൽ മാറ്റങ്ങൾ കണ്ടതായി അധ്യാപകർ നിരീക്ഷിക്കുന്നു. സ്കൂൾപ്രവർത്തനങ്ങളിൽ 21% പേർ മികച്ച രീതിയിൽ ഇടപെടുന്നു. 38% പേർ മുമ്പുള്ളതിനേക്കാൾ നന്നായി ഇടപെട്ടു കണ്ടു. 21% പേർ സാമാന്യമായി സ്കൂൾപ്രവർത്തനങ്ങളിൽ ഇടപെട്ടു തുടങ്ങിയതായി അധ്യാപകർ അഭിപ്രായപ്പെട്ടു. 7.5% പേർ ഈ മേഖലയിൽ മുൻപുള്ളതിനേക്കാൾ കുറച്ചുകൂടി മെച്ചപ്പെട്ടു. എന്നാൽ 13% പേർ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

***'എന്റെ മലയാളം' പരിപാടിയിൽ പങ്കാളികളായ കുട്ടികളുടെ രചനാപ്രവർത്തനങ്ങൾ, ഇതരവിഷയങ്ങൾ പഠിക്കുന്നതിനുള്ള താൽപ്പര്യം, സംഘപ്രവർത്തനങ്ങളിൽ ഇടപെടുന്നതിൽ കാണിക്കുന്ന താൽപ്പര്യം, വാചികാവതരണങ്ങളിലെ മികവ്, ഏറ്റെടുത്ത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലുള്ള താൽപ്പര്യം, പൊതുവായ വായനയിലുള്ള താൽപര്യം, സ്കൂൾ പ്രവർത്തനങ്ങളിൽ പങ്കെടുക്കാനുള്ള താൽപ്പര്യം എന്നിവയിൽ വ്യക്തമായ മാറ്റങ്ങൾ കാണാൻ കഴിഞ്ഞതായി പഠനം വ്യക്തമാക്കുന്നു.***

## iii. പദ്ധതിയുടെ ഫലപ്രാപ്തിയുമായി ബന്ധപ്പെട്ട നിരീക്ഷണങ്ങൾ

'എന്റെ മലയാളം ഭാഷാപരിപോഷണപരിപാടി'യുടെ ഫലപ്രാപ്തിയെ സംബന്ധിച്ച് നിരീക്ഷണങ്ങൾ ശേഖരിച്ചത് ഒമ്പത് മേഖലകളുമായി ബന്ധപ്പെടുത്തിയാണ്. അവ യഥാക്രമം പട്ടികപ്പെടുത്തി വിശകലനം ചെയ്തു നിഗമനങ്ങൾ താഴെ ക്രോഡീകരിച്ചിരിക്കുന്നു.

### 1. പ്രതികരണം ഏറ്റവും മികച്ചതാകുന്ന സന്ദർഭങ്ങൾ

പരിപാടിയുടെ ഭാഗമായി നടന്ന പ്രവർത്തനങ്ങളിൽ അതിൽ പങ്കാളികളായ കുട്ടികളുടെ പ്രതികരണങ്ങൾ ഏറ്റവും മികച്ചതായി കണ്ട സന്ദർഭങ്ങൾ അധ്യാപകർ നിരീക്ഷിക്കുകയും പ്രതിദിന പുരോഗതി വിലയിരുത്തിയതിന്റെ ഭാഗമായി വിശകലനം ചെയ്യുകയും ചെയ്തിരുന്നു. അതിന്റെ വിശദാംശങ്ങൾ പട്ടിക 4.8 ൽ ചേർക്കുന്നു.

**പട്ടിക 4.8**

**പ്രതികരണം ഏറ്റവും മികച്ചതാകുന്ന സന്ദർഭങ്ങൾ**

| ഫലപ്രാപ്തിതുമായി ബന്ധപ്പെട്ട മേഖല | സന്ദർഭങ്ങൾ | | | |
|---|---|---|---|---|
| | വീഡിയോ ക്ലിപ്പുകൾ അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ | വായിച്ച പുസ്തകങ്ങൾ അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ | പാഠഭാഗവുമായി ബന്ധപ്പെട്ട ചർച്ചകൾ | സാമൂഹികവീക്ഷണവുമായി ബന്ധപ്പെട്ട ചർച്ചകൾ |
| പ്രതികരണം ഏറ്റവും മികച്ചതാകുന്ന സന്ദർഭങ്ങൾ | 90% | 30% | 23.33% | 30% |

വീഡിയോക്ലിപ്പുകൾ അടിസ്ഥാനമാക്കിയുള്ള ചർച്ചകളിലാണ് കുട്ടികളുടെ പ്രതികരണം ഏറ്റവും മികച്ചതായിരുന്നത് എന്ന് 90% അധ്യാപകരും അഭിപ്രായപ്പെട്ടു. കുട്ടികളുടെ പ്രതികരണം മികച്ചുനിന്നത് വായിച്ച പുസ്തകങ്ങൾ അടിസ്ഥാനമാക്കിയുള്ള ചർച്ചകളിലായിരുന്നു എന്ന് 30% അധ്യാപകർ പറയുന്നു. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചർച്ചകളിൽ കുട്ടികളുടെ പ്രതികരണങ്ങൾ മികച്ചതായിരുന്നെന്ന് 23.33% അധ്യാപകരും സാമൂഹികവീക്ഷണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ അവരുടെ പ്രതികരണങ്ങൾ മികച്ചതായിരുന്നെന്ന് 30% അധ്യാപകരും അഭിപ്രായപ്പെട്ടു. കൂടാതെ, സ്കൂൾ അസംബ്ലിയിൽ പത്രവായനയും 'ഇന്നത്തെ ചിന്താവിഷയ'വും അവതരിപ്പിച്ച സാഹചര്യത്തിൽ കുട്ടികളുടെ പ്രതികരണം മികച്ചതായിരുന്നു എന്ന് അഭിപ്രായപ്പെട്ട അധ്യാപകരുമുണ്ട്

**2. രചനകൾ കൂടുതൽ ആശയസമ്പുഷ്ടവും ഒഴുക്കുള്ളതുമായിത്തീരുന്ന സന്ദർഭങ്ങൾ**

എന്റെ മലയാളം പരിപാടിയുടെ ഭാഗഭാക്കായ വിദ്യാർഥികളുടെ രചനകൾ കൂടുതൽ ആശയസമ്പുഷ്ടവും ഒഴുക്കുള്ളതുമായിത്തീരുന്ന സന്ദർഭങ്ങൾ നിരീക്ഷിച്ച് അധ്യാപകരുടെ വിലയിരുത്തലുകൾ പട്ടിക 4.8.1 ൽ ക്രോഡീകരിക്കുന്നു.

**പട്ടിക 4.8.1**

**രചനകൾ കൂടുതൽ ആശയസമ്പുഷ്ടവും ഒഴുക്കുള്ളതുമായിത്തീരുന്ന സന്ദർഭങ്ങൾ**

| ഫലപ്രാപ്തിയുമായി ബന്ധപ്പെട്ട മേഖല | സന്ദർഭങ്ങൾ | | | | |
|---|---|---|---|---|---|
| | പഠിച്ച ഭാഗത്തെ ആശയങ്ങൾ എഴുതുമ്പോൾ | സ്വതന്ത്ര രചനകളിൽ ഏർപ്പെടുമ്പോൾ | ക്ലാസിൽ നടക്കുന്ന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കുറിപ്പുകൾ തയാറാക്കുമ്പോൾ | പത്രമാസികകളിലും മറ്റുമുള്ള ആകർഷകമായ ചിത്രങ്ങൾആസ്പദമാക്കി കുറിപ്പുകൾ തയാറാക്കുമ്പോൾ | വീഡിയോ ക്ലിപ്പുകൾ നിരീക്ഷിച്ച് വിവരണങ്ങൾ തയാറാക്കുമ്പോൾ |
| രചനകൾ കൂടുതൽ ആശയസമ്പുഷ്ടവും ഒഴുക്കുള്ളതുമായി തീരുന്ന സന്ദർഭങ്ങൾ | 26.67% | 80% | 26.67% | 36.67% | 16.67% |

കുട്ടികളുടെ രചനകൾ കൂടുതൽ ആശയസമ്പുഷ്ടവും ഒഴുക്കുള്ളതുമായി അനുഭവപ്പെട്ടത് പഠിച്ച ഭാഗത്തെ ആശയങ്ങൾ എഴുതുമ്പോഴാണെന്ന് 26.6% അധ്യാപകർ അഭിപ്രായപ്പെട്ടപ്പോൾ സ്വതന്ത്രരചനകളിൽ ഏർപ്പെടുമ്പോഴെന്ന് 80% പേർ നിരീക്ഷിച്ചു. ക്ലാസിൽ നടക്കുന്ന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കുറിപ്പുകൾ തയാറാക്കുമ്പോൾ ആണെന്ന് 26.67% പേർ നിരീക്ഷിച്ചു. 36.67% പേർ നിരീക്ഷിച്ചത് പത്രമാസികകളിലും മറ്റുമുള്ള ആകർഷകമായ ചിത്രങ്ങൾ ആസ്പദമാക്കി കുറിപ്പുകൾ തയാറാക്കുമ്പോൾ ആണെന്നാണ്. എന്നാൽ 16.6% പേർ അഭിപ്രായപ്പെട്ടത്, വീഡിയോക്ലിപ്പുകൾ നിരീക്ഷിച്ച് വിവരണങ്ങൾ തയാറാക്കുമ്പോൾ ആണെന്നാണ്. ചിത്രങ്ങൾ വരച്ച് ആശയം രൂപപ്പെടുത്തിയ സന്ദർഭങ്ങളിലും ചിത്രവിശകലനം നടത്തുമ്പോഴും രചനകൾ കൂടുതൽ ആശയസമ്പുഷ്ടവും ഒഴുക്കുള്ളതുമായിത്തീരുന്നു എന്ന് ചില അധ്യാപകർ പറയുന്നു.

### 3. കുട്ടികളുടെ ആത്മവിശ്വാസം ഉയർന്നതായി അനുഭവപ്പെട്ട സന്ദർഭങ്ങൾ

കുട്ടികളുടെ ആത്മവിശ്വാസം ഉയർന്നതായി അനുഭവപ്പെട്ട സന്ദർഭങ്ങൾ സംബന്ധിച്ച് അധ്യാപകരുടെ നിരീക്ഷണങ്ങൾ പട്ടിക 4.8.2ൽ കൊടുത്തിരിക്കുന്നു.

**പട്ടിക 4.8.2**

**കുട്ടികളുടെ ആത്മവിശ്വാസം ഉയർന്നതായി അനുഭവപ്പെട്ട സന്ദർഭങ്ങൾ**

| ഫലപ്രാപ്തിയുമായി ബന്ധപ്പെട്ട മേഖല | സന്ദർഭങ്ങൾ | | | |
|---|---|---|---|---|
| | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ അവതരിപ്പിക്കുന്ന സന്ദർഭത്തിൽ | വായിച്ച പുസ്തകത്തെക്കുറിച്ച് അഭിപ്രായപ്രകടനം നടത്തുന്ന സന്ദർഭത്തിൽ | ക്ലാസ് ചർച്ചകളിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ പറയുമ്പോൾ | അസംബ്ലികളിലും ക്ലാസ് സഭകളിലും മറ്റു പൊതുസദസ്സിനും മുമ്പാകെ ആവിഷ്കാരങ്ങൾ അവതരിപ്പിക്കുമ്പോൾ |
| കുട്ടികളുടെ ആത്മവിശ്വാസം ഉയർന്നതായി അനുഭവപ്പെട്ട സന്ദർഭങ്ങൾ | 40% | 20% | 63.33% | 33.33% |

കുട്ടികളുടെ ആത്മവിശ്വാസം ഉയർന്നതായി അനുഭവപ്പെട്ട സന്ദർഭങ്ങൾ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ആശയങ്ങൾ അവതരിപ്പിക്കുന്ന അവസരത്തിലാണെന്ന് 40% അധ്യാപകർ നിരീക്ഷിച്ചു. വായിച്ച പുസ്തകത്തെക്കുറിച്ച് അഭിപ്രായപ്രകടനം നടത്തുന്ന സന്ദർഭത്തിലാണെന്ന് 20% പേർ അഭിപ്രായപ്പെട്ട പ്പോൾ ക്ലാസ്ചർച്ചകളിൽ പങ്കെടുത്ത് അഭിപ്രായങ്ങൾ പറയുമ്പോഴാണെന്ന് 63.33% അധ്യാപകർ വിലയിരുത്തി. സ്കൂൾ അസംബ്ലികളിലും ക്ലാസ്സഭകളിലും മറ്റു പൊതുസദസ്സിനും മുമ്പാകെ ആവിഷ്കാരങ്ങൾ അവതരിപ്പിക്കുമ്പോൾ ആണെന്ന് 33.33% അധ്യാപകർ നിരീക്ഷിച്ചിട്ടുണ്ട്.

### 4. സർഗാത്മകപ്രവർത്തനങ്ങളിൽ താൽപ്പര്യം പ്രകടിപ്പിക്കുന്ന സന്ദർഭങ്ങൾ

കുട്ടികൾ സർഗാത്മകപ്രവർത്തനങ്ങളിൽ താൽപ്പര്യം പ്രകടിപ്പിക്കുന്ന സന്ദർഭങ്ങൾ സംബന്ധിച്ച അധ്യാപകരുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളുമാണ് പട്ടിക 4.8.3 ൽ ചേർത്തിരിക്കുന്നത്.

പട്ടിക 4.8.3

**സർഗാത്മകപ്രവർത്തനങ്ങളിൽ താൽപ്പര്യം പ്രകടിപ്പിക്കുന്ന സന്ദർഭങ്ങൾ**

| ഫലപ്രാപ്തി യുമായി ബന്ധപ്പെട്ട മേഖല | സന്ദർഭങ്ങൾ | | | | |
|---|---|---|---|---|---|
| | സംഘമായി നടത്തുന്ന പ്രവർത്തനങ്ങളിൽ | കഥകളും കവിതകളും പൂർത്തിയാക്കാൻ നൽകുന്ന സന്ദർഭങ്ങളിൽ | ഒറ്റയ്ക്ക് രചനകളിൽ ഏർപ്പെടുമ്പോൾ | പൂർണമായി ആശയരൂപീകരണം നടന്നു കഴിഞ്ഞ് രചനകളിൽ ഏർപ്പെടുമ്പോൾ | നാടകീകരണസംഭാഷണങ്ങൾ എഴുതാൻ നൽകുമ്പോൾ |
| സർഗാത്മക പ്രവർത്തനങ്ങളിൽ താൽപ്പര്യം പ്രകടിപ്പിക്കുന്ന സന്ദർഭങ്ങൾ | 63.33% | 23.33% | 40% | 23.33% | 16.67% |

സർഗാത്മകപ്രവർത്തനങ്ങളിൽ താൽപ്പര്യം പ്രകടിപ്പിക്കുന്ന സന്ദർഭങ്ങൾ സംഘമായി നടത്തുന്ന പ്രവർത്തനങ്ങളിലാണെന്ന് 63.33% അധ്യാപകരും നിരീക്ഷിച്ചു. കഥകളും കവിതകളും പൂർത്തിയാക്കാൻ നൽകുന്ന സന്ദർഭങ്ങളിലാണ് എന്ന് 23.33% അധ്യാപകർ അഭിപ്രായപ്പെട്ടു. ഒറ്റയ്ക്ക് രചനകളിൽ ഏർപ്പെടുമ്പോൾ എന്ന് 40% പേർ വിലയിരുത്തുന്നു. പൂർണമായി ആശയരൂപീകരണം നടന്നുകഴിഞ്ഞ് രചനകളിൽ ഏർപ്പെടുമ്പോൾ എന്ന അഭിപ്രായക്കാരാണ് 23.33% അധ്യാപകർ. 16.67% പേർ നാടകീകരണസംഭാഷണങ്ങൾ എഴുതാൻ നൽകുമ്പോഴും കുട്ടികൾ സർഗാത്മകപ്രവർത്തനങ്ങളിൽ താൽപ്പര്യം പ്രകടിപ്പിക്കാറുണ്ട് എന്ന് അഭിപ്രായപ്പെടുന്നു.

**5. കുട്ടികളുടെ നേതൃപാടവം പ്രകടമാകുന്ന സന്ദർഭങ്ങൾ**

കുട്ടികളുടെ നേതൃപാടവം ഏറ്റവും അധികം പ്രകടമായ സന്ദർഭങ്ങളെ സംബന്ധിച്ചും അധ്യാപകർക്കുള്ള അഭിപ്രായങ്ങളാണ് അപഗ്രഥിച്ച് പട്ടിക 4.8.4 ൽ ചേർത്തിരിക്കുന്നത്.

**പട്ടിക 4.8.4**

**കുട്ടികളുടെ നേതൃപാടവം പ്രകടമാകുന്ന സന്ദർഭങ്ങൾ**

| ഫല പ്രാപ്തി യുമായി ബന്ധപ്പെട്ട മേഖല | സന്ദർഭങ്ങൾ | | | | |
|---|---|---|---|---|---|
| | സ്വന്തം ആശയ ങ്ങളും അഭിപ്രായ ങ്ങളും അവതരി പ്പിക്കാൻ അവസരം നൽകു മ്പോൾ | സംഘാട നവുമായി ബന്ധ പ്പെട്ട ചുമ തലകൾ നൽകു മ്പോൾ | പരിശീലന ത്തിൽ ഏർപ്പെട്ട കുട്ടികളുടെ സംഘത്തി നുള്ളിൽ പ്രവർത്തി ക്കുമ്പോൾ മാത്രം | പൊതു വായ പ്രവർത്ത നങ്ങളിൽ പങ്കാളിക ളാകു മ്പോൾ | ഗ്രൂപ്പ് പ്രവർത്ത നങ്ങളുടെ ചുമതല വഹി ക്കാൻ അവസരം നൽകു മ്പോൾ |
| കുട്ടികളുടെ നേതൃപാ ടവം പ്രകട മാകുന്ന സന്ദർഭങ്ങൾ | 60% | 33.33% | 23.33% | 6.67% | 23.33% |

സ്വന്തം ആശയങ്ങളും അഭിപ്രായങ്ങളും അവതരിപ്പിക്കാൻ അവസരം നൽകുമ്പോൾകുട്ടികളുടെ നേതൃപാടവം ഏറ്റവുമധികം പ്രകടമാകുന്നു എന്ന് 60% അധ്യാപകരും അഭിപ്രായപ്പെട്ടു. സംഘാടനവുമായി ബന്ധപ്പെട്ട ചുമതല കൾ നൽകുമ്പോഴും കുട്ടികൾ തങ്ങളുടെ നേതൃപാടവം ഏറ്റവും അധികം പ്രകടമാക്കുന്നുണ്ട് എന്ന് 33.33% പേർ നിരീക്ഷിച്ചു. പരിശീലനത്തിൽ ഏർപ്പെട്ട കുട്ടികളുടെ സംഘത്തിനുള്ളിൽ പ്രവർത്തിക്കുമ്പോൾ മാത്രം നേതൃപാടവം ഏറ്റവും കൂടുതൽ ദൃശ്യമാകുന്നുണ്ടെന്ന് 23.33% പേർ അഭിപ്രായപ്പെട്ടു. പൊതു വായ പ്രവർത്തനങ്ങളിൽ പങ്കാളികളാകുമ്പോഴും ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ചുമ തല വഹിക്കാൻ അവസരം നൽകുമ്പോഴും കുട്ടികളുടെ നേതൃപാടവം ഏറ്റവും കൂടുതൽ പ്രകടമാകുന്നു എന്ന് യഥാക്രമം 6.67% പേരും 23.33% അധ്യാപകരും വിലയിരുത്തി.

**6. പദ്ധതി ഉണ്ടാക്കിയ സ്വാധീനം**

'എന്റെ മലയാളം' പദ്ധതി അധ്യാപകരിലുണ്ടാക്കിയ സ്വാധീനം എന്താണ് എന്ന കാര്യത്തിൽ അധ്യാപകരുടെ നിരീക്ഷണങ്ങൾ പട്ടിക 4.8.5ൽ ചേർത്തിരിക്കുന്നു.

**പട്ടിക 4.8.5**

**പദ്ധതി ഉണ്ടാക്കിയ സ്വാധീനം**

| ഫല പ്രാപ്തി യുമായി ബന്ധപ്പെട്ട മേഖല | സന്ദർഭങ്ങൾ | | | | |
|---|---|---|---|---|---|
| | കുട്ടികളുമായി സൗഹൃദ പരമായ സമീപനം പുലർത്താൻ സാധിച്ചു | ഓരോ കുട്ടിയുടെയും കഴിവുകൾ മനസ്സിലാക്കി അവർക്ക് വേണ്ട പിന്തുണ നൽകാൻ കഴിഞ്ഞു. | കുട്ടികൾക്ക് സ്വതന്ത്രമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ അവസരം നൽകാൻ കഴിഞ്ഞു. | കുട്ടികളിൽ താൽപ്പര്യം വളർത്തുന്ന തരത്തിലുള്ള പഠന സാമഗ്രികൾ ഉപയോഗിക്കാൻ സാധിച്ചു. | പഠനം രസകരമാക്കാൻ കഴിഞ്ഞു. |
| പദ്ധതി ഉണ്ടാക്കിയ സ്വാധീനം | 63.33% | 50% | 36.67% | 30% | 53.33% |

'എന്റെ മലയാളം' പദ്ധതി തങ്ങളിലുണ്ടാക്കിയ സ്വാധീനം സംബന്ധിച്ച് അധ്യാപകരുടെ നിരീക്ഷണങ്ങൾ ഇപ്രകാരമാണ്. കുട്ടികളുമായി സൗഹൃദപരമായ സമീപനം പുലർത്താൻ സാധിച്ചു (63.33%). ഓരോ കുട്ടിയുടെയും കഴിവുകൾ മനസ്സിലാക്കി അവർക്ക് വേണ്ട പിന്തുണ നൽകാൻ കഴിഞ്ഞു(50%). കുട്ടികൾക്ക് സ്വതന്ത്രമായി അഭിപ്രായങ്ങൾ പ്രകടിപ്പിക്കാൻ അവസരം നൽകാൻ കഴിഞ്ഞു(36.67%). കുട്ടികളിൽ താൽപ്പര്യം വളർത്തുന്ന തരത്തിലുള്ള പഠനസാമഗ്രികൾ ഉപയോഗിക്കാൻ സാധിച്ചു(30%). പഠനം രസകരമാക്കാൻ കഴിഞ്ഞു(53.33%).

**7. സ്കൂളിലെ മറ്റ് അധ്യാപകരിൽ (പ്രധാനാധ്യാപകർ ഉൾപ്പെടെ) ഉണ്ടാക്കിയ സ്വാധീനം**

'എന്റെ മലയാളം' പദ്ധതി സ്കൂളിലെ മറ്റ് അധ്യാപകരിൽ (പ്രധാനാധ്യാപകർ ഉൾപ്പെടെ) ഉണ്ടാക്കിയ സ്വാധീനം സംബന്ധിച്ച് അധ്യാപകരുടെ നിരീക്ഷണങ്ങളാണ് പട്ടിക 4.8.6 ൽ നൽകിയിരിക്കുന്നത്.

**പട്ടിക 4.8.6**

**സ്കൂളിലെ മറ്റ് അധ്യാപകരിലുണ്ടാക്കിയ (പ്രധാനാധ്യാപകർ ഉൾപ്പെടെ) സ്വാധീനം**

| ഫലപ്രാപ്തിയുമായി ബന്ധപ്പെട്ട മേഖല | സന്ദർഭങ്ങൾ | | | |
|---|---|---|---|---|
| | പദ്ധതിയിൽ പങ്കെടുത്ത കുട്ടികൾക്ക് കൂടുതൽ പരിഗണന ലഭിച്ചു. | ഈ കുട്ടികൾക്ക് പഠനവുമായി ബന്ധപ്പെട്ട കൂടുതൽ ചുമതലകൾ നൽകാൻ തുടങ്ങി. | വ്യക്തിഗത പിന്തുണ നൽകാൻ ആരംഭിച്ചു. | സ്കൂളിലെ പൊതുവായ ചുമതലകളിൽ ഇവർക്ക് പ്രാതിനിധ്യം നൽകാൻ തുടങ്ങി. |
| സ്കൂളിലെ മറ്റ് അധ്യാപകരിൽ (പ്രധാനാധ്യാപകർ ഉൾപ്പെടെ) ഉണ്ടാക്കിയ സ്വാധീനം | 76.67% | 23.33% | 36.67% | 46.67% |

സ്കൂളിലെ മറ്റ് അധ്യാപകർ (പ്രധാനാധ്യാപകർ ഉൾപ്പെടെ) പദ്ധതിയിൽ പങ്കെടുത്ത കുട്ടികൾക്ക് കൂടുതൽ പരിഗണന നൽകി എന്ന് 76.6% അധ്യാപകർ നിരീക്ഷിച്ചു. ഈ കുട്ടികൾക്ക് പഠനവുമായി ബന്ധപ്പെട്ട കൂടുതൽ ചുമതലകൾ നൽകാനും അവർ തയാറായി എന്ന് 23.33% അധ്യാപകർ പറയുന്നു. ഈ കുട്ടികൾക്ക് മറ്റ് അധ്യാപകർ കൂടുതൽ വ്യക്തിഗത പിന്തുണ നൽകാൻ ആരംഭിച്ചു എന്ന് 36.67% അധ്യാപകർ വിലയിരുത്തുന്നു. സ്കൂളിലെ പൊതുവായ ചുമതലകളിൽ ഇവർക്ക് പ്രാതിനിധ്യം നൽകാൻ തുടങ്ങി എന്ന് 46.67% പേർ അഭിപ്രായപ്പെടുന്നു.

**8. രക്ഷിതാക്കളിലുണ്ടാക്കിയ സ്വാധീനം**

'എന്റെ മലയാളം' പദ്ധതി രക്ഷിതാക്കളിലുണ്ടാക്കിയ സ്വാധീനം സംബന്ധിച്ച അധ്യാപകരുടെ നിരീക്ഷണങ്ങളാണ് പട്ടിക 4.8.7ൽ നൽകിയിരിക്കുന്നത്.

**പട്ടിക 4.8.7**

**രക്ഷിതാക്കളിലുണ്ടാക്കിയ സ്വാധീനം**

| ഫലപ്രാപ്തിയുമായി ബന്ധപ്പെട്ട മേഖല | സന്ദർഭങ്ങൾ | | | |
|---|---|---|---|---|
| | കുട്ടികളുടെ പഠനനേട്ടങ്ങൾ അധ്യാപകരുമായി പങ്കുവെയ്ക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചു. | കുട്ടികളുമായുള്ള ആശയവിനിമയം മെച്ചപ്പെടുത്തി. | കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ തുടങ്ങി. | കുട്ടികളുടെ പഠനത്തിൽ പിന്തുണയും പരിഗണനയും നൽകാൻ തുടങ്ങി. |
| രക്ഷിതാക്കളിലുണ്ടാക്കിയ സ്വാധീനം | 60% | 40% | 56.67% | 66.67% |

'എന്റെ മലയാളം' പദ്ധതി രക്ഷിതാക്കളിൽ ഉണ്ടാക്കിയ സ്വാധീനംവളരെ പ്രാധാന്യത്തോടെ കാണേണ്ട ഒന്നാണ് എന്ന് അധ്യാപകർ നിരീക്ഷിക്കുന്നു. രക്ഷിതാക്കൾ കുട്ടികളുടെ പഠനനേട്ടങ്ങൾ അധ്യാപകരുമായി പങ്കുവയ്ക്കാൻ താൽപ്പര്യം പ്രകടിപ്പിച്ചു എന്ന് 60% പേർ അഭിപ്രായപ്പെട്ടു. രക്ഷിതാക്കൾ കുട്ടികളുമായുള്ള ആശയവിനിമയം മെച്ചപ്പെടുത്തി കുട്ടികളെ പ്രോത്സാഹിപ്പിക്കാൻ തുടങ്ങിയതായും കുട്ടികളുടെ പഠനത്തിൽ പിന്തുണയും പരിഗണനയും നൽകാൻ തുടങ്ങിയതായും യഥാക്രമം 40%, 56.67%, 66.67% അധ്യാപകർ നിരീക്ഷിച്ചു.

**9. പദ്ധതിയിൽ ഉൾപ്പെടാത്ത മറ്റു കുട്ടികളിലുണ്ടായ സ്വാധീനം**

എന്റെ മലയാളം പദ്ധതിയിൽ ഉൾപ്പെടാത്ത കുട്ടികളിലും ഈ പഠനപരിപോഷണപരിപാടി സ്വാധീനം ചെലുത്തുകയുണ്ടായി എന്ന് അധ്യാപകർ വിലയിരുത്തുന്നു. അധ്യാപകരുടെ നിരീക്ഷണങ്ങളും അഭിപ്രായങ്ങളും പട്ടിക 4.8.8 ൽ ചേർത്തിരിക്കുന്നു.

**പട്ടിക 4.8.8**

**പദ്ധതിയിൽ ഉൾപ്പെടാത്ത മറ്റു കുട്ടികളിലുണ്ടായ സ്വാധീനം**

| ഫലപ്രാപ്തിയുമായി ബന്ധപ്പെട്ട മേഖല | സന്ദർഭങ്ങൾ | | |
|---|---|---|---|
| | പഠനത്തിൽ പ്രചോദനം നൽകുന്ന ഇടപെടൽ ഉണ്ടായി. | പഠനപ്രവർത്തനങ്ങളിൽ ഇവരുടെ പങ്ക് അംഗീകരിക്കപ്പെട്ടു. | പദ്ധതിയിൽ പങ്കെടുത്ത കുട്ടികളോട് മതിപ്പ് വർധിച്ചു. |
| പദ്ധതിയിൽ ഉൾപ്പെടാത്ത മറ്റു കുട്ടികളിൽ ഉണ്ടായ സ്വാധീനം | 43.33% | 46.67% | 50% |

'എന്റെ മലയാളം' പദ്ധതി ഇതിൽ ഉൾപ്പെടാത്ത മറ്റ് കുട്ടികളുടെ പഠനത്തിലും പദ്ധതിയിൽ പങ്കെടുത്ത കുട്ടികളോടുള്ള മനോഭാവത്തിലും പ്രകടമായ മാറ്റം ഉണ്ടാക്കിയതായി പഠനം വെളിപ്പെടുത്തുന്നു. 43.33% അധ്യാപകർ മറ്റ് കുട്ടികളുടെ പഠനത്തിൽ പ്രചോദനം നൽകുന്ന ഇടപെടലുകൾ ഉണ്ടായതായി നിരീക്ഷിച്ചു. പഠനപ്രവർത്തനങ്ങളിൽ ഈ കുട്ടികളുടെ പങ്ക് ഈ പദ്ധതിയിൽ ഉൾപ്പെടാത്ത മറ്റു കുട്ടികൾ അംഗീകരിച്ചു എന്ന് 46.67% അധ്യാപകർ വിലയിരുത്തിയിട്ടുണ്ട്. 50% അധ്യാപകരുടെ അഭിപ്രായത്തിൽ മറ്റു കുട്ടികൾക്ക് ഈ പദ്ധതിയിൽ പങ്കെടുത്ത കുട്ടികളോടുള്ള മതിപ്പ് വർധിച്ചതായി വ്യക്തമാകുന്നു.

### iv. അനുഭവങ്ങൾ പങ്കുവയ്ക്കൽ

ചോദ്യാവലിയിലെ അവസാനത്തെ ഉപവിഭാഗത്തിൽ രണ്ട് ഇനങ്ങൾ നൽകിയിട്ടുണ്ട്. ഏതെങ്കിലും ഒരു കുട്ടിയുടെ പഠനപുരോഗതിയുമായി ബന്ധപ്പെട്ട അനുഭവം വളർച്ചയുടെ ഘട്ടങ്ങൾ വിശദമാക്കി എഴുതാൻ വേണ്ടിയുള്ളതായിരുന്നു ആദ്യ ഇനം. രണ്ടാമത്തെ ഇനത്തിൽ പദ്ധതിയിൽ ഉൾപ്പെട്ടയാൾ എന്ന നിലയിൽ അധ്യാപകർ തങ്ങളുടെ അനുഭവങ്ങളും നിരീക്ഷണങ്ങളും രേഖപ്പെടുത്താനാണ് ആവശ്യപ്പെട്ടിരുന്നത്. പ്രസ്തുത ഇനങ്ങളിൽ അധ്യാപകരുടെ പ്രതികരണങ്ങളാണ് ക്രോഡീകരിച്ച് താഴെ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. കുട്ടിയുടെ പഠനപുരോഗതിയുമായി ബന്ധപ്പെട്ട അനുഭവം

കുട്ടിയുടെ പഠനപുരോഗതിയുമായി ബന്ധപ്പെട്ട് അധ്യാപകർ നിരവധി അനുഭവങ്ങൾ പങ്കുവച്ചിരുന്നു. കുട്ടികൾക്ക് ഭാഷയോടുള്ള സമീപനത്തിൽ വന്ന മാറ്റങ്ങൾ, വായന, ലേഖനം, സർഗാത്മകരചന എന്നീ മേഖലകളിൽ ദൃശ്യമായ മാറ്റങ്ങൾ, കുട്ടികളിൽ ഇതര വിഷയങ്ങൾ പഠിക്കുന്നതിനുള്ള മനോഭാവത്തിലുണ്ടായ മാറ്റങ്ങൾ എന്നുവേണ്ട എല്ലാ മേഖലകളിലും അധ്യാപകർ തങ്ങൾക്കുണ്ടായ അനുഭവങ്ങൾ പങ്കുവയ്ക്കുകയുണ്ടായി.

കണ്ണൂർ എളയാവൂർ സി.എച്ച്.എം. ഹൈസ്കൂളിലെ ഹൃദ്യ കേന്ദ്രീയ വിദ്യാലയത്തിൽ പഠിച്ചു വന്ന കുട്ടിയാണ്. മലയാളത്തിൽ ധാരാളം പരിമിതികൾ ഉണ്ടായിരുന്ന ഹൃദ്യക്ക് നന്നായി എഴുതാനും വായിക്കാനും കഴിഞ്ഞത് പരിശീലനത്തിന്റെ വിശ്വാസ്യതയ്ക്ക് തെളിവായി. അഞ്ചരക്കണ്ടി എച്ച്.എസ്.എസ്സിലെ അക്ഷയ് ടേം പരീക്ഷയ്ക്ക് സാധാരണയായി കൂടുതൽ ഒന്നും എഴുതാൻ കഴിയാത്ത വിദ്യാർഥിയായിരുന്നു. എന്നാൽ പരിശീലനത്തിനു ശേഷം നടന്ന ടേം പരീക്ഷയിൽ നന്നായി എഴുതാനുള്ള ശ്രമം കുട്ടിയുടെ ഭാഗത്തുനിന്നുണ്ടാവുകയും മിനിമം സ്കോർ നേടാൻ കഴിയുകയും ചെയ്തു.

കന്നഡ മാതൃഭാഷയായിട്ടുള്ള സ്നേഹയ്ക്ക് മലയാളത്തിൽ മികച്ച രീതിയിൽ ആശയവിനിമയം നടത്താനും എഴുതാനും വായിക്കാനും സാധിച്ചത് കുട്ടിയുടെ ആത്മവിശ്വാസം വർധിക്കാൻ സഹായകമായി. ഭാഷാപഠനത്തിൽ വളരെ പിന്നിലായിരുന്ന മുൻസിൽ പരിശീലനത്തെ തുടർന്ന് ക്ലാസുകളിൽ ശ്രദ്ധിക്കുവാനും താൽപ്പര്യത്തോടെ വായിക്കാനും ക്ലാസ്റൂം പ്രവർത്തനങ്ങളിൽ സജീവമാവാനും തുടങ്ങി. ഇങ്ങനെ എഴുത്ത്, വായന, ആശയപ്രകടനം എന്നി തലങ്ങളിൽ കുട്ടികൾ പ്രകടമായ ഭാഷാമികവ് കാണിക്കുന്നുണ്ട്.

2. വ്യക്തിപരമായ അനുഭവങ്ങളും നിരീക്ഷണങ്ങളും

'എന്റെ മലയാളം' പദ്ധതിയിൽ പങ്കെടുത്ത അധ്യാപകർക്ക് പലതരം അനുഭവങ്ങളുണ്ടായതായി സാക്ഷ്യപ്പെടുത്തുന്നു. കുട്ടികളിൽ ഈ പദ്ധതി ഉണ്ടാക്കിയ മാറ്റങ്ങൾ, രക്ഷിതാക്കൾക്ക്, ഇതരവിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകർക്ക്, സഹപാഠികൾക്ക് ഈ കുട്ടികളോടുണ്ടായ മനോഭാവത്തിലുള്ള മാറ്റത്തെക്കുറിച്ച് അധ്യാപകർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അക്ഷരത്തെറ്റുകൾ സ്വയം കണ്ടെത്തി പരിഹരിക്കാനുള്ള കഴിവ് അവരിൽ വികസിച്ചിട്ടുണ്ട്. പഠനത്തിൽ പിന്നാക്കം നിൽക്കുന്നവരുടെ സർഗാത്മകത തിരിച്ചറിയാൻ കഴിഞ്ഞു. ഭാഷ സ്വാഭാവികമായ രീതിയിൽ സ്വായത്തമാക്കുന്ന 'എന്റെ മലയാളം' പഠനപദ്ധതിയുടെ പഠനരീതി ഏറെ ഗുണകരമാണ്. കുട്ടികളുമായി നല്ല സൗഹൃദം നിലനിർത്താൻ കഴിയുന്നു. ആദ്യ ക്ലാസിൽ അപകർഷത്താൽ തലകുനിച്ചു നടന്നവർ ആത്മവിശ്വാസത്തോടെയും താൽപ്പര്യത്തോടെയും പ്രവർത്തനങ്ങളിൽ പങ്കാളികളായി. കുട്ടികളുടെ പ്രയാസങ്ങൾ തിരിച്ചറിയാനും അവരുമായി കൂടുതൽ അടുക്കാനും സാധിച്ചു. കൂട്ടക്ഷരങ്ങളിലും ചിഹ്നങ്ങളിലുമുള്ള പല പ്രശ്നങ്ങളും ഏറെക്കുറേ പരിഹരിക്കാൻ കഴിഞ്ഞു. വാക്കുകളും വാക്യങ്ങളും വ്യക്തതയോടെ എഴുതാൻ പഠിച്ചു. ചുരുക്കത്തിൽ, സന്തോഷകരവും ശിശുസൗഹൃദപരവുമായ ഒരു പഠനാന്തരീക്ഷം രൂപപ്പെടുത്താൻ കഴിഞ്ഞു എന്നാണ് എല്ലാ അധ്യാപകരും അഭിപ്രായപ്പെട്ടത്. 'എന്റെ മലയാളം' പഠനരീതിയിൽ ക്ലാസിലെ പാഠഭാഗങ്ങൾകൂടി അവതരിപ്പിക്കാൻ കഴിഞ്ഞാൽ അത് കുട്ടികൾക്ക് ഏറെ ഉപകരിക്കും എന്ന അഭിപ്രായവുമുണ്ടായി.

**പദ്ധതിയുടെ ആദ്യഘട്ടത്തിലും തുടർപ്രവർത്തനത്തിലും ഉപയോഗിച്ച സമയം സംബന്ധിച്ച്.**

പരിപാടിയുടെ ആദ്യഘട്ടത്തിൽ പരിശീലനത്തിനായി ശരാശരി 19 മണിക്കൂർ വിനിയോഗിച്ചതായി ചോദ്യാവലിയിൽനിന്നു വ്യക്തമാകുന്നു. തുടർപ്രവർത്തനത്തിനു ശരാശരി 15 മണിക്കൂർ സമയവും ഉപയോഗപ്പെടുത്തി. വിദ്യാലയങ്ങൾ സ്കൂൾ സമയത്തിനു മുന്നെയും ശേഷവുമാണ് പ്രധാനമായും

തുടർപ്രവർത്തനത്തിന് ഉപയോഗപ്പെടുത്തിയത്. ചുരുക്കം ചില വിദ്യാലയങ്ങൾ അവധിദിനങ്ങൾ പ്രയോജനപ്പെടുത്തി തുടർപ്രവർത്തനങ്ങൾ നടത്തിയതായി അഭിപ്രായപ്പെടുന്നു. വിദ്യാലയങ്ങൾ തുടർപ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തിയത് വൈവിധ്യമാർന്ന സാമഗ്രികളാണ്. അവ ചുവടെ ചേർക്കുന്നു:

- വീഡിയോകൾ
- കഥാപുസ്തകങ്ങൾ
- ബാലമാസികകൾ
- ആനുകാലികങ്ങൾ
- വായനക്കാർഡുകൾ
- നവപ്രഭ പദ്ധതി മലയാളം കൈപ്പുസ്തകം
- ലൈബ്രറിപുസ്തകങ്ങൾ
- പാഠപുസ്തകങ്ങൾ
- ഐ.സി.ടി. അനുബന്ധ ഉപകരണങ്ങൾ

**വിദ്യാലയങ്ങൾ സംഘടിപ്പിച്ച തുടർപ്രവർത്തനങ്ങൾ**

വിദ്യാലയങ്ങൾ സംഘടിപ്പിച്ച പ്രധാന തുടർപ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

- മൊഡ്യൂളുകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ
- കേട്ടെഴുത്ത്
- ചിത്രത്തിൽനിന്ന് വിവരണം തയാറാക്കൽ.
- രചനകൾ, ചിത്രം, കവിത, ലേഖനം
- ലേഖനപ്രവർത്തനങ്ങൾ (വ്യവഹാരരൂപങ്ങൾ)
- വായനക്കുറിപ്പ്
- പ്രവർത്തന പാക്കേജുകൾ (സ്വരചിഹ്നങ്ങൾ, കൂട്ടക്ഷരങ്ങൾ)
- പ്രാദേശികവാർത്ത അവതരണം
- അഭിമുഖം
- അസംബ്ലിയിൽ അവതരണം
- സംഘചർച്ചകൾ
- പ്രശ്നോത്തരികൾ
- പതിപ്പുനിർമാണം

**പദ്ധതിയുടെ ഫലപ്രാപ്തി സംബന്ധിച്ച അധ്യാപകരുടെ നിരീക്ഷണങ്ങൾ**

പദ്ധതിയുടെ ഫലപ്രാപ്തിയെക്കുറിച്ചുള്ള അധ്യാപകരുടെ അഭിപ്രായങ്ങൾ അറിയാൻ ചോദ്യാവലിയിൽ അവസരം നൽകിയിരുന്നു. നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു:

- കേവലം രണ്ടുദിവസം കൊണ്ടുതന്നെ അക്ഷരങ്ങൾ ചിഹ്നങ്ങൾ, എന്നിവ സംബന്ധിച്ച് വ്യക്തമായ ധാരണ കുട്ടികളിൽ ഉണ്ടാക്കാൻ കഴിഞ്ഞു.
- വിദ്യാർഥികൾ അക്ഷരത്തെറ്റ് തിരിച്ചറിഞ്ഞ് തിരുത്തി എഴുതാൻ തുടങ്ങി.
- എഴുതാനും വായിക്കാനുമുള്ള താൽപ്പര്യം കുട്ടികളിൽ വർധിച്ചു.
- അധ്യാപകർക്ക് കുട്ടികളോട് വൈകാരികമായ അടുപ്പം നിലനിർത്താൻ കഴിഞ്ഞു.
- സൂക്ഷ്മനിരീക്ഷണത്തിലൂടെ കുട്ടികളുടെ പഠനപ്രശ്നങ്ങൾ തിരിച്ചറിയാൻ കഴിഞ്ഞു.
- കഥകളിലൂടെയും പാട്ടുകളിലൂടെയും ഐ.സി.ടി. ഉപയോഗിച്ചുള്ള പഠനത്തിലൂടെയും ക്ലാസ് സജീവമാക്കാൻ സാധിച്ചു.
- ഭാഷയിൽ പിന്നാക്കം നിന്നിരുന്നവരെ മുന്നോട്ടുകൊണ്ടുവരാൻ കഴിഞ്ഞു.
- മലയാളം പഠിക്കാനുള്ള താൽപ്പര്യം വർധിച്ചു. ഭാഷ കൈകാര്യം ചെയ്യുന്നതിൽ ആത്മവിശ്വാസം വർധിച്ചു.

**പദ്ധതി മെച്ചപ്പെടുത്തുന്നതിനുള്ള നിർദേശങ്ങൾ**

'എന്റെ മലയാളം' പദ്ധതി കൂടുതൽ മെച്ചപ്പെടുത്തുന്നതിന് അധ്യാപകർ നൽകിയ നിർദേശങ്ങളാണ് താഴെ നൽകിയിരിക്കുന്നത്:

- മറ്റു ക്ലാസുകൾ നഷ്ടപ്പെടുത്താതെ തുടർപ്രവർത്തനം സാധ്യമാക്കുക.
- അധ്യയനവർഷാരംഭത്തിൽത്തന്നെ പദ്ധതി ആരംഭിക്കുക.
- തുടർപ്രവർത്തനങ്ങൾ നടത്താനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുക.
- പദ്ധതി മധ്യവേനൽ അവധിക്കാലത്ത് നടത്തി കുട്ടികൾക്ക് ക്ലാസ്സമയം നഷ്ടമാക്കാതെ നോക്കുക.

***ക്ലാസ് നിരീക്ഷിച്ച അധ്യാപകർ പദ്ധതിയുടെ ഭാഗമായ എല്ലാ പ്രവർത്തനങ്ങളും നിരീക്ഷിച്ച് വ്യക്തമായ അഭിപ്രായങ്ങൾ നൽകി. സംഘാടനം, നിർവഹണം, റിസോഴ്സ് അധ്യാപകർ, സ്കൂളിന്റെ സഹകരണം. പദ്ധതിയുടെ ഫലപ്രാപ്തി എന്നിവ സംബന്ധിച്ച് വ്യക്തമായ നിരീക്ഷണങ്ങൾ അവതരിപ്പിച്ചു. സംഘാടനം, റിസോഴ്സ് അധ്യാപകരുടെ***

***ഇടപെടൽ എന്നിവയിൽ കൂടുതൽ മെച്ചപ്പെടുത്തൽ ആവശ്യമാണെന്ന് ഈ നിരീക്ഷണത്തിൽനിന്നു വ്യക്തമാകുന്നു. സ്കൂളിന്റെ ഭാഗത്തുനിന്നും പദ്ധതിയോടുള്ള സഹകരണം മികച്ചായിരുന്നു എന്ന നിരീക്ഷണം എടുത്തുപറയേണ്ടതാണ്. അധ്യാപകർ എല്ലാവരും ഈ പദ്ധതി തുടർന്നുപോകണം എന്ന അഭിപ്രായമുള്ളവരാണ്. അതിനാൽത്തന്നെ അവർ മുന്നോട്ടുവയ്ക്കുന്ന നിർദേശങ്ങൾ പരിഗണിക്കേണ്ടതാണ്.***

❖ **റിസോഴ്സ് അധ്യാപകരുടെ ചോദ്യാവലി വിശകലനം**

'എന്റെ മലയാളം'പദ്ധതിയുടെ ഫലപ്രാപ്തി പഠിക്കുന്നതിനായി റിസോഴ്സ് അധ്യാപകർക്ക് നൽകിയ ചോദ്യാവലിയിൽ പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച വിശദാംശങ്ങൾ, കുട്ടികളുടെ നിലവാരം സംബന്ധിച്ച വിവരങ്ങൾ, കുട്ടികളുടെ പഠനപുരോഗതി സംബന്ധിച്ച നിരീക്ഷണങ്ങൾ എന്നിവയാണ് മൂന്നു ഭാഗങ്ങളായി ഉൾപ്പെടുത്തിയിരുന്നത്. റിസോഴ്സ് അധ്യാപകരിൽനിന്നു ശേഖരിച്ച ദത്തങ്ങൾ വിശകലനം ചെയ്ത് അവ ചുവടെ ചേർത്തിരിക്കുന്നു.

**i.** ***പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച വിശദാംശങ്ങൾ***

'എന്റെ മലയാളം' പരിപാടിയുടെ ഫലപ്രാപ്തി സംബന്ധിച്ച പഠനത്തിന് വിവരശേഖരണത്തിനായി റിസോഴ്സ് അധ്യാപകർ സന്ദർശിച്ച സ്കൂളുകളിൽ നിന്നും പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച് ശേഖരിച്ച വിവരങ്ങൾ അപഗ്രഥിച്ച് പട്ടിക 4.9 ൽ ചേർത്തിരിക്കുന്നു.

**പട്ടിക 4.9**

**പദ്ധതിയുടെ ഗുണഭോക്താക്കളെ സംബന്ധിച്ച വിശദാംശങ്ങൾ**

| പദ്ധതിയുടെ ഗുണഭോക്താക്കൾ | എണ്ണം | ശതമാനം |
|---|---|---|
| പദ്ധതിയുടെ തുടക്കത്തിൽ ഉണ്ടായിരുന്ന കുട്ടികളുടെ എണ്ണം | 464 | - |
| ക്ലാസ് സന്ദർശിച്ചപ്പോൾ ഉണ്ടായിരുന്ന കുട്ടികളുടെ എണ്ണം | 425 | 91.59 |
| പ്രവർത്തനങ്ങളോട് ഫലപ്രദമായി പ്രതികരിച്ച കുട്ടികളുടെ എണ്ണം | 331 | 71.34 |
| കൂടുതൽ ശ്രദ്ധ ആവശ്യമാണെന്ന് കണ്ടെത്തിയ കുട്ടികളുടെ എണ്ണം | 89 | 18.10 |
| പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ അധ്യാപകരുടെ എണ്ണം | 42 | - |

'എന്റെ മലയാളം' ഭാഷപോഷണപരിപാടിയുടെ ആരംഭത്തിൽ റിസോഴ്സ് അധ്യാപകർ സന്ദർശിച്ച വിദ്യാലയങ്ങളിൽ 464 വിദ്യാർഥികൾ ഗുണഭോക്താക്കളായി ഉണ്ടായിരുന്നു എന്ന് റിപ്പോർട്ട് ചെയ്യുന്നു. എന്നാൽ പദ്ധതിയുടെ ഫലപ്രാപ്തി പഠിക്കുന്നതിനായി പ്രസ്തുത വിദ്യാലയങ്ങൾ സന്ദർശിച്ചപ്പോൾ അതിൽ 91.95% കുട്ടികളാണ് ഗുണഭോക്താക്കളായി ഉണ്ടായിരുന്നത് എന്ന് അറിയിച്ചു. പഠനപരിപാടിയുടെ പ്രവർത്തനങ്ങളോട് 71.34% കുട്ടികൾ ഫലപ്രദമായി പ്രതികരിച്ചു. 18.10% കുട്ടികൾക്ക് കൂടുതൽ ശ്രദ്ധ ആവശ്യമാണെന്ന് കണ്ടെത്തുകയുണ്ടായി.

***കുട്ടികൾ 91.95% പേർ തുടർക്ലാസുകൾ പൂർണമായി പ്രയോജനപ്പെടുത്തി എന്നത് പഠനപോഷണപരിപാടി വിദ്യാർഥികൾക്ക് പ്രയോജനപ്പെട്ടു എന്നതിനു തെളിവാണ്. വിദ്യാർഥികളിൽ 18.10% പേർക്കുകൂടി പ്രത്യേകമായ ശ്രദ്ധനൽകി പഠനപുരോഗതിയിലെത്തിക്കാൻ അടുത്ത ഘട്ടത്തിൽ കൂടുതൽ ശ്രദ്ധ നൽകേണ്ടതാണ് എന്ന് പഠനം വ്യക്തമാക്കുന്നു.***

### ii. *കുട്ടികളുടെ നിലവാരം*

വാചികപ്രകടനം, ലേഖനം, വായന എന്നീ ഘടകങ്ങളിൽ കുട്ടികളുടെ നിലവാരം സംബന്ധിച്ച് റിസോഴ്സ് അധ്യാപകർ നൽകിയ പ്രതികരണങ്ങളാണ് വിശകലനം ചെയ്ത് ചുവടെ നൽകിയിരിക്കുന്നത്

- **വാചികപ്രകടനത്തിലെ നിലവാരം**

'എന്റെ മലയാളം' പദ്ധതിയിൽ പങ്കെടുത്ത കുട്ടികളുടെ വാചികപ്രകടനത്തിലെ നിലവാരം ആറു സൂചകങ്ങൾ അടിസ്ഥാനമാക്കിയാണ് വിലയിരുത്തിയത്. പാഠഭാഗങ്ങളുടെ അവതരണം, സ്വന്തം രചനകളുടെ അവതരണം, വ്യക്തിഗത അവതരണം, സംഘചർച്ച, ചോദ്യങ്ങളോടുള്ള പ്രതികരണം, പൊതുവായ വിഷയങ്ങളുടെ അവതരണം എന്നീ സൂചകങ്ങളാണ് വിലയിരുത്തലിനായി തിരഞ്ഞെടുത്തത്. ഈ ഘടകങ്ങളിൽ ഓരോന്നിലും വിദ്യാർഥികളുടെ നിലവാരം സംബന്ധിച്ച വിവരങ്ങളാണ് പട്ടിക 4.9.1 ൽ ചേർത്തിരിക്കുന്നത്.

പട്ടിക 4.9.1

**വാചികപ്രകടനത്തിലെ നിലവാരം**

| ക്രമ നമ്പർ | ഘടകങ്ങൾ | വളരെ മികച്ചത് | മികച്ചത് | സാമാന്യം മികച്ചത് | കുറച്ചുമാത്രം മികച്ചത് | മെച്ചപ്പെടൽ ആവശ്യമായത് |
|---|---|---|---|---|---|---|
| 1 | പാഠഭാഗങ്ങളുടെ അവതരണം | 30 | 24 | 22 | 13 | 11 |
| 2 | സ്വന്തം രചനകളുടെ അവതരണം | 27 | 23 | 21 | 12 | 17 |
| 3 | വ്യക്തിഗത അവതരണം | 26 | 21 | 26 | 15 | 12 |
| 4 | സംഘചർച്ച | 38 | 21 | 17 | 16 | 8 |
| 5 | ചോദ്യങ്ങളോടുള്ള പ്രതികരണം | 37 | 21 | 20 | 11 | 11 |
| 6 | പൊതുവായ വിഷയങ്ങളുടെ അവതരണം | 32 | 21 | 19 | 13 | 15 |

- പാഠഭാഗങ്ങളുടെ അവതരണം

പാഠഭാഗങ്ങളുടെ അവതരണത്തിൽ 54% കുട്ടികൾ മികച്ച നിലവാരം പുലർത്തി. 35% കുട്ടികൾ ശരാശരി പ്രകടനം കാഴ്ചവച്ചു. ഇനിയും മെച്ചപ്പെടൽ ആവശ്യമായ കുട്ടികൾ 11% മാത്രമാണ്.

- സ്വന്തം രചനകളുടെ അവതരണം

സ്വന്തം രചനകളുടെ അവതരണത്തിൽ 50% കുട്ടികൾ മികച്ച നിലവാരം പുലർത്തി. 33% കുട്ടികളും ശരാശരി നിലവാരത്തിൽ സ്വന്തം രചനകളുടെ അവതരണം നിർവഹിച്ചു. 17% കുട്ടികൾക്ക് ഈ മേഖലയിൽ മെച്ചപ്പെടൽ ആവശ്യമാണ്.

- വ്യക്തിഗത അവതരണം

വ്യക്തിഗത അവതരണങ്ങൾ വളരെ മികച്ച രീതിയിൽ നടത്താൻ 47% കുട്ടികൾക്കും സാധിച്ചു,, 41% പേരും വ്യക്തിഗത അവതരണത്തിൽ ശരാശരി നിലവാരം പുലർത്തി. മെച്ചപ്പെടൽ ആവശ്യമായ വിഭാഗം 12% മാത്രമാണ്.

- സംഘചർച്ച

സംഘചർച്ചകളിൽ സജീവമായി പങ്കെടുക്കുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തവർ 59% പേരാണ്. ശരാശരി നിലവാരം പ്രകടിപ്പിച്ചവർ 33% പേരാണ്. 8% കുട്ടികൾ മെച്ചപ്പെടൽ ആവശ്യമുള്ളവരാണ്.

- ചോദ്യങ്ങളോടുള്ള പ്രതികരണം

ചോദ്യങ്ങളോട് ഫലപ്രദമായ പ്രതികരണം ഭൂരിഭാഗം കുട്ടികളും രേഖപ്പെടുത്തി (58%). 31% കുട്ടികൾ ശരാശരി നിലവാരം പുലർത്തി. 11% കുട്ടികളും ചോദ്യങ്ങളോട് പ്രതികരിച്ചത് ശരാശരിയിലും താഴ്ന്ന നിലവാരത്തിലാണ്.

- പൊതുവായ വിഷയങ്ങളുടെ അവതരണം

പൊതുവായ വിഷയങ്ങളുടെ അവതരണത്തിന് 53% കുട്ടികൾക്കും സാധിച്ചു. ശരാശരി നിലവാരം പുലർത്തിയത് 32% കുട്ടികളാണ്. 15% കുട്ടികൾ ഈ വിഭാഗത്തിൽ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

- **ലേഖനത്തിന്റെ നിലവാരം**

'എന്റെ മലയാളം' പദ്ധതിയിൽ പങ്കെടുത്ത കുട്ടികളുടെ ലേഖനത്തിന്റെ നിലവാരം അഞ്ച് തലങ്ങളിലായി വിലയിരുത്തപ്പെട്ടു. മാതൃകകൾ അടിസ്ഥാനമാക്കിയുള്ളത്, സ്വതന്ത്രരചന, ക്ലാസിലെ ചർച്ചകൾ അടിസ്ഥാനമാക്കിയുള്ള കുറിപ്പ്, ശേഖരിച്ച വിവരങ്ങളുടെ കുറിപ്പ്, സർഗാത്മക രചനകൾ എന്നീ വിഭാഗങ്ങളാണ് വിലയിരുത്തലിനായി തിരഞ്ഞെടുത്തത്. റിസോഴ്സ് അധ്യാപകരുടെ പ്രതികരണങ്ങൾ വിശകലനം ചെയ്ത് കണ്ടെത്തലുകൾ പട്ടിക 4.9.2 ൽ ചേർത്തിരിക്കുന്നു.

**പട്ടിക. 4.9.2**

**ലേഖനത്തിന്റെ നിലവാരം**

| ക്രമ നമ്പർ | ഘടകങ്ങൾ | വളരെ മികച്ചത് | മികച്ചത് | സാമാന്യം മികച്ചത് | കുറച്ചുമാത്രം മികച്ചത് | മെച്ചപ്പെടൽ ആവശ്യമായത് |
|---|---|---|---|---|---|---|
| 1 | മാതൃകകൾ അടിസ്ഥാനമാക്കിയുള്ളത് | 33 | 19 | 20 | 13 | 15 |
| 2 | സ്വതന്ത്രരചന | 27 | 22 | 20 | 20 | 13 |
| 3 | ക്ലാസിലെ ചർച്ചകൾ അടിസ്ഥാനമാക്കിയുള്ള കുറിപ്പ് | 28 | 21 | 22 | 16 | 13 |
| 4 | ശേഖരിച്ച വിവരങ്ങളുടെ കുറിപ്പ് | 24 | 23 | 22 | 17 | 14 |
| 5 | സർഗാത്മകരചനകൾ | 21 | 20 | 25 | 16 | 18 |

പട്ടിക 4.9.2 വിശകലനം ചെയ്യുമ്പോൾ ലേഖനത്തിന്റെ നിലവാരം സംബന്ധിച്ച് റിസോഴ്സ് അധ്യാപകർ നടത്തിയ നിരീക്ഷണങ്ങൾ ഇപ്രകാരമാണ്:

- മാതൃകകൾ അടിസ്ഥാനമാക്കിയുള്ളത്

മാതൃകകൾ അടിസ്ഥാനമാക്കിയുള്ള ലേഖനപ്രക്രിയയിൽ 52% കുട്ടികൾ മികച്ച നിലവാരം പുലർത്തി. ശരാശരിനിലവാരത്തിൽ പ്രതികരിക്കാൻ 33% കുട്ടികൾക്ക് സാധിച്ചു. മാതൃകകൾ അടിസ്ഥാനമാക്കിയുള്ള ലേഖനപരിശീലനത്തിൽ 15% കുട്ടികൾ മെച്ചപ്പെടൽ ആവശ്യമായിരിക്കുന്നവരാണ്.

- സ്വതന്ത്രരചന

സ്വതന്ത്രരചന നിർവഹിക്കുന്നതിൽ 49% കുട്ടികൾ നിലവാരം പുലർത്തി. സ്വതന്ത്രരചന നിർവഹിക്കുന്നതിൽ 38% കുട്ടികൾ സാമാന്യം മികച്ച നിലവാരം പുലർത്തി. മെച്ചപ്പെടുത്തേണ്ടത് 13% കുട്ടികളുടെ സ്വതന്ത്രരചനയ്ക്കുള്ള നൈപുണിയാണ്.

- ക്ലാസിലെ ചർച്ചകൾ അടിസ്ഥാനമാക്കിയുള്ള കുറിപ്പ്

ക്ലാസിലെ ചർച്ചകൾ അടിസ്ഥാനമാക്കി കുറിപ്പ് തയാറാക്കുന്നതിൽ 49% പേർ മികച്ച നിലവാരം പുലർത്തി. ഈ വിഭാഗത്തിൽ 38% പേർ ശരാശരി നിലവാരത്തിലെത്തി. 13% പേർ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

- ശേഖരിച്ച വിവരങ്ങളുടെ കുറിപ്പ്

ശേഖരിച്ച വിവരങ്ങളുടെ കുറിപ്പ് തയാറാക്കുന്നതിൽ 47% കുട്ടികൾ വളരെ മികച്ച പ്രകടനം കാഴ്ചവച്ചു. 39% കുട്ടികൾ ശരാശരിനിലവാരത്തിലെത്തി. 14% കുട്ടികൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

- സർഗാത്മക രചനകൾ

സർഗാത്മകരചനകൾ നടത്തുന്നതിൽ 41% കുട്ടികൾ ഉന്നതനിലവാരം പുലർത്തി. ശരാശരിപ്രകടനം കാഴ്ചവയ്ക്കാൻ 41% കുട്ടികൾക്ക് സാധിച്ചു. 18% കുട്ടികൾ ഇനിയും മെച്ചപ്പെടേണ്ടതുണ്ട്.

- **വായനയുടെ നിലവാരം**

'എന്റെ മലയാളം' പദ്ധതിയിൽ പങ്കെടുത്ത കുട്ടികളുടെ വായനയുടെ നിലവാരം അഞ്ച് സൂചകങ്ങൾ അടിസ്ഥാനമാക്കി വിലയിരുത്തി. പാഠഭാഗം വായിക്കുന്നതിനുള്ള താൽപ്പര്യം, പാഠബാഹ്യമായ കൃതികൾ വായിക്കുന്നതിനു

ളള താൽപ്പര്യം, പുസ്തകരൂപത്തിലുള്ള രചനകൾ വായിച്ച് ആശയം ഗ്രഹിക്കാനുള്ള പ്രാപ്തി, ആനുകാലികങ്ങളിൽനിന്ന് തിരഞ്ഞെടുത്തു വായിക്കാനുള്ള പ്രാപ്തി, വായിച്ച രചനകൾ വിമർശനാത്മകമായി കാണാനുള്ള ശേഷി എന്നീ ഘടകങ്ങളിലാണ് വായനയുടെ നിലവാരം വിലയിരുത്തപ്പെട്ടത്. വിശദാംശങ്ങൾ പട്ടിക 4.9.3 ൽ ചേർത്തിരിക്കുന്നു.

**പട്ടിക 4.9.3**

**വായനയുടെ നിലവാരം**

| ക്രമ നമ്പർ | ഘടകങ്ങൾ | വളരെ മികച്ചത് | മികച്ചത് | സാമാന്യം മികച്ചത് | കുറച്ചുമാത്രം മികച്ചത് | മെച്ചപ്പെടൽ ആവശ്യമായത് |
|---|---|---|---|---|---|---|
| 1 | പാഠഭാഗം വായിക്കുന്നതിലുള്ള താൽപര്യം | 44 | 21 | 16 | 9 | 10 |
| 2 | പാഠബാഹ്യമായ കൃതികൾ വായിക്കുന്നതിലെ താൽപ്പര്യം | 31 | 21 | 18 | 13 | 17 |
| 3 | പുസ്തകരൂപത്തിലുള്ള രചനകൾ വായിച്ച് ആശയം ഗ്രഹിക്കാനുള്ള പ്രാപ്തി | 28 | 21 | 19 | 15 | 17 |
| 4 | ആനുകാലികങ്ങളിൽനിന്ന് തിരഞ്ഞെടുത്ത് വായിക്കാനുള്ള പ്രാപ്തി | 23 | 21 | 19 | 18 | 19 |
| 5 | വായിച്ച രചനകൾ വിമർശനാത്മക മായി കാണാനുള്ള ശേഷി | 22 | 13 | 19 | 22 | 24 |

പട്ടിക 4.9.3 വിശകലനം ചെയ്യുമ്പോൾ വായനയുടെ നിലവാരം സംബന്ധിച്ച് റിസോഴ്സ് അധ്യാപകർ നടത്തിയ നിരീക്ഷണങ്ങൾ ഇപ്രകാരമാണ്:

- പാഠഭാഗം വായിക്കുന്നതിനുള്ള താൽപ്പര്യം

65% കുട്ടികളിൽ പാഠഭാഗം വായിക്കുന്നതിനുള്ള താൽപ്പര്യം മികച്ച രീതിയിലായതായി കണ്ടെത്തി. 25% കുട്ടികൾ ഈ വിഭാഗത്തിൽ ശരാശരി നിലവാരം മാത്രമാണ് പ്രകടിപ്പിച്ചത്. 10% കുട്ടികൾ ഇനിയും മെച്ചപ്പെടലുകൾ വരേണ്ട വിഭാഗത്തിൽപ്പെടുന്നു.

- പാഠബാഹ്യമായ കൃതികൾ വായിക്കുന്നതിനുള്ള താൽപ്പര്യം

പാഠബാഹ്യമായ കൃതികൾ വായിക്കുന്നതിനുള്ള താൽപ്പര്യം 52% കുട്ടികളിൽ വളരെ മികച്ച രീതിയിൽ വർധിച്ചതായി കണ്ടെത്തി. 31% കുട്ടികളിൽ

സാമാന്യം മികച്ച താൽപ്പര്യം ഈ വിഭാഗത്തിൽ ഉണ്ടായി. 17% കുട്ടികൾ ഈ വിഭാഗത്തിൽ കുറച്ച് മാത്രം താൽപ്പര്യം പ്രകടിപ്പിക്കുന്നതായി കണ്ടെത്തി. ഇവരെ മെച്ചപ്പെടൽ വേണ്ട വിഭാഗത്തിൽ പെടുത്താവുന്നതാണ്.

- പുസ്തകരൂപത്തിലുള്ള രചനകൾ വായിച്ച് ആശയം ഗ്രഹിക്കാനുള്ള പ്രാപ്തി

പുസ്തകരൂപത്തിലുള്ള രചനകൾ വായിച്ച് ആശയം ഗ്രഹിക്കാനുള്ള പ്രാപ്തി 49% കുട്ടികളിലും മികച്ച തോതിൽ വളർന്നതായി കണ്ടെത്തി. 34% കുട്ടികൾ ശരാശരി നിലവാരം പുലർത്തി. 17% കുട്ടികൾക്ക് ഈ വിഭാഗത്തിൽ മെച്ചപ്പെടൽ ഇനിയും ആവശ്യമാണ് എന്നു കണ്ടെത്തി.

- ആനുകാലികങ്ങളിൽനിന്ന് തിരഞ്ഞെടുത്ത് വായിക്കാനുള്ള പ്രാപ്തി

ആനുകാലികങ്ങളിൽനിന്ന് തിരഞ്ഞെടുത്ത് വായിക്കുക എന്ന കഴിവ് 44% കുട്ടികളിലും വളരെ മികച്ച തോതിൽ വളർന്നതായി കണ്ടെത്തി. 37% പേർ ശരാശരി നിലവാരം മാത്രം ഈ വിഭാഗത്തിൽ പുലർത്തിയപ്പോൾ 19% പേർ ഇനിയും മെച്ചപ്പെടാനുണ്ട് എന്ന നിഗമനത്തിലാണ് റിപ്പോർട്ടുകൾ എത്തിച്ചേരുന്നത്.

- വായിച്ച് രചനകൾ വിമർശനാത്മകമായി കാണാനുള്ള ശേഷി

വായിച്ച രചനകളെ വിമർശനാത്മകമായി കാണാനുള്ള ശേഷി 35% കുട്ടികളിലും വളരെ മികച്ച നിലവാരത്തിൽ പ്രകടമാകുന്നതായി കണ്ടെത്തി. 41% പേർ ഈ വിഭാഗത്തിൽ ശരാശരി നിലവാരത്തിലെത്തിച്ചേർന്നു. 24% പേർ മെച്ചപ്പെടൽ ആവശ്യമായവർ എന്ന വിഭാഗത്തിൽപ്പെടുന്നു.

### iii. റിസോഴ്സ് അധ്യാപകരുടെ നിരീക്ഷണങ്ങൾ

'എന്റെ മലയാളം' പദ്ധതിയുടെ ഭാഗമായി നൽകിയ പ്രവർത്തന പാക്കേജിലൂടെ കുട്ടികളുടെ പഠനപുരോഗതി, അധ്യാപകരിൽ പ്രകടമായ മാറ്റം, അധ്യാപകരെ സജ്ജരാക്കുന്നതിന് ആവശ്യമായ മേഖലകൾ, കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുന്നതിൽ ഇനിയും നടത്തേണ്ട ഇടപെടലുകൾ, പദ്ധതി ശക്തിപ്പെടുത്തുന്നതിനുള്ള പൊതുനിർദേശങ്ങൾ എന്നിവ സംബന്ധിച്ച റിസോഴ്സ് അധ്യാപകരുടെ നിരീക്ഷണങ്ങളാണ് താഴെ ചേർത്തിരിക്കുന്നത്.

#### 1. കുട്ടികളുടെ പഠനപുരോഗതി സംബന്ധിച്ച നിരീക്ഷണങ്ങൾ

കുട്ടികളുടെ പഠനപുരോഗതി സംബന്ധിച്ച റിസോഴ്സ് അധ്യാപകരുടെ നിരീക്ഷണങ്ങളിൽ ഏറെ പ്രാധാന്യമർഹിക്കുന്നത് കുട്ടികളിൽ പഠനതാൽപര്യം വർധിച്ചു, കുട്ടികൾ ആത്മവിശ്വാസമുള്ളവരായി, സ്വയംവിലയിരുത്തലിന് പ്രാപ്തരായി. കൂടാതെ കുട്ടികളുടെ പ്രകടനങ്ങൾ മികവുറ്റതായി, വായനയിൽ

താൽപ്പര്യം വർധിച്ചു, വേഗമുണ്ടായി, വാചികമായ അവതരണത്തിന് തയാറായി എന്നിവയാണ്. മറ്റു വിഷയങ്ങളുടെ പഠനത്തിന് താൽപ്പര്യമുണ്ടായി എന്നതും എടുത്തുപറയേണ്ടതാണ്.

## 2. അധ്യാപകരെ സജ്ജരാക്കുന്നതിനുള്ള മേഖല സംബന്ധിച്ച നിരീക്ഷണങ്ങൾ

അധ്യാപകരെ സജ്ജരാക്കുന്നതിനുള്ള പരിശീലനം സംബന്ധിച്ച നിരീക്ഷണങ്ങളിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു. സൂക്ഷ്മതല പ്രക്രിയയിൽ പരിശീലനം നൽകുക, വിവരസാങ്കേതികവിദ്യയുടെ ലഭ്യതയും പരിശീലനവും ഉറപ്പാക്കുക, മറ്റു വിഷയങ്ങൾ പഠിപ്പിക്കുന്ന അധ്യാപകരുടെ പിന്തുണ ലഭ്യമാക്കുക, പി. ടി. എ, എം. പി. ടി. എ, എസ്. എസ്. ജി, എസ്. ആർ. ജി എന്നിവയുടെ സഹകരണം ഉറപ്പാക്കുക. പരിശീലന മൊഡ്യൂളിലെ പ്രവർത്തനങ്ങൾ ഹൈസ്കൂളിലെ പഠിതാക്കളുടെ ആവശ്യവും നിലവാരവും അനുസരിച്ച് പരിഷ്കരിക്കുക.

## 3. കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുന്നതിന് ഇനിയും നടത്തേണ്ട ഇടപെടലുകൾ

കുട്ടികളുടെ പഠനം മെച്ചപ്പെടുത്തുന്നതിന് വിശദമായ നിർദേശങ്ങൾ ലഭിച്ചിട്ടുണ്ട്. തുടർപ്രവർത്തന പാക്കേജ് രൂപീകരിക്കുക, പുതുമയുള്ള വായനസാമഗ്രികൾ ലഭ്യമാക്കുക, മോണിറ്ററിങ് ശക്തമാക്കുക എന്നിവയാണ് എന്നിവയിൽ പ്രധാനപ്പെട്ടവ. ചിത്രവായനസാമഗ്രികൾ ഒരുക്കുക, ഭാഷയിലെ പദച്ചേർച്ച വാക്യപ്രയോഗം, ഉച്ചാരണശുദ്ധി എന്നിവയ്ക്ക് പ്രാധാന്യം നൽകുക, പരിഹാര ബോധനം സാധ്യമാക്കുക എന്നിവയും റിപ്പോർട്ട് ചെയ്യപ്പെട്ടു. കുട്ടികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുക, സ്വതന്ത്രരചനകൾ പ്രസിദ്ധീകരിക്കുന്നതിനുള്ള അവസരം നൽകുക, പതിപ്പുകളുടെ നിർമാണം, പുസ്തകചർച്ചകൾ എന്നിവ പ്രോത്സാഹിപ്പിക്കണം എന്നിവയാണ് മറ്റു നിർദേശങ്ങൾ

## 4. പദ്ധതി ശക്തിപ്പെടുത്തുന്നതിനുള്ള പൊതുനിർദേശങ്ങൾ

പദ്ധതി ശക്തിപ്പെടുത്തുന്നതിനുള്ള ധാരാളം പൊതുനിർദേശങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു. വകുപ്പുതല മോണിറ്ററിങ് ശക്തിപ്പെടുത്തുക, സർഗാത്മകരചനയ്ക്കും സാമൂഹിക ഇടപെടലുകൾക്കും കൂടുതൽ അവസരങ്ങൾ നൽകുക, എല്ലാ അധ്യാപകരുടെയും രക്ഷാകർത്താക്കളുടെയും എസ്.ആർ.ജിയുടെയും പങ്കാളിത്തം ഉറപ്പാക്കുക, തുടർപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക, വിവരസാങ്കേതികവിദ്യയുടെ സാധ്യത ഉൾക്കൊള്ളുക എന്നിവയാണ് പ്രധാന നിർദേശങ്ങൾ.


# പഠനത്തെളിവുകളുടെ വിശകലനം

എന്റെ മലയാളം പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർഥികളിൽ ചിലരുടെ രചനകൾ പദ്ധതിയുടെ ഫലപ്രാപ്തിപഠനത്തിൽ തെളിവുകളായി സ്വീകരിച്ച് വിശകലനം ചെയ്തു. ഈ വിദ്യാർഥികൾക്കു നൽകിയ വർക്ക്ഷീറ്റുകളാണ് പഠനത്തെളിവായി സ്വീകരിച്ചിട്ടുള്ളത്. പ്രീടെസ്റ്റിലും തുടർന്ന് പരിശീലനത്തിനു ശേഷം നൽകിയ പോസ്റ്റ്ടെസ്റ്റിലും പ്രസ്തുത വിദ്യാർഥികളുടെ പഠനപുരോഗതിയിലുണ്ടായ മാറ്റം ഈ വിശകലനത്തിൽ നിന്നു വ്യക്തമാകുന്നു.

കേസ് 1 ബിബിൻ.പി.ടി.




ചിത്രം1





ചിത്രം 2


ബിബിൻ.പി.ടി. എന്ന വിദ്യാർഥി ക്ലാസ്റൂം പ്രവർത്തനത്തിന്റെ ഭാഗമായി തയാറാക്കിയ ഉൽപ്പന്നങ്ങളാണ് ചിത്രം 1, ചിത്രം 2 എന്നിവ.

ചിത്രം 1 വിശകലനം ചെയ്യുമ്പോൾ ഭാഷയിൽ കുട്ടിക്കുള്ള ചില പരിമിതികൾ കാണാൻ കഴിയും. വാക്യങ്ങളിലെ അക്ഷരത്തെറ്റുകൾ, സ്വരചിഹ്നങ്ങൾ ചേർക്കുന്നതിൽ വരുന്ന പിഴവുകൾ, ചിഹ്നങ്ങൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധക്കുറവു കൊണ്ടു വരുത്തുന്ന പിഴവുകൾ എന്നിവ ആദ്യത്തെ രചനയിൽ പ്രകടമാണ്. എന്നാൽ ചിത്രം 2 ലെ രചന പരിശോധിച്ചാൽ വാക്യഘടനയിൽ അദ്ഭുതാവഹമായ പുരോഗതി ദൃശ്യമാണ്. ആശയപ്രകടനത്തിൽ കുട്ടിക്കുണ്ടായ വളർച്ച രണ്ടാമത്തെ രചനയിൽ കാണാം. രചനയിൽ ചിഹ്നങ്ങളുടെ ഉപയോഗത്തിൽ സൂക്ഷ്മത പുലർത്തേണ്ടതിന്റെ ആവശ്യകത കുട്ടിക്ക് ബോധ്യപ്പെട്ടിട്ടുണ്ട് എന്നതിന്റെ തെളിവാണിത്.

പ്രഭ കുരിശുമിക്കൽ




ചിത്രം 1



ചിത്രം 2

**കേസ് 2**

പത്താം ക്ലാസിൽ പഠിക്കുന്ന പ്രഭ കുരിശുമിക്കെൽ എന്ന വിദ്യാർഥി പരിശീല നത്തിന്റെ ആദ്യദിവസം പ്രീടെസ്റ്റ് നടത്തിയപ്പോൾ എഴുതിയതാണ് ചിത്രം ഒന്നിൽ ചേർത്തിരിക്കുന്നത്. ചിത്രം വരച്ച് അതുമായി ബന്ധപ്പെട്ട ഒരു വിവരണം എഴുതാൻ നിർദേശിച്ചപ്പോൾ ഒരു വാക്യംപോലും പൂർണമായി എഴുതാൻ കുട്ടിക്ക് കഴിഞ്ഞില്ല. മാത്രമല്ല. ആകെ എഴുതിയ ഏഴു പദങ്ങളിൽ ഒന്നൊഴികെ എല്ലാം രണ്ടക്ഷരപദങ്ങൾ ആയിരുന്നു. ചിത്രവുമായി ബന്ധപ്പെട്ട ആശയങ്ങൾ അവതരിപ്പിക്കാൻ കുട്ടിക്ക് കഴിയു ന്നില്ല. സ്വരചിഹ്നങ്ങൾ ശരിയായി ചേർക്കാൻ കഴിയാത്തതും ശരിയായ അക്ഷരങ്ങൾ ഉപയോഗിക്കാത്തതും കുട്ടിയുടെ പരിമിതിയാണ്.


രണ്ടാം ദിവസത്തെ പ്രവർത്തനങ്ങൾക്ക് ശേഷം കുട്ടിക്ക് നൽകിയ വർക്ക്ഷീ റ്റാണ് ചിത്രം 2 ൽ കാണുന്നത്. മയിലിന്റെ ഒരു ചിത്രം മാത്രമേ അതിൽ ഉൾപ്പെടുത്തി യിട്ടുള്ളുവെങ്കിലും അതുമായി ബന്ധപ്പെട്ട് 14 വാക്യങ്ങൾ എഴുതാൻ കുട്ടിക്ക് കഴിഞ്ഞി


ട്ടുണ്ട്. വൈവിധ്യമുള്ള വാക്യങ്ങൾ എന്നതിലുപരി സർഗാത്മകതയുടെ സൂചനകൾ കൂടി ഈ രചനയിൽ തെളിയുന്നുണ്ട്. അവസാനത്തെ നാലുവരികൾ കുട്ടിയുടെ ആശയത്തെ ഏറെക്കുറേ പ്രകടിപ്പിക്കുന്നവയുമാണ്. കുട്ടിയിൽ ആദ്യഘട്ടത്തിൽ കണ്ട രചനാപരമായ ചില പരിമിതികൾ ഇവിടെയും ഉണ്ടെങ്കിലും എഴുത്തിന്റെ കാര്യത്തിൽ കാണുന്ന വളർച്ച ഭാഷാപരമായി കുട്ടിയിൽ ഉണ്ടായിരിക്കുന്ന മാറ്റത്തിന് തെളിവാണ്.

**കേസ് 3**

ശരത്. റ്റി

ചിത്രം





കേസ് 3

എട്ടാംതരത്തിൽ പഠിക്കുന്ന ശരത്ത് ടി. എന്ന കുട്ടി പ്രീടെസ്റ്റ് നടന്നപ്പോൾ ഏഴ് പദങ്ങളാണ് വീടും പരിസരവുമായി ബന്ധപ്പെട്ട് എഴുതിയത്. അതിൽ രണ്ടു പദങ്ങൾ മാത്രമാണ് അക്ഷരത്തെറ്റുകൾ ഉണ്ടെങ്കിൽപ്പോലും അർഥബോധം നൽകുന്നതായി കാണുന്നുള്ളൂ. പൂർണവാക്യങ്ങൾ ഒന്നുംതന്നെ എഴുതാൻ കുട്ടിക്ക് കഴിഞ്ഞിട്ടില്ല. ഉള്ളിലുള്ള ആശയങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കുന്നതിൽ ഭാഷാപരമായ ധാരാളം

പരിമിതികൾ കാണുന്നുണ്ട്. 3-ാം ദിവസത്തെ പ്രവർത്തനത്തിന്റെ ഭാഗമായി നൽകിയ വർക്ക്ഷീറ്റിൽ (ചിത്രം 2) അദ്ഭുതകരമായ പുരോഗതിയാണ് ശരത്തിൽ ദൃശ്യമാകുന്നത്. ധാരാളം പൂർണവാക്യങ്ങൾ എഴുതി എന്നതു മാത്രമല്ല, അവയിൽ പലതും ദീർഘവാക്യങ്ങൾ ആണെന്നതും ശ്രദ്ധേയമാണ്. അവസാനത്തെ നാലുവരികൾ കവിതയുടെ താളത്തിലെഴുതാനും കുട്ടി ശ്രമിച്ചതായി കാണുന്നു. അക്ഷരങ്ങളിലും സ്വരചിഹ്നങ്ങളുടെ ഉപയോഗത്തിലും പരിമിതികൾ ദൃശ്യമാണെങ്കിലും രണ്ടുദിവസത്തെ 'എന്റെ മലയാളം' മൊഡ്യൂളിലൂടെ കടന്നുപോയ കുട്ടിക്ക് ഉണ്ടായ മാറ്റമാണ് രചനയിൽ കാണുന്നത്. കൗതുകകരമായ മറ്റൊരു വസ്തുത, വിവരണത്തിന്റെ ഒടുവിൽ 'ശരത്ത് എഴുതിയത്' എന്ന് കുട്ടി തന്നെ രേഖപ്പെടുത്തിയത് സ്വന്തം രചന അവനെ തന്നെ അദ്ഭുതപ്പെടുത്തുന്നുണ്ട് എന്ന നിരീക്ഷണത്തിലേക്കാണ് എത്തിക്കുന്നത്.

# അധ്യായം– 5

# നിഗമനങ്ങളും നിർദേശങ്ങളും

ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികളെ പഠനപുരോഗതിയിലേക്കെത്തിക്കാൻ എസ്.സി.ഇ.ആർ.ടി. നടപ്പിലാക്കിയ എന്റെ മലയാളം പദ്ധതി അധ്യാപകരിലും രക്ഷിതാക്കളിലും കുട്ടികളിലും വലിയ സ്വാധീനം ചെലുത്തി. അടിസ്ഥാന ഭാഷാശേഷികളുടെ അഭാവം ഒന്നുകൊണ്ടു മാത്രം പിന്നിലായിപ്പോയ വലിയൊരു വിഭാഗം കുട്ടികളെ മുൻനിരയിലെത്തിക്കാൻ പദ്ധതിയിലൂടെ കഴിഞ്ഞു. കുട്ടികൾ മികച്ച വായനക്കാരും സർഗാത്മകരചയിതാക്കളുമായി മാറി. അധ്യാപകസമൂഹത്തിലാവട്ടെ, തങ്ങൾ പിന്തുടർന്നുവന്ന ബോധനരീതികളെ വിമർശനാത്മകമായി വിലയിരുത്തുന്നതിനും വേറിട്ട അന്വേഷണങ്ങൾക്ക് തുടക്കമിടുന്നതിനും പദ്ധതി പ്രേരകമായി. രക്ഷിതാക്കളുടെ പഠനപങ്കാളിത്തം എത്രത്തോളം പ്രധാനപ്പെട്ടതാണെന്ന് പൊതുസമൂഹത്തിന് ബോധ്യപ്പെട്ടു.

'എന്റെ മലയാളം' പദ്ധതിയുടെ പ്രസക്തി, വിനിമയം, ഫലപ്രാപ്തി എന്നിവയുമായി ബന്ധപ്പെട്ട പ്രധാന നിഗമനങ്ങൾ താഴെ ചേർക്കുന്നു.

## I. പൊതുവായ നിഗമനങ്ങൾ

- തുടർച്ചയായ ഭാഷാനുഭവങ്ങൾ ഒരുക്കിയാൽ ക്ലാസ്മുറിയിൽ ഭാഷയുടെ അന്തരീക്ഷം സൃഷ്ടിക്കപ്പെടുകയും കുട്ടികൾ അതിൽ മുഴുകുകയും ചെയ്യും എന്ന് പദ്ധതിയിലൂടെ ബോധ്യപ്പെട്ടു.
- എല്ലാ കുട്ടികൾക്കും പഠിക്കാനും മുന്നേറാനും താൽപ്പര്യമുണ്ട്. അതിനനുയോജ്യമായ ഒരു സാഹചര്യം ഒരുക്കിക്കൊടുത്താൽ മാത്രം മതിയാവും.
- ആകർഷകമായ രീതിയിൽ പാഠാവതരണങ്ങൾ നടത്തിയാൽ മറ്റെല്ലാം മറന്ന് കുട്ടികൾ അത് ഉൾക്കൊള്ളുകയും ജ്ഞാനനിർമിതി സ്വാഭാവികമായി നടക്കുകയും ചെയ്യും.
- കുട്ടികളിൽ ആത്മവിശ്വാസം ജനിപ്പിക്കാൻ തത്സമയ തെറ്റുതിരുത്തലും സ്വയം വിലയിരുത്തലും സഹായിക്കുന്നുണ്ട്.

- നൽകുന്ന പ്രവർത്തനങ്ങളിൽ പുനരനുഭവസാധ്യത ഉൾച്ചേർത്താൽ, പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കുട്ടികൾ സന്നദ്ധരാവും.
- എല്ലാവരെയും പരിഗണിക്കുന്നു എന്ന തോന്നൽ ഓരോ കുട്ടിക്കും ആത്മ വിശ്വാസം പകരുന്നു.
- അധ്യാപകരുടെ സമീപനം കുട്ടികളെ ഏറെ സ്വാധീനിക്കുന്നുണ്ട്.
- കുട്ടികൾക്ക് വെല്ലുവിളി ഉണർത്തുന്ന പ്രവർത്തനങ്ങൾ നൽകുകയും അവയുടെ പരിഹരണം ക്ലാസിന്റെ പൊതുപ്രശ്നമായിമാറുകയും ചെയ്യു മ്പോൾ ഓരോ കുട്ടിയും ആ പ്രശ്നം ഏറ്റെടുക്കും.
- മറ്റു വിഷയങ്ങൾക്ക് പിന്നിലായിപ്പോകുന്ന കുട്ടികളിൽ വലിയൊരു വിഭാഗം പേർ ഭാഷയിൽ ആശയങ്ങൾ അവതരിപ്പിക്കുന്നതിലുള്ള പരി മിതി നേരിടുന്നവരാണ്.
- പഠനവുമായി ബന്ധപ്പെട്ട് ക്ലാസിലെന്ത്, വീട്ടിലെന്ത് എന്ന തിരിച്ചറിവ് രക്ഷിതാവിനുണ്ടാകുമ്പോൾ കുട്ടിയുടെ പഠനത്തെ അത് ഗുണകരമായി സ്വാധീനിക്കുന്നുണ്ട്.

**കുട്ടികളെ സംബന്ധിച്ചവ**

- പദ്ധതിയിൽ പങ്കെടുത്ത മുഴുവൻ കുട്ടികളും ഭാഷാപരമായി മുന്നേറി. ശ്രവണം, ഭാഷണം, വായന, എഴുത്ത് തുടങ്ങി എല്ലാ മേഖലകളിലും ഇത് പ്രകടമായി.
- ആശയവ്യക്തതയോടെ വായിക്കാൻ അവർ പ്രാപ്തരായി.
- അവർക്ക് ഉച്ചാരണവ്യക്തതയോടെ വായിക്കാൻ കഴിയുന്നു.
- ഭാഷാപഠനത്തിൽ മാത്രമല്ല, മറ്റു മേഖലകളിലും ആത്മവിശ്വാസത്തോടെ ഇടപഴകാൻ കഴിയുന്നുണ്ട്.
- ലൈബ്രറിപുസ്തകങ്ങൾ, മറ്റു വായനസാമഗ്രികൾ എന്നിവ വായിക്കുന്ന തിനും കുറിപ്പുകൾ തയാറാക്കുന്നതിനും പ്രാപ്തി നേടിയിട്ടുണ്ട്.
- സർഗാത്മകരചനകളിൽ ഏർപ്പെടുകയും പതിപ്പ്, ചുവർപത്രികകൾ എന്നിങ്ങനെയുള്ള മാധ്യമങ്ങളിൽ പ്രകാശിപ്പിക്കുകയും ചെയ്യുന്നു.
- മറ്റു വിഷയങ്ങളിലും മുന്നേറാൻ പദ്ധതിയിൽ പങ്കെടുത്ത കുട്ടികൾക്ക് സാധിക്കുന്നുണ്ട്.

## അധ്യാപകരെ സംബന്ധിക്കുന്നവ

- അധ്യാപനത്തിലെ കാർക്കശ്യം, കുട്ടികളെ തന്നിൽനിന്നും പഠനത്തിൽനിന്നും അകറ്റുമെന്ന് അധ്യാപകർക്ക് ബോധ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ സമീപനത്തിൽ മാറ്റം വരുത്തുകയും ചെയ്തു.
- കുട്ടിയുടെ ഗൃഹാന്തരീക്ഷം പഠനത്തെ കാര്യമായി സ്വാധീനിക്കുന്ന ഒന്നാണെന്നും കുട്ടിയെ അറിയുക എന്നാൽ കുട്ടിയുടെ ഗൃഹാന്തരീക്ഷം കൂടി പരിചയപ്പെടണമെന്നും ബോധ്യപ്പെട്ടു.
- ഓരോ കുട്ടിയും ഓരോ വ്യക്തിയാണെന്നും അതിനനുസരിച്ച് സമീപനത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നും അധ്യാപകർക്ക് ബോധ്യപ്പെടുകയും അതിനനുസരിച്ച് പഠന-ബോധനതന്ത്രങ്ങളിൽ മാറ്റം വരുത്തുകയും ചെയ്തു.
- കുട്ടികളുടെ പഠനത്തിന്റെ ഓരോ ഘട്ടത്തിലും രക്ഷിതാക്കളുടെ സാന്നിധ്യവും സഹകരണവും പരമപ്രധാനമാണെന്ന് തിരിച്ചറിഞ്ഞു.
- കുട്ടികളിൽ ആന്തരികപ്രചോദനമുണ്ടാക്കുന്ന രീതിയിൽ ക്ലാസ്മുറിയിൽ പ്രവർത്തനങ്ങൾ പുനക്രമീകരിക്കപ്പെട്ടു.
- ക്ലാസ്മുറിയിലുടനീളം ഒരു ഭാഷാന്തരീക്ഷം നിലനിർത്താൻ കഴിഞ്ഞാൽ കുട്ടികളിൽ പ്രകടമായ മാറ്റം കാണാൻ കഴിയും.

## രക്ഷിതാക്കളെ സംബന്ധിക്കുന്നവ

- പഠനം അധ്യാപകന്റെ മാത്രം ചുമതലയല്ലെന്നും രക്ഷിതാവിനും നിർണായക പങ്കാളിത്തമുണ്ടെന്നും തിരിച്ചറിഞ്ഞു.
- ക്ലാസ്മുറിപ്രവർത്തനത്തിൽ പങ്കാളികളാകുകവഴി, തന്റെ കുട്ടിയെ വീട്ടിൽവച്ചു സഹായിക്കാൻ രക്ഷിതാവ് പ്രാപ്തനായി.
- വിദ്യാലയം എത്ര മികച്ചതാണെങ്കിലും ഗാർഹികാന്തരീക്ഷം മോശമായാൽ അത് കുട്ടിയുടെ പഠനത്തെ കാര്യമായി സ്വാധീനിക്കുമെന്ന് തിരിച്ചറിഞ്ഞു.
- വിദ്യാലയത്തിലെത്തുന്നതുപോലെ വീട്ടിലും കുട്ടിക്ക് പിന്തുണ ആവശ്യമുണ്ടെന്നും അത് നൽകേണ്ടത് തന്റെ ഉത്തരവാദിത്തമാണെന്നും രക്ഷിതാവിന് തിരിച്ചറിയാൻ അവസരമുണ്ടായി.

## II. നിർദേശങ്ങൾ

'എന്റെ മലയാളം ഭാഷാ പരിപോഷണ പദ്ധതി'യുടെ ട്രൈഔട്ടുകൾ കുട്ടികളുടെയും അധ്യാപകരുടെയും പ്രതികരണങ്ങൾ, വിവിധ പഠനത്തെളിവുകൾ, പ്രീടെസ്റ്റ്, നോട്ട്ബുക്ക്, പോസ്റ്റ്ടെസ്റ്റ് എന്നിവയുടെ വിലയിരുത്തൽ, തത്ഫലമായി എത്തിച്ചേർന്ന നിഗമനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ താഴെ ചേർക്കുന്ന നിർദേശങ്ങൾ മുന്നോട്ടു വയ്ക്കുന്നു.

- എല്ലാ കുട്ടികൾക്കും ആസ്വാദ്യവും ലയിച്ചുചേരാൻ കഴിയുന്നതുമായ ഒരു ഭാഷാന്തരീക്ഷം ക്ലാസുകളിൽ സൃഷ്ടിക്കപ്പെടണം. അതിന് ഓഡിയോ വീഡിയോ, ചിത്രീകരണങ്ങൾ, അഭിനയം തുടങ്ങിയ മാധ്യമങ്ങൾ ഫലപ്രദമായി ഉപയോഗിക്കണം.
- കുട്ടികളുടെ വൈവിധ്യങ്ങൾ പരിഗണിച്ചുകൊണ്ടു വേണം പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ. പഠനവേഗം, നിലവാരം എന്നിവയിൽ അന്തരമുണ്ടാവുമെന്നതിനാൽ, പഠനപ്രവർത്തനങ്ങൾ വഴക്കമുള്ളതും വിവിധതലങ്ങളെ സ്പർശിക്കുന്നതുമായിരിക്കണം.
- പഠനപ്രവർത്തനങ്ങൾ ആകർഷകമാകണം. പഠനപ്രവർത്തനങ്ങളുടെ അവതരണത്തിലും മുന്നോട്ടുപോക്കിലും കുട്ടികളുടെ പങ്കാളിത്തമുറപ്പാക്കണം.
- ക്ലാസിലെ തെറ്റുതിരുത്തൽ പ്രക്രിയ കുട്ടിയുടെ ആത്മവിശ്വാസം വർധിപ്പിക്കുന്ന തരത്തിലാവണം. കുറ്റപ്പെടുത്തൽ, ശാസന എന്നിവ പൂർണമായും ഒഴിവാക്കണം.
- വീഡിയോ, ചിത്രീകരണം, പ്രകൃതിനടത്തം തുടങ്ങി വിവിധ മാധ്യമങ്ങളിലൂടെ ആശയരൂപീകണം നടത്തുക എന്നതാണ് പ്രവർത്തനങ്ങളുടെ രീതി. ഈ ആശയത്തെ വാചികമായി പ്രകടിപ്പിക്കുകയും ആവർത്തിച്ചുറപ്പിക്കുകയും വേണം. പിന്നീട് അവ ലിഖിതരൂപത്തിൽ പ്രകടിപ്പിക്കണം. അതേ വാചകം അധ്യാപിക എഴുതുകയും കുട്ടികൾ ഒത്തുനോക്കുകയും ചെയ്യുന്നു. എഴുതിയതിൽ വ്യത്യാസമുണ്ടെങ്കിൽ ടീച്ചർ എഴുതിയതു നോക്കി തിരുത്തൽ നടത്തണം. ഈ പ്രക്രിയ തുടർച്ചയായി ക്ലാസിൽ നടക്കുന്നു എന്നുറപ്പുവരുത്തണം.
- ക്ലാസിൽ നൽകുന്ന പ്രവർത്തനങ്ങൾ കുട്ടികൾ ഏറ്റെടുക്കുന്നതോടൊപ്പം, അതിൽനിന്ന് മറ്റ് പഠനപ്രവർത്തനങ്ങളിലേക്ക് പോവാൻ കുട്ടിക്ക് കഴിയണം. ആസൂത്രണ ഘട്ടത്തിൽ ഈ ലക്ഷ്യം വച്ചുകൊണ്ടുവേണം പ്രവർത്തനങ്ങൾ രൂപീകരിക്കാൻ.

- തന്നെ പരിഗണിക്കുന്നു എന്ന തോന്നൽ കുട്ടിയിൽ ആത്മവിശ്വാസം ജനിപ്പിക്കും എന്നതിനാൽ, ഓരോ കുട്ടിയെയും വ്യക്തിപരമായി പരിഗ ണിക്കാൻ കഴിയണം.
- ക്ലാസിൽ ഉടനീളം സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും അന്ത രീക്ഷം ഉണ്ടാവണം. അധ്യാപകന്റെ ഇടപെടൽ വളരെ പ്രധാനപ്പെട്ടതാ ണ്. കുട്ടികളിലേക്കിറങ്ങിച്ചെന്ന്, അവരിൽ ഒരാളായി പ്രവർത്തിക്കാൻ അധ്യാപികയ്ക്ക് കഴിയണം. ഭയരഹിതമായ ഒരു സാഹചര്യത്തിൽ മാത്ര മേ സ്വാഭാവികമായ പഠനം നടക്കുകയുള്ളൂ.
- കുട്ടികൾക്ക് വെല്ലുവിളിയുണർത്തുന്ന പ്രവർത്തനങ്ങൾ നൽകുമ്പോഴും അവയുടെ പരിഹരണത്തിന് സഹപഠിതാവ് എന്ന നിലയിൽ അധ്യാപ കർ കൂടെയുണ്ടാവണം.
- കേവലം ഭാഷാധ്യാപകരുടെ കർത്തവ്യമാണ് ഈ പദ്ധതിയുടെ നിർവ ഹണം എന്ന ധാരണയുണ്ടാവരുത്. ഭാഷാപിന്നോക്കാവസ്ഥ മറ്റെല്ലാ വിഷയങ്ങളെയും പിന്നോക്കമാക്കിത്തീർക്കും. അതിനാൽ വിവിധ വിഷയ ങ്ങൾ പഠിപ്പിക്കുന്ന അധ്യാപകരുടെ കൂട്ടായ്മയിൽവേണം മൊഡ്യൂളുകൾ നടപ്പാക്കാനും വിലയിരുത്താനും.
- തത്സമയ വിലയിരുത്തലും തെറ്റുതിരുത്തലും പ്രധാനമാണ്. പ്രവർത്തന ത്തിന്റെ ഓരോ ഘട്ടത്തിലും ഇത് പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തണം.
- കുട്ടികളെ അറിയുക, അവരുടെ ഗാർഹികാന്തരീക്ഷം മനസ്സിലാക്കുക എന്നത് അധ്യാപകർ തങ്ങളുടെ കടമയായി ഏറ്റെടുക്കണം. ഗൃഹസ ന്ദർശനങ്ങളും സൗഹൃദസംഭാഷണങ്ങളും ഇതിനുപയോഗിക്കാം. ഗാർഹികാന്തരീക്ഷത്തിലെ പിഴവുകൾകൂടി പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ക്ലാസിൽ നൽകേണ്ടത്.
- രക്ഷിതാക്കളുമായി ഉറ്റ ബന്ധം സ്ഥാപിക്കണം. ക്ലാസ് പി.ടി.എ., ഗൃഹസ ന്ദർശനം എന്നിവയിലൂടെ ഇത് സാധിക്കാം. കുട്ടിയുടെ പഠനത്തിൽ തങ്ങ ളുടെ പങ്ക് തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ രക്ഷിതാക്കളെ പ്രാപ്തരാക്കുക എന്നത് പ്രധാനമാണ്.
- കുട്ടിയുടെ ഓരോ മികവും ആഘോഷമാക്കുകയും അത് രക്ഷിതാവിന്റെ കൂടി ശ്രദ്ധയിൽ കൊണ്ടുവരുകയും ചെയ്യണം. കൂടുതൽ ഉത്തരവാദിത്ത ത്തോടെ കുട്ടിയെ പരിഗണിക്കാൻ ഇത്തരത്തിലുള്ള സമീപനം സഹായിക്കും.
- എഴുത്ത്, വായന, ശ്രവണം, ഭാഷണം എന്നീ മേഖലകളിൽ ആർജിച്ച കഴിവ് നിലനിർത്തുകയും പരിപോഷിപ്പിക്കുകയും വേണം. അതിന് നിര

വധി സന്ദർഭങ്ങൾ ബോധപൂർവം ഒരുക്കിക്കൊടുക്കാൻ സവിശേഷ ശ്രദ്ധ ചെലുത്തണം. ക്ലാസ്‌ലൈബ്രറി, വിദ്യാലയലൈബ്രറി എന്നിവയ്ക്കു പുറമേ ഗൃഹലൈബ്രറികളുടെ സാധ്യതകൾകൂടി അന്വേഷിക്കേണ്ടതാണ്.

- കേട്ട കഥകൾ പറയുക, വായിച്ച കഥകൾ, കവിതകൾ, ലേഖനങ്ങൾ എന്നിവ പുനരാവിഷ്കരിക്കുക, നാടകീകരിക്കുക, പ്രസംഗം, സെമിനാർ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കുകയും പങ്കാളികളാവുകയും ചെയ്യുക, വായിച്ച കാര്യങ്ങൾ ചിത്രീകരിക്കുക, വിവരണം തയാറാക്കുക, സർഗാത്മകരചനകൾ നടത്തുക, ചിത്രങ്ങൾ വ്യാഖ്യാനിക്കുക, ചിത്രങ്ങളുമായി ബന്ധപ്പെട്ട് വിവരണം തയാറാക്കുക, കണ്ടതും കേട്ടതുമായ കാര്യങ്ങൾ ഡയറിയിൽ എഴുതി സൂക്ഷിക്കുക തുടങ്ങി ശ്രവണ-ഭാഷണസന്ദർഭങ്ങളും എഴുത്ത്, വായന എന്നിവക്കുള്ള അവസരങ്ങളും കുട്ടിക്ക് നൽകണം.
- പഠനപ്രവർത്തനങ്ങളിൽ മാത്രമല്ല, മറ്റ് വിദ്യാലയപ്രവർത്തനങ്ങളിലും നേതൃത്വപരമായ പങ്കുവഹിക്കാൻ കുട്ടികൾക്ക് അവസരമൊരുക്കണം.